# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ
# DIPLOMA IN ELEMENTARY EDUCATION D.El.Ed.

## സെമസ്റ്റർ – 1

## പേപ്പർ – 103
## മലയാളം – ഭാഷയും കുട്ടിയും

## സെമസ്റ്റർ – 2

## പേപ്പർ –203
## മലയാള ഭാഷാധ്യാപനം – സമീപനവും രീതിയും

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2021

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT

©
Department of Education
Government of Kerala

# ആമുഖം

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിവരുന്ന കേരളത്തിലെ എലിമെന്ററി അധ്യാപക പരിശീലന കോഴ്സ് ആയ ഡിപ്ലോമ ഇൻ എജ്യുക്കേഷൻ (ഡി.എഡ്) 2018 - 19 അധ്യയന വർഷം മുതൽ ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്) ആയി മാറിയിരിക്കുകയാണ്. എൻ.സി.ടി.ഇ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉള്ളടക്കത്തിലും വിനിമയത്തിലും കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കോഴ്സിന്റെ പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്.

അധ്യാപക പരിശീലന പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ ഇതു വിനിമയം ചെയ്യുന്നതിനാവശ്യമായ റഫറൻസ് സാമഗ്രികളുടെ അഭാവം പ്രശ്നമായി ഉയർന്നു വരാറുണ്ട്. ഇതു പരിഹരിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയോടൊപ്പം അധ്യാപക വിദ്യാർഥികൾക്കുള്ള പഠന പിന്തുണാസഹായിയും എസ്.സി.ഇ.ആർ.ടി. തയാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സൗഹൃദ സ്വഭാവം പുലർത്തുന്നതും തുടർവായനയിലേക്കും അന്വേഷണത്തിലേക്കും നയിക്കുന്നതുമാണ് ഈ പഠന സഹായി. ഓരോ വിഷയത്തിലേയും പഠനത്തിനു സ്വീകരിക്കാവുന്ന അന്വേഷണ രീതികളും അവശ്യ വിവരങ്ങളും ഇതിലുണ്ട്. ഇതിൽ ഉള്ളടക്ക വിശദാംശങ്ങൾ, തുടർപ്രവർത്തനസൂചനകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനപിന്തുണാസഹായി കാര്യക്ഷമമായി ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ജെ പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

## തയാറാക്കിയത്

1. **ഡോ. വി. പരമേശ്വരൻ**
   സീനിയർ ലക്ചറർ, ഡയറ്റ് കോഴിക്കോട്

2. **ഡോ. കെ. രാമചന്ദ്രൻ**
   സീനിയർ ലക്ചറർ, ഡയറ്റ് പാലക്കാട്

3. **ഡോ. കെ. പ്രമോദ്**
   സീനിയർ ലക്ചറർ, ഡയറ്റ് തൃശൂർ

4. **ശ്രീ. മോഹനൻ കെ.വി**
   പ്രിൻസിപ്പൽ, ഗവ. ടി.ടി.ഐ., പാലക്കാട്

5. **ശ്രീ. അജി. ഡി.പി**
   ലക്ചറർ, ഡയറ്റ് എറണാകുളം

### വിദഗ്ദ്ധർ

1. **ഡോ. എം.എ. സുധീർ**
   എമിരിറ്റസ് പ്രൊഫ. ഗാന്ധിഗ്രാം യൂണിവേഴ്സിറ്റി

1. **ഡോ. ജോളി. എസ്**
   അസിസ്റ്റന്റ് പ്രൊഫ. ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ,
   തിരുവനന്തപുരം

### സബ്ജക്ട് കോ-ഓർഡിനേറ്റർ

**ശ്രീ. അജി. ഡി.പി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

### അക്കാദമിക് കോ-ഓർഡിനേറ്റർ

**ശ്രീമതി.ദീപ.എൻ.കുമാർ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

# ഉള്ളടക്കം

## സെമസ്റ്റർ – 1

**പേപ്പർ – 103 മലയാളം – ഭാഷയും കുട്ടിയും**

യൂണിറ്റ് 1 – വാമൊഴി വഴക്കം

യൂണിറ്റ് 2 – ഭാഷാപഠനത്തിന്റെ ആരംഭം

യൂണിറ്റ് 3 – ഭാഷണവും വായനയും

യൂണിറ്റ് 4 – കുട്ടികളുടെ സാഹിത്യം

## സെമസ്റ്റർ – 2

**പേപ്പർ – 203 മലയാള ഭാഷാധ്യാപനം – സമീപനവും രീതിയും**

യൂണിറ്റ് 1 – ഭാഷാപഠനത്തിന്റെ രീതിശാസ്ത്രം – വ്യത്യസ്ത തലങ്ങൾ

യൂണിറ്റ് 2 – നമ്മുടെ ഭാഷ– കവിതയും കവിതാബോധനവും

യൂണിറ്റ് 3 – നമ്മുടെ ഭാഷ – ഗദ്യവും ഗദ്യബോധനവും

യൂണിറ്റ് 4 – കലയും സാഹിത്യവും

# സെമസ്റ്റർ - 1

## പേപ്പർ – 103

### മലയാളം – ഭാഷയും കുട്ടിയും

യൂണിറ്റ് 1 - വാമൊഴി വഴക്കം

യൂണിറ്റ് 2 - ഭാഷാപഠനത്തിന്റെ ആരംഭം

യൂണിറ്റ് 3 - ഭാഷണവും വായനയും

യൂണിറ്റ് 4 - കുട്ടികളുടെ സാഹിത്യം

# യൂണിറ്റ് - 1

# വാമൊഴി വഴക്കം

**ഉള്ളടക്കം**

- മലയാളഭാഷയുടെ ഈടുവയ്പുകളായിട്ടുള്ള നാടൻപാട്ടുകൾ, പഴഞ്ചൊല്ലുകൾ, ശൈലികൾ, കടങ്കഥകൾ എന്നിവയെക്കുറിച്ച് സാമാന്യ ധാരണ നേടുകയും അവയുടെ സാഹിത്യപരവും സാംസ്കാരികവുമായ പ്രാധാന്യം തിരിച്ചറിയുകയും ചെയ്യുന്നു.
- ചൊൽക്കാഴ്ച, സെമിനാർ, നിഘണ്ടു നിർമ്മാണം, ഭാഷാകേളികൾ, പതിപ്പുനിർമ്മാണം എന്നിവയിലൂടെ വാമൊഴി പാരമ്പര്യത്തിന്റെ ആസ്വാദനവും ക്ലാസ് മുറിയിൽ ഭാഷാപഠനത്തിന്റെ വൈവിധ്യപൂർണമായ സാധ്യതകൾ തിരിച്ചറിയലും സാധ്യമാവുന്നു.

**ചൊൽക്കാഴ്ച**

- കവിത ചൊല്ലുന്നതോടൊപ്പം ദൃശ്യാനുഭവമാക്കി അവതരിപ്പിക്കുന്നതാണ് ചൊൽക്കാഴ്ച.
- ഒന്നു മുതൽ എട്ടാം ക്ലാസ് വരെ പഠിച്ച നാടൻപാട്ടുകളുടെ ചൊൽക്കാഴ്ച അവതരണം.
- ICT അധിഷ്ഠിതമായി നാടൻപാട്ടുകളുടെ ദൃശ്യഭംഗി ആസ്വദിക്കൽ/ചൊൽക്കാഴ്ച ആസ്വദിക്കൽ.

നാടൻ പാട്ടുകൾ താളമിട്ടു പാടുമ്പോൾ വായ്ത്താരികൾ പ്രധാനമാണല്ലോ. വായ്ത്താരികൾ താളമിട്ടു പാടാം.

- **ചൊല്ലിരസിക്കാം**
  - തെയ്യാതിനന്തോതിനന്തിനന്തോ.....
    തെയ്യത്തിനന്തോതിനന്തിനന്തോ...
  - തെയ്യതിനന്തോതിനന്തിനം താരേ...
    തെയ്യോതിനന്തോതിനന്തിനം താരോ.....
  - തിത്തനം തെയ്യന്നം താരോം താരം
    തിത്തന്നം തെയ്യന്നം താരോ...
  - താതിന്തോ തിന്തിന്തോതിന
    തിന്താതിനന്തോ....

    തിനതിന്തോ തിന്തിന്തോതിന
    തിന്താതി നന്തോ.....
  - തെയ്യകം തിന്തമി തെയ്യകം താരേ
    തെയ്യകം തിന്തമി തെയ്യകം താരോ...
  - ആ തിന്തോ തിന്തിന്തോതിന തിന്താതിനന്തോ.....
    ആ തിന്തോ തിന്തിന്തോതിന തിന്താതിനന്തോ....
  - താരികം താരാരോതെയ്യതക
    താരികം താരാരോ...

    താരികം താരാരോ തെയ്യതക
    താരിരം താരാരോ.....

- വ്യത്യസ്തതരം വായ്ത്താരികൾ ശേഖരിച്ചു ചൊല്ലാം

**വായ്ത്താരി – ചർച്ചാസൂചകങ്ങൾ**

- വായ്ത്താരികളുടെ പ്രാധാന്യം
- താളക്രമം
- വ്യത്യസ്തതരം വായ്ത്താരികൾ
- ഗാനാത്മകത
- ക്ലാസ് റൂം പ്രസക്തി

**നാടൻ താളവും വായ്ത്താരികളും**

നാടൻ പാട്ടുകളെല്ലാം സംഘം ചേർന്നും അല്ലാതെയും താളമിട്ടു പാടുന്നവയാണ്. നാടൻ പാട്ടുകൾ കരതലം കൊണ്ടോ, വാദ്യം കൊണ്ടോ താളം പിടിച്ചാണ് സ്വരമാധുര്യത്തോടു കൂടി ആലാപനം നടത്തുന്നത്.

സംഗീത ശാസ്ത്രത്തിൽ 'ജതി'ക്ക് സമാനമായാണ് നാടൻപാട്ടിൽ വായ്ത്താരികൾ ഉപയോഗിക്കുന്നത്. താളക്രമത്തെ വ്യക്തമാക്കുവാൻ വേണ്ടിയാണ് മുഖ്യമായും വായ്ത്താരികൾ പ്രയോഗിക്കുന്നത്. 'താരി' എന്ന പദത്തിന് താളം, വിധം എന്നീ അർഥങ്ങളുണ്ട്. നാടൻ ഗായകർ മാത്രമല്ല, നർത്തകരും വാദ്യക്കാരും പയറ്റു വിദ്യയിൽ ഏർപ്പെടുന്നവരും പലതരം വായ്ത്താരികൾ മൊഴിയുന്നത് കേൾക്കാം. നാടൻ ഗാനങ്ങളിൽ താളക്രമം സൂചിപ്പിക്കുന്നതോടൊപ്പം ഗണക്രമം, മാത്ര തുടങ്ങിയവ വ്യക്തമാക്കുവാനും വായ്ത്താരികളിലൂടെ പലപ്പോഴും സാധിക്കും. കൊട്ടു വായ്ത്താരി, തുള്ളൽ വായ്ത്താരി, പാട്ടു വായ്ത്താരി എന്നിങ്ങനെ പ്രയോഗ സന്ദർഭത്തിനനുസരിച്ച് വായ്ത്താരികളെ തരം തിരിക്കാം. നാടൻ സംഗീതത്തെക്കുറിച്ചുള്ള ചിന്തയിൽ പാട്ടു വായ്ത്താരിക്കാണ് പ്രസക്തി. താളമിട്ടു വായ്ത്താരികൾ ചൊല്ലി അത് ആവർത്തിച്ച് ഏറ്റു ചൊല്ലുമ്പോഴുള്ള സംഗീതാത്മകത ആസ്വദിച്ച് അറിയേണ്ടതുതന്നെയാണ്. ആധുനിക സംഗീതത്തിന്റെ അടിവേരുകൾ തേടുമ്പോൾ നാം ചെന്നെത്തുക നാടൻ സംഗീത (Folk Song)ത്തിലായിരിക്കും.

**നാടൻപാട്ടിന്റെ വഴികൾ**

മനുഷ്യന്റെ ആശയാവിഷ്കാരത്തിന്റെ ആദ്യ രൂപമെന്ന നിലയിലാണ് അർഥരഹിതമായ വായ്ത്താരികളും പഴഞ്ചൊല്ലുകളും നാടൻപാട്ടുകളും കടംകഥകളും രൂപം കൊള്ളുന്നത്. ഒരു തലമുറയിൽ നിന്നും അടുത്ത തലമുറയിലേക്ക് വാമൊഴിയായി പ്രചരിച്ച നാടോടി വാങ്മയ സാഹിത്യം (Oral literature) വാങ്മയ സംസ്കാരത്തിന്റെ (Oral culture)പ്രധാന ഘടകങ്ങളിൽ ഒന്നാണ്.

**നാടൻ പാട്ട് –സെമിനാർ**

പരിഗണിക്കാവുന്ന മേഖലകൾ

- നാടൻപാട്ടുകളുടെ ചരിത്രപ്രാധാന്യം
  - സാമൂഹിക ജീവിതം
  - സംസ്കാരം
  - ചരിത്രം
- നാടൻപാട്ടുകളുടെ സാഹിത്യം
  - വർണന
  - അലങ്കാരം
  - ബിംബകല്പന
- നാടൻപാട്ടുകളിലെ സംഗീതം
  - താളവട്ടം
  - ചൊൽവടിവ്
- നാടൻപാട്ടുകളിലെ ഭാഷ
  - പ്രാദേശികത
  - പ്രയോഗ സവിശേഷത
  - ലാളിത്യം
- ജീവിതാനുഭവങ്ങളുടെ രേഖപ്പെടുത്തൽ/അടയാളപ്പെടുത്തൽ
  - അനുഭവ തീവ്രത
  - നൈസർഗികത
  - വേദന/ആഹ്ലാദം
  - പ്രതിഷേധം

**നാടോടി വിജ്ഞാനീയം/ഫോക്‌ലോർ**

മനുഷ്യന്റെ ആദിമ സംസ്കാരത്തെയും സാഹിത്യത്തെയും കുറിച്ചുള്ള അന്വേഷണ പഠനങ്ങളിൽ ശ്രദ്ധേയമാണ് ഫോക്‌ലോർ പഠനശാഖ. വില്യം ജോൺ തോംസ് 1846-ൽ ഫോക്‌ലോർ എന്നപദം ആദ്യമായി ഉപയോഗിച്ചതോടുകൂടിയാണ് സവിശേഷമായ ജീവിത സംസ്കാരത്തെ മുഴുവൻ ഉൾക്കൊള്ളുന്ന പഠനമേഖലയായി ഫോക്‌ലോർ പഠനം ശക്തി പ്രാപിക്കുന്നത്. ഒരു കൂട്ടായ്മയായി നിലനിൽക്കുന്നതിനുള്ള സവിശേഷ ഘടകങ്ങൾ ഒത്തുചേരുമ്പോഴാണ് അത് 'ഫോക്' (Folk) 'കൂട്ടായ്മ' ആയിത്തീരുന്നത്. ഇത്തരം കൂട്ടായ്മയുടെ ലോറിനെക്കുറിച്ച്/വിജ്ഞാനത്തെക്കുറിച്ച് പഠിക്കുമ്പോൾ നമ്മുടെ പൈതൃക പഠനത്തിന് ശക്തി പകരുകയാണ് ചെയ്യുന്നത്. ഇവിടെയാണ് നാടൻ പാട്ടുകളുടെയും നാടോടി വഴക്കങ്ങളുടെയും പഴഞ്ചൊല്ലുകളുടെയും കടംകഥകളുടെയും പഠനം പ്രസക്തമായിത്തീരുന്നത്.

നാടോടി വിജ്ഞാനീയ പഠനം സാമൂഹിക സംസ്കാരവും (Social Culture)വാങ്മയസംസ്കാരവും (Oral culture) ഭൗതിക സംസ്കാരവും (Material culture) ചേർന്ന് സംസ്കാരത്തെ സമഗ്രമായാണ് കാണുന്നത്. ഇതിൽ വാങ്മയ സംസ്കാരത്തിന്റെ ഭാഗമായാണ് '**വാമൊഴി വഴക്കം**' എന്ന യൂണിറ്റ് പരിചയപ്പെടുന്നത്.

**നാടൻപാട്ടുകൾ**

പ്രാക്തന മനുഷ്യർ വിശ്രമവേളകളിലും തൊഴിലിടങ്ങളിലും അവരുടെ ദുഃഖങ്ങളും വേദനകളും പങ്കുവയ്ക്കുന്നതിന്റെ ഉപാധിയായിട്ടാണ്, താളാത്മകമായ വായ്ത്താരികളും ഏറ്റുപാടുന്ന തരത്തിലുള്ള ലഘുഗാനങ്ങളും പാട്ടുകളായും ചൊൽകാഴ്ചകളായും നൃത്തഗാനങ്ങളായും പാടിയുണ്ടാക്കുന്നത്. ഇത് അവന്റെ/അവളുടെ ജീവിത കാഴ്ചകളും അനുഭവങ്ങളും കൂടിയാണ്. ജീവിതാനുഭവങ്ങളും കാഴ്ചകളും മാറുമ്പോൾ പുതിയ കൂട്ടിച്ചേർക്കലുകളും പാട്ടുകളിൽ കാണാൻ കഴിയും. നാടൻപാട്ടുകളുടെ ഗാനാത്മകതയും താളാത്മകതയും ഗ്രാമീണ ശൈലികളും പ്രയോഗങ്ങളും അലങ്കാര കല്പനകളും അന്നത്തെ മനുഷ്യരുടെ ജീവിതാനുഭവങ്ങളുടെ കാവ്യാത്മകമായ ആവിഷ്കാരമായി മാറുമ്പോൾ അവയോരോന്നും സാംസ്കാരിക ജീവിതത്തിന്റെ കൂടി അടയാളമായി മാറുന്നുണ്ട്. അതുകൊണ്ടുതന്നെ നാടൻപാട്ടുകൾ അടിസ്ഥാനവർഗത്തിന്റെ അലിഖിത സാഹിത്യം കൂടിയാവുന്നു.

**ശേഖരണം**

- നാടൻ പാട്ടിന്റെ ശേഖരണവും അവയുടെ പുനരുപയോഗവും വളരെ പ്രധാനപ്പെട്ടതാണ്. പഴമയുടെ ശക്തിയും ഭാഷാ സൗന്ദര്യവും സംഗീതാത്മകതയും ജീവിതാനുഭവവും തിരിച്ചറിയുന്നതോടൊപ്പം ഇത് ചരിത്രപരവും സാംസ്ക്കാരികവുമായ അന്വേ ഷണം കൂടിയാണ്.
- വിവിധ മേഖലകളിൽ പ്രധാനപ്പെട്ട നാടൻ പാട്ടുകൾ (വംശീയ/സാമുദായിക പാട്ടുകൾ,വിനോദപ്പാട്ടുകൾ, പണിപ്പാട്ടുകൾ) ശേഖരിച്ച് നാടൻ പാട്ട്-അവതരണം നടത്താം.
- നാടൻ പാട്ട് ഓഡിയോ കേൾക്കാം.

പ്രാക്തന മനുഷ്യരുടെ ആഗ്രഹപൂർത്തീകരണത്തിനായി നാടൻകലയും നാടൻപാട്ടും പ്രയോജനപ്പെടുത്തുമ്പോൾ അതിലൂടെ ലഭിക്കുന്ന ആഹ്ലാദാനുഭൂതി പരമപ്രധാനമാണ്. ഇത് ജനനം മുതൽ മരണം വരെയുള്ള എല്ലാ ചടങ്ങുകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും നമുക്ക് കാണാൻ കഴിയും. നാടൻപാട്ടുകളിലെ സാമൂഹിക പരാമർശവും നാട്ടറിവുകളും ഭാഷാസവിശേഷതകളും സാഹിത്യമൂല്യവും പുരാവൃത്ത സാന്നിധ്യവും വളരെ ആഴത്തിലും സവിശേഷ പ്രാധാന്യത്തോടുകൂടിയും വേർതിരിച്ചറിയേണ്ടതുണ്ട്. അപ്പോൾ മാത്രമേ നാടൻപാട്ടുകളുടെ യഥാർഥ പ്രാധാന്യവും പ്രസക്തിയും നമുക്ക് തിരിച്ചറിയാൻ കഴിയുകയുള്ളൂ.

**വർഗീകരണം**

നാടൻപാട്ടുകളുടെ വർഗീകരണം ഏറെ പ്രയാസകരമാണെങ്കിലും വംശീയ പാരമ്പര്യം, അവതരണ പശ്ചാത്തലം, ഇതിവൃത്ത സ്വഭാവം, ദേശഭേദം, പാട്ടുകളുടെ ധർമ്മം, രസാനുഭൂതി തുടങ്ങിയവയുടെ

അടിസ്ഥാനത്തിൽ വർഗീകരിച്ചു കാണുന്നുണ്ട്. ഉള്ളൂർ എസ്. പരമേശ്വരയ്യർ കേരള സാഹിത്യ ചരിത്രത്തിൽ, ഗാനപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഓലയുടെയും നാരായത്തിന്റെയും ഒത്താശ കൂടാതെ പരക്കുന്ന നാടോടിപ്പാട്ടുകളെ ദേവതാപൂജ, വീരപുരുഷാരാധന, വിനോദം, ശാസ്ത്രം, കുലവൃത്തി, സദാചാരം എന്നീ വിഷയങ്ങളിലായി ആറു തരത്തിലാണ് വിഭജിച്ചുകാണുന്നത്. ഇതു കൂടാതെ വടക്കൻ പാട്ടുകളായും തെക്കൻ പാട്ടുകളായും മറ്റൊരു തരം വിഭജനം കാണുന്നുണ്ട്. ഇത്തരം വിഭജനങ്ങൾക്ക് ഏറെ പരിമിതികൾ ഉള്ളതിനാൽ ഡോ.എം.വി.വിഷ്ണു നമ്പൂതിരി, വംശീയ (സാമുദായിക) പാട്ടുകൾ, അനുഷ്ഠാനങ്ങൾ, വിനോദപ്പാട്ടുകൾ, പണിപ്പാട്ടുകൾ എന്നിങ്ങനെ നാലു വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### ♦ വംശീയ/സാമുദായിക പാട്ടുകൾ

നമ്മുടെ നാടൻപാട്ടുകളിൽ ഭൂരിഭാഗവും ജാതി, വർഗ, സാമുദായിക, വംശീയ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നവയാണ്. ഈ പാട്ടുകൾ കൈകാര്യം ചെയ്യുന്ന സമുദായത്തിന്റെ സാസ്കാരികവും ഭാഷാപരവുമായ പ്രത്യേകതകൾ ഇവരുടെ പാട്ടുകളിൽ നമുക്ക് ദർശിക്കാൻ കഴിയും. പുള്ളുവൻ പാട്ട്, വേലർ പാട്ട്, മലയർ പാട്ട്, ബ്രാഹ്മണിപ്പാട്ട്, പുലയർ പാട്ട്, മാപ്പിളപ്പാട്ട് തുടങ്ങിയ പാട്ടുകളുടെ പേരുകൾ തന്നെ വംശപാരമ്പര്യത്തിന്റെ സൂചനയാണ് നൽകുന്നത്.

**മാപ്പിളപ്പാട്ട് (മാതൃക)**

- **ഇശൽ**

*പൂമകളാണെ ഹുസ്നുൽ ജമാൽ*
*പുന്നാരത്താരം മികന്ത ബീവി*
*ഹേമങ്ങൾ മെത്തേ പണിചിത്തിരം*
*ആഭരണക്കോവ അണിന്തെ ബീവി*
*നാമങ്ങൾ എണ്ണിപ്പറഞ്ഞാൽ തീരാ*
*നവരത്ന ചിങ്കാരം പൂണ്ടെ ബീവി*
*കാമാനക്കാഴ്ചക്കതുർപ്പമെന്താം*
*കത്തും തഖ്ത്തിൽ മരുണ്ടു ബീവി*
*മരതകത്തുകിലും ഞൊറിഞ്ഞുടുത്ത്*
*മാണിക്കക്കൈരണ്ടേറിഞ്ഞു വീശി*
*പരുക്കിത്തലാടിയും കുനിഞ്ഞ്*
*പെരുമാൻ കഴുത്തും ചെരിത്തുംകൊണ്ട്*
*കരിപോൾ ഇടത്തും വലത്തിട്ടൂന്നി*
*കൺപിരിവെട്ടി ചുഴുറ്റിടലിൽ*
*വരിനൂൽമദനം തരിഞ്ഞ് നോക്കും*
*പവിഴപ്പൊൻചുണ്ടാലെ പൊൻചിരിത്തും*
*പൊൻചിരിത്തന്നടച്ചായലിൽ*
*പൂമാനതേവി വരവുതന്നിൽ*
*തഞ്ചങ്ങൾ ജിന്നുംമനുവർകണ്ടാൽ*
*തൻബോധം വിട്ടു മദപ്പെടുമേ*

**– ബദറുൽമുനീർഹുസ്നുൽ ജമാൽ–**

### ♦ അനുഷ്ഠാനപാട്ടുകൾ

ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ഭാഗമായി അനുഷ്ഠിക്കുന്ന ജാതി/മതപരമായ കർമ്മങ്ങൾ, ആരാധനകൾ, മന്ത്രവാദക്രിയകൾ, ഉച്ചാടന കർമ്മങ്ങൾ, ദേവതോപാസന, അനുഷ്ഠാനപരമായ ഉത്സവാഘോഷങ്ങൾ തുടങ്ങിയവയ്ക്കു വേണ്ടി പാടുന്ന പാട്ടുകളാണ് അനുഷ്ഠാനപ്പാട്ടുകൾ, തോറ്റം പാട്ടുകൾ, സർപ്പപ്പാട്ടുകൾ, മുടിയേറ്റു പാട്ടുകൾ, പടയണിപ്പാട്ടുകൾ, കുത്തിയോട്ടപ്പാട്ടുകൾ, കണ്ണേർപാട്ട് തുടങ്ങിയവ അനുഷ്ഠാനപ്പാട്ടുകളിൽ പെടുന്നവയാണ്.

**തോറ്റംപാട്ട്**

- **മുത്തപ്പൻ തോറ്റം**

*ഒന്നേടം മുണ്ടുന്ന പാടിക്കുററി*
*മുണ്ടി നിവർന്നവിടെ നിൽക്കുന്നേരം*
*കുഞ്ഞൻ കുരലോശ കേൾപ്പാനുണ്ട്*
*നാലുപുറവും തിരിഞ്ഞുനോക്കി*
*എങ്ങാനെരേടത്തും കാണ്മാനില്ല*
*പിന്നേയും മുണ്ടുന്നു പാടിക്കുറ്റി*
*അല്ലലൊഴിഞ്ഞങ്ങു മുങ്ങുന്നേരം*
*തിരുനെറ്റിക്കല്ലിന്റെ താഴ്വരയിൽ*
*പൊൻമയിൽ പോലവിടെ നീണ്ട് കണ്ടു*
*കൈകൊട്ടിയോമനയിലെടുത്തുകൊണ്ട്*
*കൈകൊട്ടിയോമനയിലെടുത്തുകൊണ്ട്*
*അയ്യോങ്കരമോലോത്തും കൊണ്ടു ചെന്നു*
*അപ്പോൾപറയുന്നു അയ്യങ്കര*
*ഇത്രനല്ലൊരു പൊന്മകന*
*എവിടുന്നുകിട്ടി പാടിക്കുറ്റി*
*തിരുവർകടവിൽ കുളിക്കുന്നേരം*
*വീണിറ്റു കിട്ടീനി പൊൻമകന*
*കണ്ടെടുത്തുള്ളോരു പൊൻമകന്ന്*
*എന്തോരു പാൽകൊടുത്തുമെയ് വളർത്താം.*

## ♦ വിനോദപ്പാട്ടുകൾ

വിനോദങ്ങൾക്കും കളികൾക്കും വേണ്ടി പാടുന്ന പാട്ടുകളാണ് വിനോദപ്പാട്ടുകൾ. നിരർഥകങ്ങളെന്നോ അസംബന്ധങ്ങളെന്നോ തോന്നുന്ന പാട്ടുകളുടെയും അടിസ്ഥാന ധർമ്മം വിനോദിപ്പിക്കലായതു കൊണ്ടാണ് അത്തരം പാട്ടുകളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കോൽക്കളി, ചവിട്ടുകളി, കൈകൊട്ടിക്കളി, ദഫ്കളി, ചരടുപിന്നിക്കളി, പരിചകളി തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

**കോൽക്കളിപ്പാട്ടുകൾ**

- ***വന്ദനക്കളി***

*ഉലകുതന്നിലുള്ള കീർത്തി*
*വളർത്തതെന്റെ തമ്പുരാൻ*
*ഉണ്ണിയായി മണ്ണളന്നു*
*കൊണ്ടതെന്റെ തമ്പുരാൻ*
*ആലിൻ മുകളേറി കൂടി-*
*ക്കൊണ്ടതെന്റെ തമ്പുരാൻ*
*ആടകൾകവർന്നുകൊണ്ട്*
*പൊയതെന്റെ തമ്പുരാൻ*

*മത്തവാരണത്തിൻ കൊമ്പ*
*ടർത്തതെന്റെ തമ്പുരാൻ*
*മത്ത ഭാരമെത്ത മേൽ കിട-*
*ന്നതെന്റെ തമ്പുരാൻ*
*മത്തനായ കംസനെ വധി-*
*ച്ചതെന്റെ തമ്പുരാൻ*
*അന്തത്താളതിമിർതെയ്യാ*
*ഇന്തത്താള തിമിർതെയ്യാ*
*തക്കണതക്കം തരകി തില്ലതെത്ത*

## ♦ പണിപ്പാട്ടുകൾ/കൃഷിപ്പാട്ടുകൾ

തൊഴിലുമായി ബന്ധപ്പെട്ടവയാണ് പണിപ്പാട്ടുകൾ. തൊഴിലിന്റെ ആയാസം കുറയ്ക്കുന്നതിനുവേണ്ടി ആനന്ദവും ആശ്വാസവും നൽകുകയാണ് ഇത്തരം പാട്ടുകളുടെ ധർമ്മം. കൊയ്ത്തുപാട്ട്, തേക്കുപാട്ട്, വള്ളപ്പാട്ട്, ചക്രപ്പാട്ട്, നുണപ്പാട്ട് തുടങ്ങിയവ ഈ വിഭാഗത്തിൽപെടുന്നു.

**ചക്രപ്പാട്ട്**

*താതയ് തയ് തയ് തിത്തോം*
*ചക്രമൊന്നു ചവിട്ടെന്റെയ്യോ*
*(താ.........തയ്)*
*കേളുപുഞ്ചനനച്ചെന്റയ്യോ*
*(താ.........തയ്)*
*തെയ്യിത്തിനുന്തോതിനും തിനും താരോ*
*തെയ്യോതിനുന്തോ തിനും തിനും താരോ*

*കാകം പറന്നാലും എത്താത്തകാടേ*
*കുരിയലുകുത്തിച്ചാലും എത്താത്ത കാടേ*
*ചേര പൊളഞ്ഞാലും എത്താത്ത കാടേ*
*എളുവർക്കും കൂറൊള്ളോരെളുവണ്ണൂർ കാടേ*
*എളുവന്തുരുത്തിന് പോകാനക്കൊണ്ടേ*
*ആളും അടിയാരും വെള്ളത്തിക്കേറിയേ*

### അധിക വായനയ്ക്ക്

- നമ്മുടെ നാടൻ പാട്ടുകൾ -(NBS)
- മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ - എരുമേലി പരമേശ്വരൻ പിള്ള
- കേരളത്തിലെ നാടൻ സംഗീതം - ഡോ.എം.വി.വിഷ്ണു നമ്പൂതിരി
- നാടോടി വിജ്ഞാനീയം - ഡോ.എം.വി.വിഷ്ണു നമ്പൂതിരി

## ♦ പഴഞ്ചൊൽ സാഹിത്യം

നമ്മുടെ ദൈനംദിന ജീവിതത്തിൽ വളരെ കൃത്യമായും കുറിക്കുകൊള്ളുന്ന തരത്തിലും ചിലർ പഴഞ്ചൊൽ പ്രയോഗത്തിലൂടെ ആശയ പ്രകാശനം നടത്തുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. ചില പഴഞ്ചൊല്ലുകളെ നമുക്ക് വ്യാഖ്യാനിച്ചു നോക്കാം. നിങ്ങൾക്കറിയാവുന്ന പഴഞ്ചൊല്ലുകളും അവതരിപ്പിക്കൂ.

- അക്കരെ നിൽക്കുമ്പോൾ ഇക്കരെ പച്ച
- അഞ്ജനമെന്നത് ഞാനറിയും മഞ്ഞളുപോലെ വെളുത്തിരിക്കും.

- അപ്പം തിന്നാൽ പോരേ കുഴി എണ്ണണോ?
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.
- കട്ടവനെ കാണാഞ്ഞാൽ കണ്ടവനെ കഴുവേറ്റുക.
- കാക്ക കുളിച്ചാൽ കൊക്കാകുമോ?
- കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ.
- ചത്ത കുഞ്ഞിന്റെ ജാതകം നോക്കുക.
- പശു ചത്തു മോരിന്റെ പുളിയും പോയി.
- മെത്തയിൽ കിടന്നാൽ വിദ്യയുണ്ടാവില്ല.
- പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാകില്ല.

### ♦ പഴഞ്ചൊല്ലും ജീവിത വ്യാഖ്യാനവും

ഒരു ജനതയുടെ സാസ്കാരികവും സാമൂഹികവും സാഹിത്യപരവുമായ ജീവിതത്തിന്റെ സർഗാത്മകമായ ആവിഷ്കാരമായിട്ടാണ് പഴഞ്ചൊല്ലുകൾ രൂപംകൊള്ളുന്നത്. വാചികമായി പകർന്നു വരുന്നവയെല്ലാം വാമൊഴിവഴക്കങ്ങളാണെങ്കിലും അവയെല്ലാം സാഹിത്യരൂപങ്ങളാകണമെന്നില്ല. ഭാഷ സൗന്ദര്യാത്മകവും കലാത്മകവുമായി പ്രകടിപ്പിക്കുമ്പോഴാണല്ലോ, അത് സാഹിത്യരൂപമാകുന്നത്. അതുകൊണ്ടാണ് പഴഞ്ചൊല്ലുകളും സാഹിത്യരൂപങ്ങളായി തീരുന്നത്. ''ഒരു ജനസമൂഹം പണ്ടേക്കുപണ്ടേ പറഞ്ഞു വരുന്ന പഴക്കം വന്നിട്ടുള്ള ചൊല്ലുക''ളെന്നാണ് ഉള്ളൂർ അഭിപ്രായപ്പെടുന്നത്.

സാധാരണ ജനതയുടെ അനുഭവജ്ഞാനവും ജീവിത പരിചയവും കാഴ്ചപ്പാടുകളും ആറ്റിക്കുറുക്കി സൗന്ദര്യാത്മകങ്ങളായിട്ടാണ് അവ രൂപം കൊള്ളുന്നത്. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് വാമൊഴിയായി പ്രചരിക്കുമ്പോഴും അർഥഗ്രഹണത്തിന് തടസ്സം നേരിടുന്നില്ലെന്ന് മാത്രമല്ല, പുതിയ കാലത്തിനനുസരിച്ച് പുതിയ വ്യാഖ്യാന സാധ്യതകളും അവ തുറന്നു തരുന്നുണ്ട്. കാലത്തെയും ജീവിതത്തെയും വ്യാഖ്യാനിക്കാനുള്ള അനന്ത സാധ്യതകളാണ് പഴഞ്ചൊല്ലുകൾ മുന്നോട്ടുവയ്ക്കുന്നത്. ''സംഭാഷണത്തിൽ തന്നെ കാര്യഗർഭങ്ങളും ഹൃദയസ്പൃക്കും സർവോപരി ഉച്ചാരണത്തിന് അത്യധികമായ സൗകുമാര്യത്താൽ സമുല്ലസിതങ്ങളുമായ അനതി ദീർഘവാക്യങ്ങളാണവ'' എന്നാണ് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള പഴംഞ്ചൊല്ലിന് അർഥം കൽപ്പിച്ചിരിക്കുന്നത്.

### ♦ പഴഞ്ചൊല്ലുകളുടെ സവിശേഷതകൾ

- അനുഭവജ്ഞാനം
- പ്രാദേശികത
- പാഠഭേദം
- ജീവിത സന്ദർഭം
- അതിശയോക്തി
- നർമ്മം
- വ്യംഗ്യാർഥ ചമൽക്കാരം
- കാവ്യസൗന്ദര്യം
- ഭാഷാ സവിശേഷത
- താളാത്മകത
- ലാളിത്യം

*നിരീക്ഷണത്തിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ സാമാന്യജനങ്ങൾ ജന്മം നൽകിയ ചിന്തയുടെ രൂപമാണ് പഴഞ്ചൊല്ല്.*

*'കരിമ്പിന് കമ്പ് ദോഷം' എന്ന വസ്തുത അനുഭവത്തിലൂടെയാണ് മനുഷ്യർ ഗ്രഹിച്ചത്. തീയില്ലാതെ പുകയില്ല എന്നത് മറ്റൊരു അനുഭവജ്ഞാനമാണ് നൽകുന്നത്.*

*"അടുക്കക്കിടന്നാലേ രാപ്പനിയറിയൂ" എന്ന ചൊല്ലും അത്തരത്തിലുള്ളതാണ്.*

***-ഡോ:എം.വി.വിഷ്ണുനമ്പൂതിരി***

### ♦ പഴഞ്ചൊല്ലിന്റെ അർഥ വ്യാപ്തി

പഴഞ്ചൊല്ലുകൾ വാമൊഴിയായി പ്രയോഗിക്കുമ്പോൾ അത്, ഓരോ കാലത്തെ സാമൂഹ്യജീവിത കാഴ്ചകളെയും ദർശനങ്ങളെയും അടയാളപ്പെടുത്തുന്നുണ്ട്. എല്ലാ പഴഞ്ചൊല്ലുകളും സന്ദർഭത്തിനനുസരിച്ച് പ്രത്യേകമായ അർഥവും ('സന്നിഹിത സന്ദർഭം') സ്വതന്ത്രമായി നിൽക്കുമ്പോൾ സാമാന്യവൽക്കരണം വഴി പൊതുവായ അർഥവും ('വിശാലമായ സന്ദർഭം') നൽകുന്ന തരത്തിൽ രണ്ടുതരം അർഥം ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ഉദാഹരണമായി, 'ഏട്ടിലെ പശു പുല്ലു തിന്നുകയില്ല' എന്ന ചൊല്ലിന്റെ വിശാല സന്ദർഭം നൽകുന്ന അർഥം പുസ്തകത്തിലെ പശു പുല്ലു തിന്നുകയില്ല എന്നും അതിനെക്കൊണ്ട് ഒരു പ്രയോജനവും ഇല്ല എന്നതുമാണല്ലോ. ഇത് ഒരു സന്ദർഭത്തിൽ പ്രയോഗിച്ചു നോക്കാം. ഒരു ഓഫീസിൽ ജോലി ചെയ്യുന്ന ഒരാൾ ഫയലുകൾ നോക്കാതെ ഇരിക്കുന്ന സമയത്താണ് ഇത് പറയുന്നതെങ്കിൽ, അയാൾ ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്യാത്തതിനെയാണ് സൂചിപ്പിക്കുന്നതെന്നു കാണാം.

മറ്റൊരു സന്ദർഭത്തിൽ: "നമ്മുടെ സ്ത്രീ സുരക്ഷയ്ക്കുവേണ്ടി ധാരാളം നിയമങ്ങളുണ്ട്. പക്ഷേ അവയൊന്നും സ്ത്രീയുടെ രക്ഷയ്ക്ക് എത്തുന്നില്ല. ഏട്ടിലെ പശു പുല്ലു തിന്നുകയില്ലല്ലോ".എന്നു പറയുമ്പോൾ നിസ്സഹായാവസ്ഥയാണ് പ്രകടമാകുന്നത്. ഇങ്ങനെ നോക്കുമ്പോൾ ഒരു വ്യക്തി പ്രയോഗിക്കുന്ന സന്ദർഭമാണ് അർഥത്തെ നിർണയിക്കുന്നതെന്നു പറയാൻ കഴിയും. സന്നിഹിത സന്ദർഭങ്ങൾ വ്യത്യസ്തമായിരിക്കുമ്പോൾ തന്നെ സമാനതയും കാണാം. ഈ സന്നിഹിത സന്ദർഭങ്ങളെ സാമാന്യവൽക്കരിക്കുക വഴിയാണ് വിശാല സന്ദർഭത്തിലേക്കെത്തുന്നത്.

ചൊല്ലുകളും ശൈലികളും സാഹിത്യത്തിലും നിത്യജീവിതത്തിലും ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഇവ തിരിച്ചറിയാനും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഇവ പ്രയോജനപ്പെടുത്താനും കഴിയണം. പഴഞ്ചൊല്ലുകളെ ഇത്തരത്തിൽ ആഴത്തിലും പരപ്പിലും ഗ്രഹിക്കുന്നതിന് "താളബോധം, കാവ്യബോധം, ജീവിതബോധം, നൈതികബോധം, പദബോധം, പാരമ്പര്യബോധം തുടങ്ങി ഭാഷാപരവും സാംസ്കാരികവുമായ ആഴത്തിലുള്ള അറിവ് കുട്ടിക്കാലം മുതലേ"ഉണ്ടാക്കിയെടുക്കണം. ഇതിനായി പഴഞ്ചൊൽ ശേഖരണം, പഴഞ്ചൊൽ വ്യാഖ്യാനം, പഴഞ്ചൊൽ കേളി തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം നടത്തി അവയുടെ സാംസ്കാരികമൂല്യം നിലനിർത്തുകയും ചെയ്യാം.

**പ്രവർത്തനങ്ങൾ**

- ★ പഴഞ്ചൊൽ ശേഖരണം, വ്യാഖ്യാനം, പഴഞ്ചൊൽ കേളി
- ★ പഴഞ്ചൊൽ ഉദ്ഭവം, വളർച്ച, വർഗീകരണം-വായനാക്കുറിപ്പ്

**അധിക വായനയ്ക്ക്**

- പഴഞ്ചൊൽ പ്രപഞ്ചം - പി.സി.കർത്ത, ഡി.സി.ബുക്സ്
- കേരള ഫോക്‌ലർ - എഡി: രാഘവൻ പയ്യനാട്, സമയം പബ്ലിക്കേഷൻ
- ഫോക്‌ലോറിന്റെ സൗന്ദര്യ ശാസ്ത്രം - ഡോ. സോമൻകടലൂർ, ചിന്തപബ്ലിക്കേഷൻ
- വിദ്യാഭ്യാസവും ഫോക്‌ലോറും - ഡോ. സോമൻകടലൂർ, ഇൻസൈറ്റ് പബ്ലിക്കേഷൻ
- ഫോക്‌ലോർ - രാഘവൻ പയ്യനാട്, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്
- ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും- ഡോ: എ.എം.ശ്രീധരൻ, മലയാള പഠനഗവേഷണ കേന്ദ്രം.
- പതിനായിരം പഴഞ്ചൊല്ലുകൾ - വേലായുധൻ പണിക്കശ്ശേരി, ഡി.സി.ബുക്സ്

**ശൈലികൾ വ്യാഖ്യാനിക്കാം**

- ഹരിശ്രീ കുറിക്കുക
- സ്വാഹയാക്കുക
- സ്ഥലജല ഭ്രമം
- വെള്ളരിക്കാപ്പട്ടണം
- വിഹഗവീക്ഷണം
- വായ്ക്കരിയിടുക
- മൂക്കുകയറിടുക
- മുടിയനായ പുത്രൻ
- മറുകണ്ടം ചാടുക
- പൂച്ച് പുറത്താവുക
- പമ്പകടക്കുക
- നെല്ലിപ്പടി കാണുക

**പഴഞ്ചൊല്ലും ശൈലിയും**

*ശൈലിയും (Idiom) പഴഞ്ചൊല്ലും (Proverb) തമ്മിൽ വലിയ സാമ്യമുണ്ടെങ്കിലും വ്യത്യാസങ്ങളും കുറവല്ല. ശൈലികൾ പണ്ടെന്നപോലെ ഇന്നും ഉത്ഭവിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ പഴഞ്ചൊല്ലുകളിൽ പുതിയതില്ല. പഴഞ്ചൊല്ലിന്റെ ഉത്ഭവം വാമൊഴിയിൽ നിന്നു മാത്രമാകുമ്പോൾ ശൈലികൾ വരമൊഴിയിൽ നിന്നും ഉണ്ടാകുന്നു. ശൈലികളെല്ലാം അന്യാപദേശങ്ങളായിരിക്കും. പഴഞ്ചൊല്ലുകൾ അങ്ങനെ ആകണമെന്ന് നിർബന്ധമില്ല. പഴഞ്ചൊല്ലുകളിൽ ഒരു വലിയ വിഭാഗം വാച്യാർഥത്തിനു പുറമേ വ്യംഗ്യാർഥവും സൂചിപ്പിക്കുന്നുണ്ടെങ്കിലും അങ്ങനെ അല്ലാത്തവയും ധാരാളമുണ്ട്. ശൈലി ഏതെങ്കിലും ഭാവത്തെ അല്ലെങ്കിൽ നിമിഷത്തെ അപൂർണമായി വ്യഞ്ജിക്കുമ്പോൾ പഴഞ്ചൊല്ല് പൂർണമായും ഓരാശയം വെളിപ്പെടുത്തുന്നു. വ്യാപകാർഥത്തിൽ ശൈലിയുടെ ഒരു വിഭാഗമാണ് പഴഞ്ചൊല്ലെന്നിരിക്കിലും തനതായി ഒരു പ്രസ്ഥാനമെന്ന നിലയിൽ വേർതിരിഞ്ഞു നിൽക്കാൻ സാധിക്കത്തക്കവണ്ണം രൂപത്തിലും ഭാവത്തിലും വ്യക്തിത്വം പുലർത്തുന്ന ഒന്നാണ്.*

***-പഴഞ്ചൊൽ പ്രപഞ്ചം- പി.സി.കർത്ത-***

തുടങ്ങിയ ശൈലികൾ വ്യാഖ്യാനിച്ച് അർഥം പറയാം.

ശീലത്തിൽ നിന്ന് ജനിക്കുന്നവയാണ് ശൈലികൾ. ചുരുക്കം ചില പദങ്ങൾ കൊണ്ട് വിപുലമായ അർഥവും ശൈലികൾ പ്രകാശിപ്പിക്കുന്നു. ശൈലികൾ വാക്യാർഥത്തിനപ്പുറം വ്യംഗ്യാർഥത്തിനാണ് പ്രാധാന്യം നൽകുന്നത്. ഓരോ ശൈലിയുടെയും അർഥത്തെക്കുറിച്ചും ആഗമത്തെക്കുറിച്ചും അറിയുന്നത് കുറിക്ക്കൊള്ളുന്ന രൂപത്തിൽ പ്രയോഗിക്കാൻ സഹായകമാകും. പുതിയകാലത്തും ശൈലികൾ രൂപപ്പെടുന്നുണ്ട്.

**പുതുശൈലികൾ**

*ഉദാ: അടിപൊളിയാവുക, തേച്ചുപോകുക*

*വളരെ നന്നായിട്ടുണ്ട്, ഗംഭീരമായിട്ടുണ്ട് എന്ന അർഥത്തിലാണ് അടിപൊളിയാവുക എന്ന് പ്രയോഗിച്ച് വരുന്നത്. തേച്ചുപോവുക എന്നത് പലരോടും പ്രണയം നടിച്ച് ഒഴിവാക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്.*

ഉദാ: 'പൂച്ച് തെളിയുക'

"പൂച്ച് തെളിയുക എന്നശൈലിയിൽ പൂച്ച് എന്ന നാമവും തെളിയുക എന്ന ക്രിയയും ചേരുമ്പോൾ, പൂശിയ ലോഹം മാഞ്ഞുപോയി സാക്ഷാൽ വസ്തു പ്രത്യക്ഷമായി എന്നുള്ള വാച്യാർഥമല്ല രഹസ്യം വെളിപ്പെടുക എന്ന വ്യംഗ്യാർഥമാണ് നമുക്കുണ്ടാകുന്നത്".

**പ്രവർത്തനം**

കൂടുതൽ ശൈലികൾ ശേഖരിച്ച് വ്യാഖ്യാനിക്കാം. പതിപ്പുകൾ തയാറാക്കാം.

## ♦ കടങ്കഥകൾ പറയാം

ബുദ്ധിപരവും രസകരവുമായ ഭാഷാകേളികൾ എന്ന നിലയിൽ വികാസം പ്രാപിച്ച വാമൊഴി സാഹിത്യ രൂപമാണ് കടങ്കഥകൾ. കടങ്കഥയിൽ രണ്ടു ഭാഗങ്ങളാണുള്ളത്. ഒന്ന് ചോദ്യവും മറ്റൊന്ന് ഉത്തരവും. ചോദ്യഭാഗം ഭാവനാത്മകവും വാച്യാർഥത്തിനപ്പുറമുള്ള വ്യംഗ്യാർഥ പ്രധാനവും താളാത്മകവും ആണ്. "പെട്ടെന്ന് ഉത്തരം കണ്ടെത്തുവാൻ കഴിയാത്തവയും എന്നാൽ അൽപ്പം ചിന്തിച്ച് സൂക്ഷ്മാർഥം ഗ്രഹിക്കാവുന്നവയുമായ ഒരു തരം ഗൂഢാർഥ വാക്യങ്ങളാണ് കടങ്കഥകൾ" എന്നാണ് ഡോ:എം.വി.വിഷ്ണുമ്പൂതിരി കടങ്കഥയ്ക്ക് അർഥം നൽകുന്നത്.

## ♦ കടങ്കഥകളിലേക്ക്

1. അക്കരെ നിൽക്കും കുട്ട്യാന
   ഇക്കരെ നിൽക്കും കുട്ട്യാന
   ചോടെ പോകും കുട്ട്യാന
   മീതെ പോകും കുട്ട്യാന
   ഉ: അമ്പലം
   ആൽ
   മുതല
   വഞ്ചി

2. അക്കരെ നിൽക്കും തൂഞ്ചാണി
   ഇക്കരെ നിൽക്കും തുഞ്ചാണി
   കൂട്ടി മുട്ടും തൂഞ്ചാണി
   ഉ: കൺപോളകൾ

3. അമ്മ കല്ലിലും മുള്ളിലും
   മോള് കല്ല്യാണപ്പന്തലിലും
   ഉ: തെങ്ങും തെങ്ങിൻ
   പൂക്കുലയും

4. കരഞ്ഞിരഞ്ഞു വരുന്നൊരു
   കന്യകയുടെ പേരുപറഞ്ഞാൽ
   എണ്ണിയെണ്ണിത്തൊള്ളായിരവു-
   മൊരൊറ്റക്കടവും
   ഉ: മഴ

5. കാടുകൊത്തി പാറ കണ്ടു
   പാറകൊത്തി വെള്ള കണ്ടു
   വെള്ളകൊത്തി വെള്ളം കണ്ടു
   ഉ: തേങ്ങ ഉടയ്ക്കുന്നത്.

*കടങ്കഥകൾ പറയുന്നതിൽ കുട്ടികളാണ് കൂടുതലായും ഏർപ്പെടുന്നത്. അവ, ബാലമനസ്സുകൾക്ക് ആകർഷകമായി തോന്നാതിരിക്കുകയില്ല. അതോടൊപ്പം പ്രായമുള്ളവരും കടങ്കഥകൾ ഇഷ്ടപ്പെടും. രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പുള്ള സമയത്താണ് പ്രായേണ, കടങ്കഥകളുടെ പ്രയോഗം. വിശേഷാവസരങ്ങളിൽ കുട്ടികൾ ഒന്നിച്ചു ചേരുമ്പോൾ ഒരു വിനോദമെന്ന നിലയിലും കടങ്കഥകൾ പറയാറുണ്ട്. മുത്തശ്ശി ക്കഥകൾ കേൾക്കുന്നതുപോലെ തന്നെ, കടങ്കഥകൾ പറയുന്നതും മനസ്സിന് ഉന്മേഷദായകമാണ്. പല ചോദ്യങ്ങളിലും ഒരു കഥയുടെ ചമൽക്കാരം അടങ്ങിയതുകൊണ്ടായിരിക്കാം അവയെ കടങ്കഥകൾ എന്ന് പറഞ്ഞു വരുന്നത്.*

*ഉത്തരം ഊഹിക്കാവുന്ന നല്ലൊരു ചോദ്യമാണ് കടങ്കഥകൾ. ചോദ്യ രൂപത്തിലുള്ള വാക്യങ്ങളുടെ ഉത്തരം പ്രതിയോഗിക്ക് പറയുവാൻ കഴിയാതെ വരുമ്പോൾ, അയാൾ കടം പറയണം. ഉത്തരം കിട്ടാതെ താൻ പരാജയപ്പെട്ടുവെന്ന് സമ്മതിക്കുവാനാണ് കടം പറയുന്നത്. പ്രതിയോഗി കടം പറഞ്ഞാൽ ചോദ്യകർത്താവു തന്നെ ഉത്തരം പറയണം*

***കടങ്കഥകൾ ഒരു പഠനം***
***ഡോ:എം.വി.വിഷ്ണു നമ്പൂതിരി.***

കടങ്കഥകളിലെ ഭാഷ, സാമൂഹ്യ ജീവിതം, താളാത്മകത, കാവ്യസൗന്ദര്യം, ഔപമ്യം തുടങ്ങിയവ പരിശോധിച്ച് അവയിലെ സാഹിത്യപരവും സാംസ്കാരികവുമായ പ്രാധാന്യം ബോധ്യപ്പെടേണ്ടതുണ്ട്. കടങ്കഥകളുടെ വിഷയ വ്യാപ്തി പരിഗണിച്ച് എം.വി.വിഷ്ണു നമ്പൂതിരി കാർഷികം, ജൈവികം,

ഗാർഹികം, ശാരീരികം, പ്രകൃതികം, സങ്കീർണം എന്നിങ്ങനെ 5 തരത്തിൽ വിഭജിക്കുമ്പോൾ ഘടനയെ അടിസ്ഥാനമാക്കി ചോദ്യ രൂപം, വാചക രൂപം, ദീർഘ വാചകരൂപം, കഥാരൂപം, ഒറ്റവാക്കിലുള്ളത്, സമസ്യാരൂപം എന്നിങ്ങനെ ആറു തരത്തിലാണ് രാഘവൻ പയ്യനാട് വിഭജിച്ചു കാണുന്നത്. ഇത്തരം വർഗീകരണങ്ങൾ മനസ്സിലാക്കുക കൂടി ചെയ്യുമ്പോഴാണ് കടങ്കഥകളുടെ പഠനം ഫലപ്രദമായിത്തീരുന്നത്.

### പുതിയകടങ്കഥകൾ

പുതിയ കാലത്തും ധാരാളം കടങ്കഥകൾ രൂപപ്പെടുന്നുണ്ട്. പുതിയ സാങ്കേതികപദങ്ങൾ, ശാസ്ത്രപദങ്ങൾ, ജീവിതവീക്ഷണം, പുതിയ ഭാഷകൾ എല്ലാം പുതിയ കടങ്കഥകളിൽ പ്രത്യക്ഷപ്പെടുന്നു.

- മുക്കിലിരിക്കും സുന്ദരിപ്പെണ്ണിന്റെ
  മൂക്കു പിടിച്ചാൽ പാട്ടുപാടും
  ഉ: റേഡിയോ
- കൊച്ചുകാല് മെല്ലെ മെല്ലെ
  നീണ്ടകാല് വേഗം വേഗം
  ഉ: ക്ലോക്കിലെ/വാച്ചിലെ സൂചികൾ
- കാറ്റത്തോടും കുടവയറൻ
  ഉ: ബലൂൺ

തുടങ്ങിയ പുതിയ കടങ്കഥകൾ ശേഖരിച്ച് അവയുടെ സവിശേഷതകൾ കണ്ടെത്താം.

### അധികവായനയ്ക്ക്

- കേരള ഫോക്‌ലർ
- ഫോക്‌ലോറിന്റെ സൗന്ദര്യശാസ്ത്രം

### പ്രവർത്തനങ്ങൾ

- കടങ്കഥകളുടെ ഔപമ്യം, കാവ്യാത്മകത, സാമൂഹ്യപരത, ഭാഷാസവിശേഷത, എന്നിവ പരിഗണിച്ച് പ്രബന്ധം തയാറാക്കുക.
- പുതിയ കടങ്കഥകളും പഴയ കടങ്കഥകളും താരതമ്യം ചെയ്യുക.
- കടങ്കഥപ്പയറ്റ്

# യൂണിറ്റ് 2

# ഭാഷാപഠനത്തിന്റെ ആരംഭം

അമ്മയുടെ ഗർഭപാത്രത്തിൽ വച്ച് പലതരത്തിലുള്ള ശബ്ദങ്ങളോട് പ്രതികരിക്കുകയും ഭൂമിയിൽ ജനിച്ചു വീഴുന്നതോടെ പഞ്ചേന്ദ്രിയങ്ങളിലൂടെ സംവേദനം (sensation) നടത്തുകയും ചെയ്തുകൊണ്ടാണല്ലോ കുട്ടി ലോകത്തെ അറിയുന്നത്. അമ്മയെ കുഞ്ഞ് തിരിച്ചറിയുന്നതെങ്ങനെയായിരിക്കും? അമ്മയും കുഞ്ഞും തമ്മിലുള്ള ആശയവിനിമയം എങ്ങനെയായിരിക്കും? കുഞ്ഞിന്റെ കരച്ചിൽ ആശയവിനിമയത്തിനുള്ള ഉപാധിയായി കണക്കാക്കാൻ കഴിയുമോ? കുട്ടി എപ്പോഴാണ് സംസാരിച്ചു തുടങ്ങുന്നത്? ഇത്തരത്തിലുള്ള ധാരാളം ചോദ്യങ്ങളാണ് ശിശുഭാഷാപഠന ചിന്തയുമായി ബന്ധപ്പെട്ട് നമ്മുടെ മനസ്സിലേക്ക് ആദ്യം കടന്നു വരിക.

കുട്ടിയുടെ ചിരിയും, കുട്ടി പുറപ്പെടുവിക്കുന്ന കൂജനവും (cooing) പലതരം ശബ്ദങ്ങളും (ജല്പനം/babbling) ഭാഷയിലേക്കുള്ള വിവിധ ഘട്ടങ്ങളായിട്ടാണ് ഭാഷാ ശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നത്.

*വിവിധ പ്രായത്തിലെ കുട്ടികളെ നിരീക്ഷിച്ച് ഭാഷാരീതികളും സവിശേഷതകളും കണ്ടെത്തി നിരീക്ഷണങ്ങൾ രേഖപ്പെടുത്താം.*

**അധിക വായനയ്ക്ക്**

ഭാഷാശാസ്ത്രവിവേകം, കെ.എം.പ്രഭാകരവാര്യർ, വള്ളത്തോൾ വിദ്യാപീഠം, പുറം (27-29)

**വായിക്കാം ചർച്ച ചെയ്യാം:**

*ഭാഷ മനുഷ്യരെ സംബന്ധിച്ചിടത്തോളം ഒരു അനുഗ്രഹമാണ്. ആശയവിനിമയത്തിന് ഭാഷ ഉപയോഗിക്കുന്ന ഒരേയൊരു ജീവിയും മനുഷ്യനാണ്. മനുഷ്യൻ ഭാഷാർജനം തുടങ്ങുന്ന ഘട്ടം ഏതാണ്? ജനനം മുതലെന്നും ഗർഭസ്ഥശിശുവായിരിക്കുന്ന കാലം മുതൽക്കെന്നും വ്യത്യസ്ത അഭിപ്രായങ്ങൾ ഇന്നും നിലനിൽക്കുന്നു.*

*ജനിച്ച് ആറുമാസം ചലനങ്ങളിലൂടെയും വിവിധ ശബ്ദങ്ങളിലൂടെയും പ്രതികരണങ്ങളിലൂടെയുമാണ് കുട്ടികൾ ആശയപ്രകടനം നടത്തുന്നത്. ഈ കാലഘട്ടത്തെ കുറുകൽ ഘട്ടം എന്നു വിശേഷിപ്പിക്കാം. ആറുമാസം കഴിയുമ്പോഴേക്കും കൂടുതൽ വ്യക്തമായി ആശയ സംവേദനം ആരംഭിച്ചിരിക്കും. ഈ ഘട്ടത്തെ കൊഞ്ചൽഘട്ടം എന്നു പറയാം.*

*ഏതാണ്ട് ഒന്നര വയസ്സാവുമ്പോഴേക്കും കുട്ടി ഒരു സ്വിച്ചിട്ടാലെന്നപോലെ ഭാഷയിലെ പദങ്ങൾ ഉപയോഗിച്ച് ആശയവിനിമയം ആരംഭിക്കുന്നു. ഒറ്റപ്പദത്തിൽ തുടങ്ങുന്ന കുട്ടി ക്രമേണ ദ്വിപദത്തിലേക്കു കടക്കുന്നു. ക്രമേണ കുട്ടിയുടെ ഭാഷാപ്രയോഗത്തിലുണ്ടാവുന്ന മാറ്റം വാക്കുകൾക്കതീതമാണ്. നാലു വയസ്സാവുമ്പോഴേക്കും ഭാഷയിലെ വ്യാകരണത്തിന്റെ അടിസ്ഥാനവസ്തുതകൾ കൂടി ഉൾക്കൊള്ളുന്ന രീതിയിൽ ഭാഷ പ്രയോഗിക്കാൻ കുട്ടി പഠിക്കുന്നു. സങ്കീർണമായ ഭാഷാവസ്തുതകൾപോലും ഈ ചെറിയ പ്രായത്തിൽ കുട്ടികൾ ആർജിക്കുന്നതെങ്ങനെയെന്നത് അത്ഭുതകരമായ വസ്തുതയായി ഇന്നും അവശേഷിക്കുന്നു. ഭാഷാർജനത്തിനുള്ള കഴിവ് ജന്മസിദ്ധമാണെന്നും അനുകൂലസാഹചര്യങ്ങളിൽ കുട്ടികൾക്ക് ഭാഷ സ്വായത്തമാക്കാൻ കഴിയുമെന്നും ചോംസ്കിയെപ്പോലുള്ള പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.*

*ശിശുക്കളുടെ ഭാഷാർജനരീതി വിലയിരുത്തുമ്പോൾ രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നു.*

- *ശിശുക്കൾ ഭാഷ സ്വാംശീകരിക്കുന്നത് അനുകരണത്തിലൂടെയല്ല.*
- *ശിശുക്കളുടെ ഭാഷാപ്രകടനശേഷിയെക്കാൾ അവരുടെ ഭാഷാഗ്രഹണശേഷി വളരെ വികസിച്ചിരിക്കും.*

❖ മുൻപു കണ്ടെത്തിയ ആശയങ്ങളുടെയുംകൂടി അടിസ്ഥാനത്തിൽ ശിശുഭാഷയെക്കുറിച്ചുള്ള കുറിപ്പ് വിശകലനം ചെയ്യുക.

❖ ശിശുഭാഷാഘട്ടങ്ങൾ പരിഗണിച്ച് ഭാഷണ സവിശേഷതകളും ഭാഷാവികാസവും സംബന്ധിച്ചുള്ള വിശകലനക്കുറിപ്പ് തയാറാക്കാം.

**പട്ടിക. 1**

1. ശൈശവാവസ്ഥയിലെ പ്രതിപ്രവർത്തനങ്ങളും ചേഷ്ടകളും
2. ജൽപ്പന കാലഘട്ടം (babbling stage)
3. ലഘുപദങ്ങളുപയോഗിക്കുന്ന ഘട്ടം (beginning of vocabulary)
4. ഏക പദവാക്യ ഘട്ടം
5. പദങ്ങളെ സംഘടിപ്പിച്ച് ആശയപൂർത്തി വരുത്തുന്ന ഘട്ടം (combination of words into sentences)
6. ഭാഷണകലയിൽ പൂർണ സ്വാധീനത നേടുന്ന ഘട്ടം

**അവലംബം: വിദ്യാഭ്യാസ മനഃശ്ശാസ്ത്രവും ശിശുവികാസവും ഡോ.കെ.ജി. രാമചന്ദ്രപ്പണിക്കർ, പി.കെ.ശങ്കരനാരായണൻ**

**പട്ടിക 2**

| ഭാഷാഘട്ടം | തുടങ്ങുന്ന പ്രായം |
|---|---|
| കരച്ചിൽ | ജനനം |
| കൂകൽ | 6 ആഴ്ചകൾ |
| അസ്പഷ്ട ശബ്ദമുണ്ടാക്കൽ | 6 മാസം |
| ഈണ വ്യത്യാസങ്ങൾ | 8 മാസം |
| ഒറ്റപ്പദമുള്ള പ്രയോഗങ്ങൾ | 1 വർഷം |
| രണ്ടുപദങ്ങളുള്ള പ്രയോഗങ്ങൾ | 18 മാസം |
| പദങ്ങളിലെ പ്രത്യയങ്ങൾ | 2 വർഷം |
| ചോദ്യങ്ങൾ, നിഷേധവാക്യങ്ങൾ | $2\frac{1}{2}$ വർഷം |
| അപൂർവവും സങ്കീർണവുമായ ഘടനകൾ | 5 വർഷം |
| പക്വത വന്ന ഭാഷണം | 10 വർഷം |
| **വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം-കേരളശാസ്ത്ര സാഹിത്യപരിഷത്ത്** | |

പട്ടികകൾ പരിശോധിച്ച് ഉദാഹരണങ്ങൾ കണ്ടെത്തിയും വിശകലനം ചെയ്തും ശിശുഭാഷാ വികസനം സംബന്ധിച്ച ചർച്ചകൾക്ക് വ്യക്തത വരുത്താം.

ഭാഷാവികാസം സംബന്ധിച്ച് പ്രധാനമായും രണ്ടു തരം കാഴ്ചപ്പാടുകളാണ് ഭാഷാശാസ്ത്രകാരന്മാർ മുന്നോട്ടുവയ്ക്കുന്നത്.

1. അനുകരണത്തിലൂടെയാണ് കുട്ടി ഭാഷ പഠിക്കുന്നത്.
2. ഭാഷ സ്വാഭാവികമായി കുട്ടി ആർജിച്ചെടുക്കുന്നതാണ്.

വ്യവഹാര വാദത്തിന്റെയും ഘടനാ വാദത്തിന്റെയും അനുഭവജ്ഞാന വാദത്തിന്റെയും അടിസ്ഥാനത്തിൽ സ്കിന്നർ, സൊസൂർ, ലെവിസ്ട്രോസ് തുടങ്ങിയവർ അനുകരണത്തിലൂടെയും ഭാഷയുടെ

ഘടനാപഗ്രഥനത്തിലൂടെയുമാണ് ഭാഷ പഠിക്കുന്നതെന്നു പറയുമ്പോൾ ജ്ഞാനാത്മക മനഃശ്ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നോംചോംസ്കി, വൈഗോട്സ്കി തുടങ്ങിയവർ ഭാഷാർജനത്തെക്കുറിച്ചാണ് പറയുന്നത്.

ഇവരുടെ പ്രധാനപ്പെട്ട ആശയങ്ങൾ കണ്ടെത്തി സംവാദ ചർച്ചയിലൂടെ റിപ്പോർട്ട് തയാറാക്കാം.

**സ്കിന്നറുടെ ആശയങ്ങൾ**

- മുതിർന്നവരുടെ ഭാഷാപ്രയോഗത്തെ അനുകരിച്ചാണ് കുട്ടി ഭാഷ പഠിക്കുന്നത്.
-
-
-

**ചോംസ്കിയുടെ ആശയങ്ങൾ**

- സർവഭാഷാ വ്യാകരണം
-
-
-
-

**വൈഗോട്സ്കിയുടെ ആശയങ്ങൾ**

- ചിന്തയും ഭാഷയും തമ്മിലുള്ള ബന്ധം
-
-
-
-

**ഉച്ചാരണവും ഭാഷണ വൈകല്യവും - ചർച്ചാ സൂചകങ്ങൾ**

- കുട്ടികളുടെ സംഭാഷണത്തിൽ അനുഭവപ്പെടാവുന്ന വൈവിധ്യങ്ങൾ എന്തെല്ലാം?
- പ്രാദേശികഭാഷ/മാനകഭാഷ ഇവയോടുള്ള കാഴ്ചപ്പാട് എന്തായിരിക്കണം?
- കുട്ടികളിൽ സാധാരണ കണ്ടുവരുന്ന ഭാഷണവൈകല്യങ്ങൾ ഏതെല്ലാം?
- ഇവ ഭാഷാക്ലാസ്സുകളെ സ്വാധീനിക്കുന്നത് എങ്ങനെയെല്ലാം?

മാതൃഭാഷാഭ്യസനത്തിൽ ഉച്ചാരണത്തിന് വളരെയധികം പ്രാധാന്യമുണ്ട്. പ്രത്യേകിച്ചും മലയാളംപോലുള്ള അക്ഷരോച്ചാരകഭാഷയിൽ. ശരിയായ ഉച്ചാരണം, തെറ്റാതെയുള്ള വായനയെ സഹായിക്കും. അതോടൊപ്പം തെറ്റുകൂടാതെ എഴുതാനും ശരിയായ ഉച്ചാരണം സഹായകമാവുന്നുണ്ട്. ഉച്ചാരണവൈകല്യം എഴുത്തിനെയും ബാധിക്കും.

**ഉച്ചാരണാവയവങ്ങൾ**

ഭാഷാശബ്ദങ്ങളുടെ ഉൽപ്പാദനത്തിനായി മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമായി ഒരു പ്രത്യേക അവയവവും മനുഷ്യനില്ല. ശ്വസനേന്ദ്രിയങ്ങളുടെയും പല്ല്, നാക്ക് തുടങ്ങിയ ദഹനേന്ദ്രിയ വ്യൂഹത്തിന്റെ ചില ഭാഗങ്ങളുടെയും സഹായത്തോടെയാണ് മനുഷ്യന് നാനാവിധമായ ഭാഷണശബ്ദങ്ങൾ ഉച്ചരിക്കാൻ കഴിയുന്നത്. ശ്വാസോച്ഛ്വാസ പ്രവൃത്തികൾക്ക് വ്യതിയാനം വരുത്തിക്കൊണ്ടാണ് ഉച്ചാരണം സാധ്യമാക്കുന്നത്.

ഭാഷാശബ്ദോൽപ്പാദനത്തിൽ ഉൾപ്പെട്ട അവയവങ്ങളെ തന്നെ ചലനസ്വാതന്ത്ര്യം ഉള്ളവയെന്നും ചലനസ്വാതന്ത്ര്യം ഇല്ലാത്തവ/കുറഞ്ഞവ എന്നും രണ്ടായിതിരിക്കാം.

I. ചലകരണം (കരണം)

II സ്ഥിരകരണം (സ്ഥാനം)


ചലകരണം : ഉച്ചാരണാവയവങ്ങളിൽ താരതമ്യേന ചലന സ്വാതന്ത്ര്യം കൂടിയവയാണ് ചലകരണങ്ങൾ അഥവാ കരണം (Articulator) ഉദാ: നാവ്, കീഴ്ചുണ്ട്

സ്ഥിരകരണം : ഉച്ചാരണാവയവങ്ങളിൽ താരതമ്യേന ചലനസ്വാതന്ത്ര്യം കുറഞ്ഞവയാണ് സ്ഥിരകരണങ്ങൾ അഥവാ ഉച്ചാരണ സ്ഥാനങ്ങൾ (Point of Articulation) ഉദാ: പല്ല്, അണ്ണാക്ക് (Hard palate), മേൽച്ചുണ്ട് മുതലായവ

**ഉച്ചാരണാവയവങ്ങളും ഉച്ചാരണസ്ഥാനങ്ങളും**

ശബ്ദത്തിന്റെ സ്വതന്ത്രസഞ്ചാരത്തിന് ഭാഗികമായോ പൂർണമായോ തടസ്സം സൃഷ്ടിച്ചുകൊണ്ടോ കടന്നുപോകുന്ന ഭാഗങ്ങൾക്ക് ആകൃതി വ്യത്യാസം വരുത്തിയോ ആണ് വിവിധ ഭാഷാശബ്ദങ്ങൾ പുറപ്പെടുവിക്കുന്നത്. വിവിധങ്ങളായ ഭാഷാശബ്ദങ്ങളുടെ ഉൽപ്പാദന പ്രക്രിയയെക്കുറിച്ച് അറിവ് ലഭിക്കുന്നതിന് അതിൽ ഏർപ്പെടുന്ന അവയവങ്ങളെപ്പറ്റിയും അറിഞ്ഞിരിക്കേണ്ടതുണ്ട്.

മേലുളിപ്പല്ല്, മോണ (Alveolum), കഠിനതാലു (Hard palate), മൃദുതാലു (Soft palate) തുടങ്ങിയവയാണ് ഉച്ചാരണസ്ഥാനങ്ങൾ. കീഴ്ച്ചുണ്ട്, നാവിന്റെ അഗ്രം, ഉപാഗ്രം, മധ്യം, മൂലം തുടങ്ങിയവയാണ് കരണങ്ങൾ (Articulators)



*1. പല്ലുകൾ 2. ഊന് 3. ചുണ്ടുകൾ 4. നാസാദ്വാരം*
*5. നാവ് 6. ജിഹ്വാഗ്രം 7. ജിഹ്വാതലം 8. ജിഹ്വാമൂലം*
*9. മൃദുതാലു 10. കഠിനതാലു 11. ഉൾനാക്ക്*
*12. കണ്ഠനാളശീർഷം 13. നാദതന്തുക്കൾ*
*14. ശ്വാസനാളം*

ശബ്ദം പുറപ്പെടുവിക്കാൻ സഹായിക്കുന്ന അവയവങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അധ്യാപകർക്കും കുട്ടികൾക്കും സാമാന്യധാരണ ഉണ്ടായിരിക്കണം. മനസ്സിൽ രൂപം കൊള്ളുന്നതോ കേൾക്കുന്നതോ ആയ ആശയങ്ങൾ ശബ്ദരൂപത്തിൽ ആവിഷ്കരിക്കുകയാണ് ഉച്ചാരണത്തിലൂടെ ചെയ്യുന്നത്. ശ്വാസഗതിയെ നിയന്ത്രിച്ചും ഉച്ചാരണാവയവങ്ങളെ ഉചിതമായ രീതിയിൽ ചലിപ്പിച്ചുമാണ് നാം ഓരോ അക്ഷരവും ഉച്ചരിക്കുന്നത്. അതുകൊണ്ടുതന്നെ ഉച്ചാരണാവയവങ്ങളുടെ ചലനങ്ങളെ സംബന്ധിച്ച വ്യക്തമായ ധാരണ ശരിയായ ഉച്ചാരണത്തിന് അനിവാര്യമാണ്.

ആഹാരത്തിനും ശ്വാസോച്ഛ്വാസത്തിനുമുപയോഗിക്കുന്ന അവയവങ്ങൾതന്നെയാണ് ഉച്ചാരണത്തിനും സഹായകമാവുന്നത്. ഇതിൽ പ്രാധാന്യം ശ്വാസോച്ഛ്വാസ അവയവങ്ങൾക്കാണ്. ഉച്ഛ്വാസവായുവാണ് കൂടുതൽ ശബ്ദങ്ങൾക്കു കാരണമായിത്തീരുന്നത്.

കണ്ഠം, ഓഷ്ഠം, ദന്തം, മൂർധാവ്, താലു, വർത്സം മുതലായ അംഗങ്ങളും അവയുടെ ഭാഗങ്ങളുമാണ് ഉച്ചാരണത്തിന് സഹായകമായ വാഗിന്ദ്രിയങ്ങൾ. ഇവയുടെ സ്ഥാനങ്ങളിൽ നാവ് തട്ടുമ്പോഴുണ്ടാകുന്ന ധ്വനികളാണ് വ്യഞ്ജനങ്ങൾ. മൂക്ക്, ചെവി, ശ്വാസകോശം മുതലായവയും ഉച്ചാരണത്തെ സഹായിക്കുന്നു. ഭാഷാശബ്ദോച്ചാരണത്തിന് സഹായിക്കുന്ന അവയവങ്ങളിൽ ചലന സ്വാതന്ത്ര്യം ഉള്ളതും ഇല്ലാത്തതുമുണ്ട്. നാവിനു ചലനസ്വാതന്ത്ര്യമുള്ളപ്പോൾ ദന്തത്തിനു ചലനസ്വാതന്ത്ര്യമില്ല.

ശബ്ദമുണ്ടാക്കുന്നതിനായി ഉച്ചാരണാവയവങ്ങൾ തൊടുന്ന ഭാഗത്തെയാണ് ഉച്ചാരണസ്ഥാനം എന്നു പറയുന്നത്. ശബ്ദോച്ചാരണത്തിന് ഉച്ചാരണാവയവങ്ങളുടെയും ഉച്ചാരണസ്ഥാനത്തിന്റെയും

ഒന്നിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ശബ്ദങ്ങളെ ഉച്ചാരണാവയവങ്ങളുടെയും ഉച്ചാരണ സ്ഥാനത്തിന്റെയും ഉച്ചാരണരീതിയുടെയും അടിസ്ഥാനത്തിൽ ഓഷ്ഠ്യം, ദന്ത്യം, വർത്സ്യം, മൂർധന്യം, കണ്ഠ്യം, താലവ്യം എന്നിങ്ങനെ തരം തിരിക്കാം.

### ഉച്ചാരണവൈകല്യങ്ങൾ

ഭാഷാഭ്യസനത്തിൽ വളരെ പ്രാധാന്യമുള്ളതാണ് ഉച്ചാരണം. എന്നാൽ ക്ലാസ്സുമുറികളിൽ പല തരത്തിലുള്ള ഉച്ചാരണവൈകല്യങ്ങൾ കണ്ടുവരുന്നു. മാനസികവും ശാരീരികവുമായ ദൗർബല്യ ങ്ങളാണ് ഉച്ചാരണവൈകല്യത്തിനുള്ള പ്രധാന കാരണങ്ങൾ. മാനസികവൈകല്യങ്ങൾ, ശാരീരികന്യൂനതകൾ, മാതൃകാപരമായ ഉച്ചാരണത്തിന്റെ അഭാവം, അനവധാനത, ഉച്ചാരണത്തിൽ സാദൃശ്യമുള്ള അക്ഷരങ്ങൾ മുതലായവ ഉച്ചാരണവൈകല്യത്തിനു കാരണമാകുന്നുണ്ട്. കൊഞ്ചൽ, കൊഞ്ഞ, അവ്യക്തഭാഷണം, വിക്ക് തുടങ്ങിയവ ഇവയിൽപ്പെടുന്നു.

### പ്രാദേശികഭാഷ

കേരളത്തിൽ പാറശ്ശാല മുതൽ കാസർഗോഡുവരെ സഞ്ചരിക്കുന്നവർക്ക് കേൾക്കാൻ കഴിയുന്ന മലയാളം പലതായിരിക്കും. ഓരോ പ്രദേശത്തിനും അവരുടേതായ ഭാഷാശൈലിയും ഭാഷാഭേദവുമുണ്ട്. ഒരു പ്രദേശത്തുപയോഗിക്കുന്ന മലയാളം കേരളത്തിന്റെ മറ്റൊരു ഭാഗത്തുള്ളവർക്ക് മനസ്സിലാ വണമെന്നില്ല.

- *എന്തൂട്ടാ പറയണ്? തൃശൂർക്കാരുടെ ഈ വാക്യം നിങ്ങളുടെ പ്രദേശത്തെ ഭാഷയിലേക്കു മാറ്റിനോക്കൂ? വ്യത്യാസങ്ങൾ എന്തെല്ലാം?*
- *കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ പദ/വാക്യതലങ്ങളിൽ നിലനിൽക്കുന്ന വ്യത്യാ സങ്ങൾ അന്വേഷിച്ചു കണ്ടെത്തുക.*

കുട്ടി സംസാരിക്കുന്നത് അവളുടെ വീട്ടിലും നാട്ടിലുമുള്ള ഭാഷയാണ്. അത് സംസാരിക്കുന്നതിനാണ് അവൾക്കു കഴിവുള്ളത്. അവളുടെ ഭാഷാശേഷിയെ സ്വാധീനിക്കുന്നത് അവളുൾപ്പെട്ട ഭാഷാസമൂഹത്തിൽ നിന്ന് ലഭിക്കുന്ന അനുഭവങ്ങളാണ്. ആദ്യഘട്ടങ്ങളിൽ കുട്ടി ഭയരഹിതമായി നിസ്സങ്കോചം ഭാഷ പ്രയോഗിക്കണമെങ്കിൽ അവളുടെ ഭാഷയിൽത്തന്നെ സംസാരിക്കാനുള്ള അനുവാദമുണ്ടാകണം. ഇതിൽ ധാരാളം പ്രാദേശികഭേദങ്ങൾ ഉൾച്ചേർന്നുവെന്നു വരാം. അതു സ്വാഭാവികമാണ്. അവ അപ്പോൾത്തന്നെ തിരുത്തി മാനകഭാഷ സംസാരിക്കാൻ നിർബന്ധിക്കുന്നത് കുട്ടികളുടെ ആത്മവിശ്വാസത്തെയും ഭാഷാപഠനത്തെയും സാരമായി ബാധിക്കാനിടയുണ്ട്. ഭാഷാപ്രയോഗത്തിൽ ആത്മവിശ്വാസം വന്നു കഴിഞ്ഞാൽ ക്രമേണ മാനകഭാഷ പരിചയപ്പെടുന്നതിനും ആവശ്യാനുസരണം പ്രയോഗിക്കുന്നതിനും അവസരം നൽകാവുന്നതാണ്.

ഭാഷാഭേദങ്ങളോട് പുരോഗമനപരമായ നിലപാട് സ്വീകരിക്കേണ്ടതാണ്. പ്രാദേശിക ജനവിഭാഗത്തിന്റെ സാംസ്കാരികവും ഭാഷാപരവുമായ സവിശേഷതകൾ അംഗീകരിക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ ഭാഷ ഉൽക്കൃഷ്ടമെന്നും മറ്റൊരിടത്തെ ഭാഷ അപരിഷ്കൃതമെന്നും വിധിക്കുന്നതുതന്നെ ജനാധിപത്യസങ്കല്പങ്ങൾക്കു നിരക്കുന്നതല്ല. ഭാഷയുടെ ജീവത്തായ സ്വരൂപമാണ് പ്രാദേശികത്വം. ഇതംഗീകരിക്കുക എന്നല്ല. വൈദേശികഭാഷയ്ക്കു ഉന്നതപദവി നൽകി മാതൃഭാഷയെ അവജ്ഞയോടെ സമീപിക്കുന്നതും മാനകഭാഷയ്ക്കു ഉത്കൃഷ്ടസ്ഥാനം നൽകി ഭാഷാഭേദങ്ങളെ അംഗീകരിക്കാതിരിക്കുന്നതും ഒരേ മനോഭാവത്തിന്റെ രണ്ടു മുഖങ്ങളാണ്. പ്രാദേശികത്തനിമ പ്രതിഫലിപ്പിക്കുന്ന വായ്മൊഴിഭേദങ്ങൾ നമ്മുടെ ഭാഷയുടെ സമ്പത്താണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനാൽ മാനകഭാഷയിലുള്ള ഭാഷാപഠനസാമഗ്രികൾ പരിചയപ്പെടുന്ന കുട്ടിക്ക് പ്രാദേശികവ്യവഹാരഭാഷയുടെ ജീവനും, ശക്തിയും സൗന്ദര്യവും തിരിച്ചറിയുന്നതിനും അവസരം ലഭിക്കണം. നാടൻപാട്ടുകൾ, കഥകൾ, നാടകങ്ങൾ, നോവലുകൾ തുടങ്ങിയ സാഹിത്യകൃ

തികളുമായി ഇടപഴകുന്നതിലൂടെ ഇതു സാധ്യമാകും. സർഗാത്മകരചനയിലും ആശയപ്രകടനത്തിലും തന്റേതായ ശൈലി രൂപപ്പെടുത്തിയെടുക്കുന്നതിനും ഇതു സഹായകമാകും.

- ഉച്ചാരണവൈകല്യങ്ങൾ ഭാഷാക്ലാസ്സുകളെ സ്വാധീനിക്കുന്നതെങ്ങനെ? ഇവ പരിഹരിക്കുന്നതിന് അധ്യാപകരെന്ന നിലയിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം? സഹായകഗ്രന്ഥങ്ങൾ വായിച്ച് കുറിപ്പ് തയാറാക്കുക.
- കുട്ടികളുടെ ഭാഷ നിരീക്ഷിച്ച് പദകോശം നിർമ്മിക്കാം.

**ഭാഷാസിദ്ധാന്തങ്ങളിലേക്ക്....**

**ജ്ഞാതൃസിദ്ധാന്തങ്ങൾ (Cognitive Theories)**


ജ്ഞാതൃശാസ്ത്രത്തിലെ മുഖ്യവിഷയങ്ങളിലൊന്നാണ് ഭാഷാപഠനം. എൽ.എസ്.വിഗോട്സ്കി, പിയാഷെ, ബ്രൂണർ, ചോംസ്കി തുടങ്ങിയ ജ്ഞാതൃവാദികളെല്ലാം തന്നെ ഭാഷാപഠനത്തെക്കുറിച്ച് അവരുടേതായ സങ്കല്പങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. പ്രസക്തമായ ഏതാനും ആശയങ്ങൾ ചുവടെ ചേർക്കുന്നു.

**1. എൽ.എസ്.വിഗോട്സ്കി**

വിഗോട്സ്കിയുടെ Thought and Language എന്ന പുസ്തകത്തിൽ ചിന്തയെയും ഭാഷയെയും കുറിച്ചുള്ള ചർച്ച അവതരിപ്പിക്കുന്നത് ശിശുവിന്റെ ജനനം മുതൽ ശൈശവഘട്ടങ്ങളിലൂടെയുള്ള വളർച്ചയെ കേന്ദ്രീകരിച്ചുകൊണ്ടാണ്. ശിശുവിന്റെ രോദനവും (crying) കൂകലും (cooing) ചിന്തയുമായി ബന്ധമില്ലാത്ത ഭാഷയാണ് (non-congnitive language). മാതാപിതാക്കളും കുട്ടിയും തമ്മിലുള്ള ബന്ധത്തെ ദൃഢപ്പെടുത്തുകയെന്ന സാമൂഹ്യധർമ്മമാണ് ഇത്തരം ചിന്താരഹിത ശബ്ദങ്ങൾ നിർവഹിക്കുന്നത്. ഇതോടൊന്നിച്ചു തന്നെ ഭാഷയുമായി ബന്ധമില്ലാത്ത ചിന്തയുമുണ്ട്. കമ്പുപയോഗിച്ച് ഒരു കളിപ്പാട്ടമെടുക്കാൻ ശ്രമിക്കുന്നതുപോലെയുള്ള നാഡീപേശീപ്രവർത്തനങ്ങൾ ഇതിന് ഉദാഹരണമാണ്. ആദ്യവാക്ക് സ്വായത്തമാക്കുന്ന വേളയിൽ സ്വതന്ത്രമായ ഈ വികാസമാതൃകകളുടെ സമന്വയമാണ് നടക്കുന്നത്. ഭാഷാവികാസത്തിന്റെ വിസ്ഫോടനത്തിലേക്കാണ് അതു നയിക്കുന്നത്. ശിശുവിന് താൻ പഠിക്കുന്ന ഓരോ വാക്കിന്റെയും അർഥമെന്തെന്ന് അറിയാനുള്ള ആഗ്രഹമുണ്ട്. ഓരോ അനുഭവത്തിന്റെയും (ഉദാ:-മൃഗശാല സന്ദർശിക്കൽ), താൻ അഭിമുഖീകരിക്കുന്ന ഓരോ വസ്തുവിന്റെയും (ഉദാ:-ചന്ദ്രൻ) പേരെന്താണെന്ന് കുട്ടി അന്വേഷിക്കുന്നു. ഇങ്ങനെ സ്വാംശീകരിക്കപ്പെടുന്ന ഓരോ ഇഴയും മറ്റൊന്നിന്റെ സ്വാംശീകരണത്തിന് സഹായകമായിത്തീരുന്നു.

ചിന്തയുടെയും ഭാഷയുടെയും സമന്വയത്തെ പ്രതിനിധാനം ചെയ്യുന്നതിന് വിഗോട്സ്കി ഉപയോഗിച്ചത് താഴെ കാണുന്ന ചിത്രമാണ്.

**(പ്രായം–വർഷത്തിൽ)**



ചിന്തയെ രൂപപ്പെടുത്തുന്നതിൽ കണ്ടീഷനിംഗ് പ്രക്രിയയെക്കാൾ ശക്തമാണ് ഭാഷ. ചിന്തയെ രൂപപ്പെടുത്തുന്നത് ഭാഷയെ പൂരിതമാക്കുന്ന സംസ്കാരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

**പിയാഷെയും വ്യവഹാരവാദികളും**

*ഭാഷാപഠനത്തെക്കുറിച്ചുള്ള പിയാഷെയുടെ അനുമാനങ്ങൾ ജ്ഞാതൃസിദ്ധാന്തത്തിൽ അധിഷ്ഠിതമാണെങ്കിലും നിയതമായ ഘടനയോടുകൂടിയ ഭാഷാഘടകം കുട്ടിയുടെ മനസ്സിലുണ്ടെന്ന് അദ്ദേഹം അംഗീകരിച്ചില്ല. ഇക്കാര്യത്തിൽ പിയാഷെയും വ്യവഹാരവാദികളും സമാനരാണെന്ന് ചില പഠനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.*

*പിയാഷെയോ വ്യവഹാരവാദികളോ ശിശുവിന്റെ മനസ്സിന് നൈസർഗികഘടനയോ മനസ്സിന്റെ പ്രത്യേക മേഖലകളിൽ അധിഷ്ഠിതമായ അറിവോ കല്പിച്ചു നൽകുന്നില്ല. പൊതുമേഖലയിലെ പഠനപ്രക്രിയകൾ ഭാഷാപരവും അല്ലാത്തതുമായ എല്ലാത്തരം ചിന്തയിലും പ്രയോഗിക്കപ്പെടുന്നുണ്ടെന്നാണ് കരുതപ്പെടുന്നത്. ശിശുവിന്റെ പ്രാരംഭദശയിലുള്ള മനസ്സിനെക്കുറിച്ച് പിയാഷെയും വ്യവഹാരവാദികളും പല കാര്യങ്ങളിലും യോജിക്കുന്നുണ്ട്. ജന്മസിദ്ധമായ അറിവോടുകൂടിയല്ലാത്ത ഒഴിഞ്ഞ സ്ലേറ്റ് എന്ന നിലയിലാണ് വ്യവഹാരവാദികൾ ശിശുവിനെ കണ്ടത്. വേർതിരിക്കാനാവാത്തതും കുഴഞ്ഞുമറിഞ്ഞതുമായ നിവേശങ്ങളോടു (input) കൂടിയ നിലയിലാണ് പിയാഷെ ശിശുവിനെ കാണുന്നത്. രണ്ടു വീക്ഷണങ്ങളും ഏറെക്കുറെ ഒന്നു തന്നെയാണ്.*

*കാർമിലോഫ്-സ്മിത്ത് (Karmiloff-Smith, 1992)*

### 2. ജീൻ പിയാഷെ (Jean Piaget)

പിയാഷെ ഭാഷ, ചിന്ത എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ചിന്തയിലൂടെയാണ് കുട്ടികൾ വളരുന്നതെന്നും ഭാഷ അതിനുശേഷം വരുന്ന ഒന്നാണെന്നും പറഞ്ഞിട്ടുണ്ട്. ചിന്തയ്ക്ക് പ്രതീകാത്മകരൂപം നൽകുകയാണ് ഭാഷ. ശരീരത്തിന്റെ വളർച്ചയാണ് ഏതു വലുപ്പത്തിലും ആകൃതിയിലുമുള്ള വേഷമാണ് വേണ്ടതെന്നു നിശ്ചയിക്കുന്നത്. അതുപോലെ ചിന്തയാണ് ഏതുതരത്തിലുള്ള ഭാഷയാണ് കുട്ടിക്കു വേണ്ടതെന്നു നിശ്ചയിക്കുന്നതെന്ന് പിയാഷെ വാദിക്കുന്നു. ഭാഷണവികസനത്തിന് ആത്മനിഷ്ഠ ഘട്ടം, സാമൂഹ്യാധിഷ്ഠിതഘട്ടം എന്നിങ്ങനെ രണ്ടു ഘട്ടങ്ങളുണ്ടെന്ന് പീയാഷെ സൂചിപ്പിക്കുന്നു.

### 3. ജെറോം എസ്. ബ്രൂണർ (Jerome Seymour Bruner)

വാചികേതര ആശയവിനിമയത്തിൽ നടക്കുന്ന യഥാർഥ പ്രക്രിയകൾ എന്തെല്ലാമാണെന്നു കണ്ടെത്താൻ ബ്രൂണർ ശ്രമിച്ചിട്ടുണ്ട്. മാതാപിതാക്കളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനു കുട്ടി അവലംബിക്കുന്ന മാർഗങ്ങളിലൊന്ന് 'ചൂണ്ടിക്കാണിക്ക'ലാണ്.

ഉദാഹരണത്തിനു കുട്ടി ടി.വി. ചൂണ്ടിക്കാണിക്കുന്നുവെന്നു കരുതുക. ഒരു പക്ഷെ അമ്മ അപ്പോൾ കുട്ടിയുമായി ഒരു സംവാദത്തിലേർപ്പെടുകയും ടി.വി.പ്രവർത്തിപ്പിച്ചു കുട്ടിക്ക് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിനെക്കാൾ നിഗൂഢമായ മറ്റൊരു രീതിയാണ് കുട്ടിയുടെ ദൃഷ്ടിപ്രയോഗം. കുട്ടി കളിപ്പാട്ടത്തിൽ തന്റെ ദൃഷ്ടി പതിപ്പിക്കുന്നു. കുട്ടിയുടെ നോട്ടത്തെ അമ്മയും പിന്തുടരുന്നു. ഒടുവിൽ രണ്ടുപേരും ഒന്നിച്ച് കളിപ്പാട്ടത്തിൽ നോട്ടമുറപ്പിക്കുന്നു. കുട്ടിയുടെ ആവശ്യമെന്താണെന്നു മനസ്സിലാക്കുന്ന അമ്മ കുട്ടിക്ക് കളിപ്പാട്ടമെടുത്തുകൊടുക്കുന്നു.

എല്ലാ ആശയവിനിമയസാഹചര്യങ്ങളിലും കുട്ടിക്ക് സ്വാർഥപരമായ പങ്കാളിത്തമാണുണ്ടാവുകയെന്ന് ഇതിനർഥമില്ല. ഒരു പക്ഷെ അമ്മയും കുഞ്ഞും പരസ്പരം മന്ദഹസിക്കുക മാത്രമെ ചെയ്യുന്നുള്ളുവെന്നുവരാം. ഈ വിധത്തിൽ ആദ്യത്തെ പദം സ്വായത്തമാക്കുന്നതിനു മുമ്പുതന്നെ ശിശു ആശയവിനിമയം ചെയ്യാൻ പഠിക്കുന്നുണ്ട്. പിന്നീട് കുട്ടിയും അമ്മയും മാറി മാറി മുൻകൈ

എടുക്കുന്നതിന്റെ അടിത്തറയിൽ വാചികമായ ആശയവിനിമയം നടക്കുന്നു. അമ്മയുമായുള്ള ഇടപഴകലിന്റെ ഊഷ്മളത അനുഭവിച്ചിട്ടില്ലാത്ത ശിശുവിന്റെ പിന്നീടുള്ള ഭാഷാപ്രകടനത്തിനു സാരമായ കോട്ടം സംഭവിക്കാനിടയുണ്ട്. ഇക്കാര്യം ബൗൾബിയും (J. Bowlby, 1953) ചൂണ്ടിക്കാണിച്ചിരുന്നു.

**4. നോം ചോംസ്കി (Noam Chomsky)**

ഭാഷാപഠനത്തെക്കുറിച്ച് ജ്ഞാതൃവാദിയായ ചോംസ്കിയും നവീനമായ ആശയങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. 1957-ൽ ചോംസ്കിയൻ മാതൃകയിലുള്ള ഭാഷാശാസ്ത്രം ജന്മമെടുത്തതു മുതൽ ജന്മസിദ്ധമായ സർവവ്യാകരണമെന്ന ആശയത്തെ ആധാരമാക്കി ഒട്ടേറെ പഠനങ്ങൾ നടന്നിട്ടുണ്ട്. കഴിഞ്ഞ പല ദശകങ്ങളിലായി ഉരുത്തിരിഞ്ഞുവന്ന മുഖ്യ ആശയങ്ങൾ താഴെ കാണിക്കുന്ന വിധത്തിൽ ക്രോഡീകരിക്കാം.

- മനുഷ്യമനസ്സിനു ജന്മസിദ്ധമായ സർവഭാഷാവ്യാകരണം (UG) ഉണ്ട്.
- ഭാഷയെക്കുറിച്ച് തനിക്കുള്ള ജന്മസിദ്ധമായ അറിവ് എന്താണെന്ന് ഒരാൾക്കുമറിയില്ല.
- ഏതാനും ഉപഘടകങ്ങളോടുകൂടിയ ഒന്നാണ് സർവഭാഷാവ്യാകരണം. ഓരോ ഘടകവും ഭാഷയുടെ ഒരു കൂട്ടം സ്വഭാവങ്ങളുമായി ബന്ധപ്പെട്ടവയാണ്.
- ഭാഷകളുടെ പൊതുവായ സ്വഭാവങ്ങളിൽ നിന്ന് ചില തിരഞ്ഞെടുക്കലുകൾ നടത്തുന്നതിനെയാണ് ഭാഷാപഠനമെന്നു വിവക്ഷിക്കുന്നത്. അഥവാ ജന്മസിദ്ധമായ ഭാഷാഘടകത്തിന്റെ പലവിധത്തിലുള്ള സ്പഷ്ടീകരണങ്ങളാണ് (specifications) പ്രത്യേക ഭാഷാവ്യാകരണങ്ങൾ.
- മനസ്സിലെ ഭാഷാഘടകം ഒരു പ്രജനന പ്രക്രിയയാണ് (generative process)

**ജ്ഞാനനിർമിതിവാദം (Constructivism)**

ജ്ഞാതൃസിദ്ധാന്തത്തിന്റെ അടിത്തറയിൽ രൂപംകൊണ്ട ചിന്താധാരയാണ് ജ്ഞാനനിർമിതിവാദം. കുട്ടി സ്വന്തം അറിവ് സൃഷ്ടിച്ചെടുക്കുകയാണ് ചെയ്യുന്നതെന്ന കാഴ്ചപ്പാടാണ് ഈ സമീപനം മുന്നോട്ടുവയ്ക്കുന്നത്. പൂർവാർജിതജ്ഞാനവുമായും മുന്നനുഭവങ്ങളുമായും ബന്ധപ്പെടുത്തി ആശയങ്ങൾ പരിശോധിക്കുകയും പുതിയ സാഹചര്യത്തിൽ പ്രയോഗിക്കുകയും ചെയ്ത് അറിവ് ഉൽപ്പാദിപ്പിക്കുന്നു. അതിനെ സ്വന്തം വൈജ്ഞാനികഘടനയിലേക്ക് സ്വാംശീകരിക്കുകയും ചെയ്യുന്നു. വിമർശനാത്മക ചിന്തയിലും പ്രശ്നപരിഹരണ ശ്രമങ്ങളിലും സജീവമായ പങ്കാളിത്തം ആവശ്യപ്പെടുന്നതും കുട്ടിയെ സംബന്ധിച്ചിടത്തോളം പ്രസക്തവും സ്വയം പ്രചോദിതവുമായ പഠന പ്രവർത്തനങ്ങൾക്ക് ജ്ഞാനനിർമിതി സമീപനം പ്രാധാന്യം നൽകുന്നു.

**സാമൂഹ്യജ്ഞാനനിർമ്മിതിവാദം (Social Constructivism)**

ജ്ഞാനനിർമ്മിതിവാദത്തിന്റെ ഒരു ഉപവിഭാഗമാണ് സാമൂഹ്യജ്ഞാനനിർമ്മിതിവാദം. ഭാഷ പരിപക്വമാകുന്നതിൽ സാമൂഹ്യസാഹചര്യങ്ങൾക്കുള്ള പ്രാധാന്യം ഇതിൽ ഊന്നിപ്പറയുന്നു.

കുട്ടികൾ അവരുടെ സമപ്രായക്കാരുമായും മുതിർന്നവരുമായും നടത്തുന്ന ഇടപെടലുകൾ ഭാഷാവികസനത്തിനു കാരണമാകുന്നു. സംവാദാത്മകമായ സംഘപഠനത്തിന്റെ പ്രാധാന്യം ലോകമാകെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ഇത് സാമൂഹ്യജ്ഞാനനിർമ്മിതിവാദത്തിന്റെ വമ്പിച്ച സ്വാധീനം വ്യക്തമാക്കുന്നു.

**പ്രവർത്തനങ്ങൾ**

1. ഭാഷാർജന പ്രക്രിയ എന്തെന്ന് വ്യക്തമാക്കുക?
2. ഭാഷാർജന പ്രക്രിയയിലൂടെയാണ് ഭാഷാപഠനം നടക്കുന്നതെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക?

3. കുട്ടിക്ക് ഏറ്റവും പ്രിയപ്പെട്ട കളിപ്പാട്ടം കൈയിൽ നിന്ന് വീണ് പൊട്ടിപ്പോയി. ഈ അനുഭവത്തെ ഭാഷാർജനചിന്തയുമായി ബന്ധപ്പെടുത്തി - കുട്ടി ഭാഷ ഉൽപാദിപ്പിക്കുന്നു എന്ന പ്രസ്താവനയുമായി ബന്ധപ്പെടുത്തി എങ്ങനെ വിശദമാക്കാം?

   ഉദാ: അയ്യോ...അമ്മേ... എന്റെ കളിപ്പാട്ടം മുഴുവനും പൊട്ടിപ്പോയി.

   - എന്റെ കളിപ്പാട്ടം പോയേ......
   -
   -
   -
4. എങ്ങനെയാണ് ഗൃഹഭാഷയും പ്രാദേശികഭാഷയും ഭാഷാർജനത്തെ സ്വാധീനിക്കുന്നതെന്ന് ഉദാഹരണ സഹിതം വ്യക്തമാക്കുക.
5. എന്തുകൊണ്ടാണ് കുട്ടികൾ ഉച്ചാരണത്തെറ്റുകൾ വരുത്തുന്നത്? അത് പരിഹരിക്കാനുള്ള മാർഗങ്ങൾ എന്തെല്ലാം?
6. ഉച്ചാരണാവയവങ്ങളും അവയുടെ സ്ഥാനങ്ങളും അധ്യാപകവിദ്യാർഥി പഠിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം? അവ പ്രൈമറിക്ലാസിൽ ഏത് തരത്തിലാണ് പ്രയോജനപ്പെടുത്താൻ കഴിയുന്നത്?
7. ഭാഷപഠനം സംബന്ധിച്ച് സ്കിന്നർ, ചോംസ്കി, വൈഗോട്സ്കി എന്നിവരുടെ കാഴ്ചപ്പാടുകൾ പവർപോയിന്റ് പ്രസന്റേഷനായി തയാറാക്കുക.
8. ഭാഷാർജനത്തിൽ കുട്ടിയെ ആദ്യഘട്ടത്തിൽ സ്വാധീനിക്കുന്നത് ഗൃഹഭാഷയും പ്രാദേശിക ഭാഷയുമാണ്. കുട്ടികളുടെ ഗൃഹഭാഷയും പ്രാദേശിക ഭാഷയും പരിശോധിച്ച് പ്രാദേശിക പദകോശം തയാറാക്കുക.

**അധികവായനയ്ക്ക്**

### വ്യവഹാരവാദം (Behaviourism)

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലാണ് വ്യവഹാരവാദം ഉടലെടുത്തത്. മനശ്ശാസ്ത്രത്തിൽ വ്യവഹാരവാദപ്രസ്ഥാനം ശക്തമായത് റഷ്യൻ മനശ്ശാസ്ത്രജ്ഞനായ പാവ്‌ലോവ് നായയിൽ നടത്തിയ പഠനത്തോടുകൂടിയാണ് (1902). തുടർന്ന് വാട്സൺ, തോൺഡൈക്, ഗത്രി, ഹൾ തുടങ്ങിയവരും ഈ പ്രസ്ഥാനത്തിനു കരുത്തു പകർന്നു. വ്യവഹാരവാദത്തിന് ഏറ്റവും കൂടുതൽ സംഭാവന നൽകിയത് സ്കിന്നർ ആണ്. ജീവനുള്ള വസ്തുക്കൾ എന്തെല്ലാം ചെയ്യുന്നുവെന്നും എന്തെല്ലാം ചെയ്യുന്നില്ലെന്നും അടിസ്ഥാനമാക്കിയാണ് വ്യവഹാരത്തെക്കുറിച്ചുള്ള പഠനങ്ങൾ നടത്തേണ്ടതെന്ന് സ്കിന്നർ വിശ്വസിച്ചു.

വ്യവഹാരത്തെ എങ്ങനെ നിരീക്ഷിക്കാമെന്നും നിയന്ത്രണവിധേയമാക്കാമെന്നും സ്കിന്നർ പറയുന്നു. അനുകൂലമായ പ്രബലനം വഴി മനുഷ്യവ്യവഹാരത്തെ കൂടുതൽ ദ്രുതഗതിയിൽ രൂപപ്പെടുത്താമെന്ന് അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ beyond freedom and Dignity (1971) എന്ന പുസ്തകത്തിൽ സ്വാതന്ത്ര്യം, അന്തസ്സ് തുടങ്ങിയ ആശയങ്ങൾ ആധുനിക സമൂഹത്തിൽ ഉപയോഗശൂന്യമാണെന്ന് അദ്ദേഹം പറയുന്നു. എന്തെന്നാൽ ഒരു പ്രത്യേക സാഹചര്യത്തിൽ വ്യക്തി എന്താണു ചെയ്യുക എന്നത് അവനു ഭൂതകാലത്തിൽ എന്തു സംഭവിച്ചിട്ടുണ്ടെന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. നല്ലവരായ വ്യക്തികളെ സൃഷ്ടിക്കുന്നതിന് അവരുടെ വ്യവഹാരത്തെ നിയന്ത്രിക്കുന്നതെങ്ങനെയാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

### വ്യവഹാരവാദത്തിലെ മുഖ്യ ആശയങ്ങൾ

- മനുഷ്യന്റെ വ്യവഹാരം പ്രേരണയുടെയും (stimulus) പ്രതികരണത്തിന്റെയും (response) പ്രതിപ്രവർത്തനമാണ്.
- വ്യവഹാരം മാറ്റിയെടുക്കാവുന്ന ഒന്നാണ്.
- മൃഗങ്ങളുടെ വ്യവഹാരങ്ങളെക്കുറിച്ചുള്ള പഠനം മനുഷ്യന്റെ വ്യവഹാരത്തെ വിശകലനം ചെയ്യുന്നതിനു സഹായിക്കും.
- രണ്ടു തരത്തിലുള്ള പ്രതികരണങ്ങളുണ്ട്. ഒന്ന് പ്രേരണയുടെ സാന്നിധ്യത്തിൽ സംജാതമാകുന്ന പ്രതികരണവും (eicited response) മറ്റേത് പ്രേരണയുടെ ഫലമായിട്ടല്ലാതെയുള്ള പ്രതികരണവും (emitted response)
- രണ്ടു തരത്തിലുള്ള പാകപ്പെടുത്തലുകൾ ഉണ്ട്. പ്രതികരണബന്ധിത പാകപ്പെടുത്തലുകളും ഉപകരണബന്ധിത പാകപ്പെടുത്തലുകളും. ഒരു പുതിയ പ്രേരണവഴി പഴയ പ്രതികരണത്തെ ഉണർത്തുന്ന പഠനത്തെയാണ് പ്രതികരണബന്ധിത പാകപ്പെടുത്തൽ എന്നു പറയുന്നത്.

  പാവ്‌ലോവ് ആണ് ഈ ആശയം സംഭാവന ചെയ്തത്. വേട്ടക്കാരന്റെ മണം പിടിച്ച ഉടൻ പക്ഷി പറന്നകലുന്നത് ഇതിനുള്ള ഉദാഹരണമാണ്.

  ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നതു വഴി ആർജിക്കുന്ന പ്രതികരണമെന്ന നിലയിൽ പഠനത്തെ വീക്ഷിക്കുന്നത് ഉപകരണബന്ധിത പാകപ്പെടുത്തലിനെയാണ് സൂചിപ്പിക്കുന്നത്.

  നാം ആഗ്രഹിക്കുന്ന വ്യവഹാരത്തിനടുത്തു വരുന്ന വ്യവഹാരത്തെ സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുന്നത് ഈ തരത്തിലുള്ള പഠനം സൃഷ്ടിക്കുന്നതിന് ഉദാഹരണമാണ്. സ്കിന്നറാണ് ഈ ആശയം മുന്നോട്ടുവയ്ക്കുന്നത്. അനുകൂലവും പ്രതികൂലവുമായ പ്രബലനങ്ങളുണ്ട്. അതുവഴി വ്യവഹാരത്തെ സ്ഥിരപ്പെടുത്താനും അല്ലാത്തവയെ നീക്കം ചെയ്യാനും കഴിയും. ദാഹിക്കുമ്പോൾ ടാപ്പ് ഇടത്തോടു തിരിച്ച് വെള്ളമെടുക്കുന്നത് ഈ തരത്തിലുള്ള പഠനത്തിന് ഉദാഹരണമാണ്. ടാപ്പ് ഇടത്തോട്ടു തിരിച്ച് വെള്ളം ലഭിക്കുന്നില്ലെങ്കിൽ നാം വലത്തോട്ടു തിരിച്ചു നോക്കും.
- വ്യവഹാരത്തെ മാറ്റിയെടുക്കുന്നതിന് ചില നടപടികളുണ്ട്.
  - വ്യവഹാരലക്ഷ്യങ്ങൾ തീരുമാനിക്കുക.
  - അനുയോജ്യമായ പ്രബലനങ്ങൾ ഏതെല്ലാമാണെന്നു തീരുമാനിക്കുക.
  - വർത്തനത്തെ മാറ്റുന്നതിനുള്ള നടപടികൾ തിരഞ്ഞെടുക്കുക.
  - നടപടികൾ നടപ്പിലാക്കുകയും ഫലം രേഖപ്പെടുത്തുകയും ചെയ്യുക.
  - പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക.

### ഘടനാവാദം

വ്യവഹാരവാദം പ്രബലമായ കാലഘട്ടത്തിലാണ് ഭാഷയെക്കുറിച്ച് ഒട്ടേറെ കണ്ടെത്തലുകളുമായി സസ്സൂർ, ലെവിസ്ട്രാസ് തുടങ്ങിയ ഭാഷാശാസ്ത്രജ്ഞന്മാരുടെ പിൻബലത്തോടെ ബ്ലൂംഫീൽഡും അനുയായികളും രംഗത്തുവന്നത്. ഏതു വാക്യത്തെയും പടിപടിയായി വിശ്ലേഷണം ചെയ്ത് അതിന്റെ ഏകകങ്ങളായ സ്വനിമകളിൽ എത്തിച്ചേരാമെന്ന ബ്ലൂംഫീൽഡിന്റെ കണ്ടെത്തൽ അക്കാലത്ത് വിസ്മയം ഉളവാക്കിയ ഒന്നായിരുന്നു. ഭാഷയുടെ ഘടന വെളിപ്പെടുത്തുന്ന ഈ വിശകലനരീതിയിൽ നിന്നാണ് ഘടനാവാദം എന്ന പേരിലറിയപ്പെട്ട ചിന്താധാര വികാസം പ്രാപിച്ചത്. ഭാഷാപഠനത്തെക്കുറിച്ച് വ്യവഹാരവാദികൾ മുന്നോട്ടുവച്ച ആശയങ്ങൾ അതേപടി സ്വീകരിക്കുകയാണ് ബ്ലൂംഫീൽഡും കൂട്ടരും ചെയ്തത്. 1930–50 കാലഘട്ടത്തിൽ അമേരിക്കൻ ബുദ്ധിമണ്ഡലത്തെ മുഴുവൻ കീഴടക്കുവാൻ ഘടനാവാദത്തിനു കഴിഞ്ഞു.

മനഃശ്ശാസ്ത്രം, സാഹിത്യം, സമൂഹശാസ്ത്രം, ഭൗതികവാദം തുടങ്ങിയ വിവിധങ്ങളായ വിജ്ഞാനമേഖലകളെ സ്വാധീനിക്കുവാൻ കഴിഞ്ഞുവെന്നത് ഈ ചിന്താധാരയ്ക്ക് ലഭിച്ച അംഗീകാരത്തെയാണ് കാണിക്കുന്നത്. എന്തിനെയും വിശ്ലേഷിച്ച് അതിന്റെ ഘടകങ്ങളിൽ എത്തിച്ചേരാമെന്ന ഘടനാവാദത്തിന്റെ ചുവടു പിടിച്ചാണ് സമൂഹത്തിന്റെ ഘടന, മനസ്സിന്റെ ഘടന തുടങ്ങിയ അന്വേഷണങ്ങളിലേക്കെല്ലാം ദാർശനികർ വ്യാപരിച്ചത്. തങ്ങളുടെ ബുദ്ധിപരമായ മേൽക്കോയ്മയെക്കുറിച്ച് അതിരുകവിഞ്ഞ ആത്മവിശ്വാസമുള്ളവരായിരുന്നു ഘടനാവാദികൾ. അതുകൊണ്ടുതന്നെ ഭാഷയെക്കുറിച്ച് തങ്ങൾ ഉന്നയിക്കുന്ന വാദഗതികൾ ദുർബലമാണെന്ന് തിരിച്ചറിയാൻ അവർക്കു കഴിഞ്ഞില്ല. മൃഗങ്ങളുടെ വർത്തനവ്യതിയാനത്തെക്കുറിച്ച് നടത്തിയ പഠനങ്ങളാണ് തങ്ങളുടെ വാദങ്ങളെ രൂപപ്പെടുത്തിയത് എന്നതിനാൽ അവയിൽ എന്തെങ്കിലും ന്യൂനതയുള്ളതായി വ്യവഹാരവാദികൾക്കും തോന്നിയില്ല.

### വ്യവഹാരസിദ്ധാന്തം ചോദ്യം ചെയ്യപ്പെടുന്നു

യാന്ത്രികമായി വ്യവഹാരങ്ങൾ പ്രകടിപ്പിക്കുന്ന ഒരു ജീവിയെന്ന നിലയിലാണ് വ്യവഹാരവാദത്തിൽ മനുഷ്യനെ കാണുന്നത്. അല്ലാതെ ഇച്ഛാശക്തിയും ലക്ഷ്യബോധവുമുള്ള ജീവി എന്ന നിലയിലല്ല. ഇത് മനുഷ്യന്റെ വ്യവഹാരത്തെ അമിതമായി ലളിതവൽക്കരിക്കുന്നുവെന്നാണ് വ്യവഹാരവാദത്തിനു നേരിടേണ്ടിവന്ന കടുത്ത വിമർശനം. വ്യവഹാരവാദത്തിനും അതിന്റെ അടിത്തറയിൽ പടുത്തുയർത്തിയ ഘടനാവാദത്തിനും ഒരു പോലെ മങ്ങലേറ്റത് ജ്ഞാതൃവാദികളുടെ രംഗപ്രവേശത്തോടുകൂടിയാണ്. 1957-ൽ ചോംസ്കി (Nom Chomsky) പുറത്തിറക്കിയ syntactic Structures എന്ന ഗ്രന്ഥം ഇതിനു നിമിത്തമായിത്തീർന്നു. ഭാഷയെ വിശകലനം ചെയ്യുന്നതിനു ഘടനാവാദികൾ മുന്നോട്ടുവച്ച രീതിയുടെ അശാസ്ത്രീയത തെളിവുകളുടെ അടിസ്ഥാനത്തിൽ ചോംസ്കി ചൂണ്ടിക്കാണിച്ചു. അതോടൊപ്പം തന്നെ ഭാഷാപഠനവുമായി ബന്ധപ്പെടുത്തി വ്യവഹാരവാദികൾക്കു വിശദീകരണം നൽകാൻ കഴിയാത്ത ഒട്ടേറെ വസ്തുതകളുണ്ടെന്ന് അദ്ദേഹം വാദിക്കുകയും ചെയ്തു.

ഭാഷ പഠിക്കുകയെന്നത് കുട്ടിയുടെ ജന്മസിദ്ധമായ കഴിവാണെന്ന അടിത്തറയിലാണ് അദ്ദേഹം തന്റെ സിദ്ധാന്തം രൂപകല്പന ചെയ്തത്. തുടർന്ന് 1959-ൽ സ്കിന്നറുടെ verbal Behaviour എന്ന കൃതിയെക്കുറിച്ചുള്ള വിമർശനാത്മകമായ പ്രബന്ധവും അദ്ദേഹം പുറത്തിറക്കി. ഭാഷയെക്കുറിച്ചും ഭാഷാപഠനത്തെക്കുറിച്ചും പിൽക്കാലത്തു നടന്ന ഒട്ടേറെ ഗവേഷണങ്ങൾക്കും സംവാദങ്ങൾക്കും തുടക്കം കുറിച്ചതും ചോംസ്കിയുടെ സിദ്ധാന്തമാണെന്നു നിസ്സംശയം പറയാം.

### വ്യവഹാരവാദത്തിന്റെ പരിമിതി

പഠനത്തെക്കുറിച്ച്, വിശിഷ്യാ ഭാഷാപഠനത്തെക്കുറിച്ച് വ്യവഹാരവാദികൾ മുന്നോട്ടുവച്ച ആശയങ്ങൾ മനുഷ്യമനസ്സിന്റെ നൈസർഗിക സിദ്ധികളെ കണക്കിലെടുക്കുന്നില്ലെന്നതിനാൽ അവയുമായി പൊരുത്തപ്പെടാൻ ജ്ഞാതൃവാദികൾക്കു കഴിഞ്ഞിരുന്നില്ല.

ഭാഷയുടെയും ഭാഷാപഠനത്തിന്റെയും താഴെ കൊടുത്ത സവിശേഷതകൾ വിശദീകരിക്കാൻ വ്യവഹാരവാദത്തിനു കഴിയുന്നില്ലെന്ന് അവർ ചൂണ്ടിക്കാണിച്ചു.

1. മനുഷ്യനു മാത്രമുള്ള കഴിവാണ് ഭാഷ. മറ്റു ജീവികൾക്കു ലഭ്യമാകുന്ന ഒന്നല്ല ഭാഷാവ്യവസ്ഥ (language system).
2. പുതിയ സാഹചര്യങ്ങളിൽ അനന്തമായ എണ്ണം പുതിയ വാക്യങ്ങൾ സൃഷ്ടിക്കുന്നതിനും മനസ്സിലാക്കുന്നതിനും കുട്ടിക്കു കഴിയും. അനുകരണം വഴിയും പ്രബലനം വഴിയുമാണ് ഈ പുതിയ വാക്യങ്ങൾ പഠിക്കുന്നതെന്ന് കരുതാൻ വയ്യ. ഭാഷ സൃഷ്ടിപരമാണെന്നത് അതിന്റെ തനിമയാർന്ന സ്വഭാവമാണ്.
3. രണ്ടു വയസ്സു പൂർത്തിയാകുന്നതിനു മുമ്പുതന്നെ കുട്ടി ഭാഷ പഠിച്ചുതുടങ്ങുന്നു. അഞ്ചുവയസ്സായകുമ്പോഴേക്കും ഭാഷപഠനം ഏറെക്കുറെ പൂർണമാകുന്നു. അഞ്ചു വയസ്സുള്ള കുട്ടി മാതൃഭാഷ

യുടെ വ്യവസ്ഥ സ്വാംശീകരിച്ചിരിക്കും. അവളുടെ ഭാഷാസമൂഹവുമായി ആശയവിനിമയം ചെയ്യാൻ അവൾക്കു കഴിയും. എല്ലാ ഭാഷകളും വളരെ സങ്കീർണമായ വ്യവസ്ഥകളാണെന്നു നമുക്കറിയാം. വർഷങ്ങളോളമുള്ള ഗവേഷണങ്ങൾക്കു ശേഷവും ഒരു ഭാഷയെക്കുറിച്ചും പഴുതുകളില്ലാത്ത സിദ്ധാന്തം വികസിപ്പിച്ചെടുക്കുന്നതിന് ധിഷണാശാലികളായ ഭാഷാശാസ്ത്രജ്ഞർക്കു കഴിഞ്ഞിട്ടില്ല. 3+2=5 എന്നോ 3×2=6 എന്നോ ഉള്ള ഗണിതശാസ്ത്ര പ്രശ്നങ്ങൾപോലും നിർധാരണം ചെയ്യാൻ കഴിയാത്ത കുട്ടിയാണ് ഇത്രയും ചെറിയ കാലയളവിനുള്ളിൽ സങ്കീർണമായ ഭാഷാവ്യവസ്ഥ സ്വായത്തമാക്കുന്നത്.

4. കുട്ടി പരിചയപ്പെടുന്ന ഭാഷ പലപ്പോഴും അപൂർണവും ക്രമരഹിതവുമാണ്. അവളുടെ ഭാഷാസമൂഹത്തിലെ അംഗങ്ങൾ പൂർണമായ വാക്യങ്ങളുപയോഗിച്ചല്ല പലപ്പോഴും ആശയവിനിമയം നടത്താറുള്ളത്. എന്നാൽ ഇതു കുട്ടിയുടെ ഭാഷാശേഷിയെ ബാധിക്കുന്നില്ല. ഒരു നിശ്ചിത കാലയളവിനുള്ളിൽ അവളുടെ ഭാഷാവ്യവസ്ഥ സമ്പന്നമാകുന്നു. ഭാഷയെക്കുറിച്ചുള്ള നമ്മുടെ അറിവ് സങ്കീർണവും അമൂർത്തവുമാണ്. നമുക്കു ലഭിക്കുന്ന ഭാഷാപരമായ അനുഭവം പരിമിതമാണ്. ഇത്തരത്തിലുള്ള ശുഷ്കമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ സങ്കീർണമായ ഒരറിവും സൃഷ്ടിക്കാൻ കഴിയില്ല. അതിനാൽ ഭാഷയെക്കുറിച്ചുള്ള അറിവ് നമുക്ക് തെളിവു ലഭിച്ചിട്ടില്ലാത്ത ബാഹ്യമായ ഒരിടത്തുനിന്നു വരുന്നതാണ്. പൂർവജന്മസ്മരണയിൽ നിന്നും എത്തുന്നു എന്ന വിശദീകരണമാണ് പ്ലാറ്റോ നൽകിയത്. മനസ്സിന്റെ നൈസർഗിക സ്വഭാവങ്ങളിൽ നിന്നുമാണ് എന്നാണ് ചോംസ്കി പറഞ്ഞത്.

-വി.കുക്ക് (V.COOK, 1998)

5. പ്രവചന വിധേയമായ പ്രായത്തിൽ-അതായത് 12-18 മാസങ്ങളിൽ ആണ് ലോകത്തിലെ ഏതു മനുഷ്യ ശിശുവും ഭാഷ പഠിച്ചുതുടങ്ങുന്നത്. സുനിശ്ചിതമായ ഘട്ടങ്ങളിലൂടെ ഭാഷാപഠനം മുന്നേറുകയും ചെയ്യുന്നു. രണ്ടു വയസ്സിനും അഞ്ചു വയസ്സിനും ഇടയിലാണ് ഭാഷാപഠനം ഏറ്റവും തീവ്രമായ രീതിയിൽ നടക്കുന്നത്. പന്ത്രണ്ടു വയസ്സിനുശേഷം ഭാഷ പഠിക്കുന്നതിനുള്ള കഴിവ് മന്ദീഭവിച്ചു തുടങ്ങുന്നു. കുട്ടിയുടെ മസ്തിഷ്കം പക്വമാകുന്നത് രണ്ടു വയസ്സിനും പന്ത്രണ്ടു വയസ്സിനും ഇടയിലാണെന്നതു ശ്രദ്ധേയമാണ്.

6. ഭാഷകൾക്കു ചില സാർവലൗകിക സ്വഭാവങ്ങളുണ്ട്. ഘടനാപരമായി സാദൃശ്യമുള്ളവയാണ് ലോകത്തിലെ ഭാഷകളെല്ലാം തന്നെ. ഏതാനും ബാഹ്യലക്ഷണങ്ങളുടെ കാര്യത്തിൽ മാത്രമാണ് രണ്ടു ഭാഷകൾ തമ്മിൽ വ്യത്യാസമുള്ളത്. ഏറെക്കുറെ പ്രവചിക്കാൻ കഴിയുന്നവയാണ് ഈ വ്യത്യാസങ്ങൾ.

മുകളിൽ പരാമർശിച്ച വസ്തുതകൾ വിരൽ ചൂണ്ടുന്നത് ഭാഷ പഠിക്കുന്നതിനു സഹായകമായ ഒരു ഘടകം മനുഷ്യമസ്തിഷ്കത്തിൽ ഉണ്ടെന്നതിലേക്കാണ്. കുട്ടിയുടെ മനസ്സ് ശൂന്യമായ സ്ലേറ്റ് (tabularasa) പോലെയാണെന്നും സമൂഹത്തിൽ നിന്നു ലഭിക്കുന്ന അറിവുകൾ ഇതിൽ നിറക്കപ്പെടുകയാണെന്നുമുള്ള ജോൺ ലോക്കിന്റെ (John Lock) വാദം ശരിയല്ല. ചോംസ്കി ആവിഷ്കരിച്ച ഭാഷാശാസ്ത്ര സിദ്ധാന്തത്തിന്റെ ആരംഭഘട്ടത്തിൽ മനസ്സിലെ ഭാഷാഘടകത്തിനെ ഭാഷാ സ്വാംശീകരണ സംവിധാനം (Language Acquistion Device) എന്നാണു വിശേഷിപ്പിച്ചത്.

**ഭാഷ - ജീവശാസ്ത്രപരമായി ചിട്ട ചെയ്യപ്പെട്ട സംവിധാനം**

ചോംസ്കിയൻ മാതൃകയിലുള്ള രചനാന്തരണ പ്രജനക വ്യാകരണം (Tranformational Generative Grammer) ഉടലെടുത്തതു മുതൽ മുന്നോട്ടുവച്ചിട്ടുള്ള ആശയമാണ് മനുഷ്യമനസ്സിൽ അഥവാ, മസ്തിഷ്കത്തിൽ ഭാഷയ്ക്കു വേണ്ടി ഒരു ഘടകമുണ്ടെന്നത്. ഇപ്രകാരം ഭാഷ ജീവശാസ്ത്രപരമായി ചിട്ട ചെയ്യപ്പെട്ടതാണെന്ന വാദത്തെ സാധൂകരിക്കുന്ന മറ്റുചില വസ്തുതകൾ കൂടി പരിശോധിക്കാം.

(അവലംബം - Jean Athkinson)

- ജനനം തൊട്ട് മാതാപിതാക്കൾ കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുകയും അവരെ പരിപാലിക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ ജീവസന്ധാരണത്തിനുവേണ്ടി ആശയവിനിമയം നടത്തേണ്ട തീവ്രമായ ആവശ്യം കുട്ടിക്ക് ചെറുപ്പത്തിൽ ഇല്ല. എന്നിട്ടും കുട്ടിയിൽ നേരത്തെ തന്നെ ഭാഷാ വികസനം നടക്കുന്നു. ആന്തരികമായ ഭാഷാ വ്യവസ്ഥ ഇല്ലായിരുന്നുവെങ്കിൽ സ്വന്തം കാര്യം നോക്കുന്നതിനു കുട്ടികൾ നിർബന്ധിതമായിത്തീരുന്ന പ്രായത്തിലും സാഹചര്യത്തിലും മാത്രമെ ഭാഷാപഠനം നടക്കുകയുള്ളൂ.
- ലോകത്തിന്റെ വിവിധ ഭാഗത്തുള്ള വ്യത്യസ്ത സംസ്കാരങ്ങളിൽ വളരുന്നവരാണെങ്കിലും ഭാഷാ പഠനത്തിന്റെ കാര്യത്തിൽ കുട്ടികൾ സമാനത പാലിക്കുന്നു. ഇതു സമാനമായ ഒരു ആന്തരിക വ്യവസ്ഥയുടെ സാന്നിധ്യം വ്യക്തമാക്കുന്നു.
- നാളെ മുതൽ ഞാൻ ഭാഷ സംസാരിച്ചു തുടങ്ങുകയാണ് എന്ന് ഒരു കുട്ടിയും തീരുമാനമെടുക്കുന്നില്ല. അങ്ങനെയൊരു തീരുമാനമില്ലാതെതന്നെ ഭാഷാപഠനം നടക്കുന്നു.
- ജീവിതസാഹചര്യങ്ങളിൽ പ്രത്യേക മാറ്റങ്ങളൊന്നും ഇല്ലാതിരിക്കുമ്പോഴും ഭാഷാപഠനം നടക്കുന്നുണ്ട്. ഏതെങ്കിലും പ്രത്യേക സംഭവമോ, സാഹചര്യത്തിലുള്ള വ്യതിയാനമോ  അല്ല ശിശുവിനെ ഭാഷാപഠനത്തിലേക്കു നയിക്കുന്നത്. ആന്തരികമായ ഒരു ക്ലോക്ക് ശിശുവിന്റെ ഉള്ളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്നു തോന്നുംവിധം ജനിച്ച് അഞ്ചോ ആറോ മാസം കഴിയുന്നതു മുതൽ ശിശു ഭാഷണത്തിനാവശ്യമായ ഏതാനും ശബ്ദങ്ങൾ പുറപ്പെടുവിച്ചു തുടങ്ങുന്നു.
- പതിനെട്ടു മാസങ്ങൾക്കു മുമ്പ് വളരെ കുറച്ചു പദങ്ങളേ കുട്ടി ഉച്ചരിക്കുന്നുള്ളൂ. പതിനെട്ടു മാസങ്ങൾക്കു ശേഷമാകട്ടെ അവിശ്വസനീയമായ വികാസമാണ് കുട്ടിയുടെ ഭാഷാപ്രകടനത്തിൽ ദൃശ്യമാകുന്നത്. മസ്തിഷ്കത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ട ഒരു 'സ്വിച്ച്' പ്രവർത്തിച്ചു തുടങ്ങുന്നതിനു വേണ്ടി അവൾ കാത്തിരിക്കുകയായിരുന്നു എന്നാണ് തോന്നുക.

### സഹായക ഗ്രന്ഥങ്ങൾ


1. പ്രീസ്കൂൾ വിദ്യാഭ്യാസം (ഒന്നാംഭാഗം) - എം.കെ.ശിവശങ്കരൻനായർ വിദ്യാർഥിമിത്രം ബുക്ക് ഡിപ്പോ, ജൂൺ 1990
2. വിദ്യാഭ്യാസ മനശ്ശാസ്ത്രവും ശിശുവികാസവും (ഒന്നാംഭാഗം) - ഡോ. കെ.ജി. രാമചന്ദ്രപ്പണിക്കർ, പി.കെ.ശങ്കരനാരായണൻ വിദ്യാർഥിമിത്രം ബുക്ക് ഡിപ്പോ, ജൂൺ 1994.
3. ആധുനിക ഭാഷാശാസ്ത്രം - കെ.എം.പ്രഭാകരവാര്യർ, ശാന്താ അഗസ്റ്റിൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1994
4. ഭാഷാശാസ്ത്ര വിവേകം - ഡോ.കെ.എം. പ്രഭാകരവാര്യർ വള്ളത്തോൾ വിദ്യാപീഠം 2013
5. The Language and Mental Development of children - A.F. Watts, George G Harrap & Co. 1944.

# യൂണിറ്റ് 3
# ഭാഷണവും വായനയും

ഭാഷാപഠനത്തിന്റെ അടിസ്ഥാനനൈപുണികളിൽ ഭാഷണവും വായനയും ലേഖനവും ഏറെ പ്രാധാന്യമർഹിക്കുന്നു. മാനസികവികാസവുമായി വളരെയേറെ ബന്ധപ്പെട്ടതാണ് ഭാഷണവികാസം. ഭാഷയുടെ ലിഖിതരൂപത്തിലൂടെ സൂചിപ്പിക്കുന്ന അർഥം ഗ്രഹിക്കുക എന്നതാണ് വായനയുടെ ലക്ഷ്യം. ഭാഷാപഠനത്തിന്റെ പ്രാഥമികദശയിൽ തന്റെ മുന്നിലെത്തുന്ന കുട്ടിയുടെ ഇത്തരം ശേഷികൾ വികസിപ്പിക്കുന്നതിന് അധ്യാപകവിദ്യാർഥികൾ ധാരണ നേടണമെന്നതിന്റെ ആവശ്യകത ഇവിടെയാണ്. അവർക്കായി പ്രത്യേകഭാഷണസന്ദർഭങ്ങൾ ഒരുക്കുകയും അനായാസമായി ഭാഷണത്തി ലേർപ്പെടാൻ പ്രേരിപ്പിക്കുന്നതിന് ചിത്രവായന പോലുള്ള സങ്കേതങ്ങൾ പരിചയപ്പെടുത്തുകയും വേണം. എഴുത്തിന്റെ ചിത്രരൂപത്തിലുള്ള മനസ്സിൽ പതിയലാണ് വായനയുടെ ആദ്യ പാഠങ്ങൾ. അതിനുള്ള പ്രധാന ഉപാധിയായ ഗ്രാഫിക് റീഡിങ്ങിനെക്കുറിച്ചും അറിയണം. അക്ഷരോച്ചാരക ഭാഷയായ മലയാളത്തിന് സവിശേഷമായ എഴുത്തുരീതികളുണ്ടെന്നും ഭാഷണരീതികൾ എഴുത്തിനെ സ്വാധീനിക്കാറുണ്ടെന്നും മനസ്സിലാക്കണം. അതിനായി രസകരമായ നിരവധി പ്രവർത്തനങ്ങളിലൂടെ, തന്ത്രങ്ങളിലൂടെ, നിരീക്ഷണങ്ങളിലൂടെ, കണ്ടെത്തലുകളിലൂടെ ലക്ഷ്യബോധത്തിലെത്താൻ ഉതകുന്നതാണ് ഈ യൂണിറ്റ്.

**ഭാഷാപഠനം**

> *"ഭാഷ ആർജിക്കാനും ആശയവിനിമയം നടത്താനുമുള്ള ജന്മസിദ്ധമായ കഴിവ് മനുഷ്യനുണ്ട്. ശൈശവത്തിൽ എങ്ങനെയാണോ മാതൃഭാഷ ആർജിക്കുന്നത്, ആ രീതിയുടെ സവിശേഷത കൾ ഉൾപ്പെടുത്തിവേണം ഭാഷാപഠനാനുഭവങ്ങൾ രൂപപ്പെടുത്തേണ്ടത്. ജന്മസിദ്ധമായ ചിന്താ ശേഷികളും ഭാഷാപഠനശേഷികളും ഉപയോഗപ്പെടുത്തിയാണ് ഓരോ കുട്ടിയും പഠിക്കുന്നത്. ആശയസ്വീകരണത്തിന് ശ്രവണം എന്ന ശേഷിയും ആശയപ്രകാശനത്തിന് ഭാഷണം എന്ന ശേഷിയും പ്രയോജനപ്പെടുത്തുന്നു. വായന, എഴുത്ത് എന്നിവ സമാനമായ മറ്റു രണ്ടു ശേഷി കളാണ്. ഈ ശേഷികൾ നേടുന്നതും പ്രയോഗത്തിലൂടെയാണ്. ഒന്നാം ക്ലാസിൽ കുട്ടികൾക്കി ഷ്ടപ്പെട്ട കഥാപാത്രങ്ങൾ വരുന്ന കഥകളാണ് പാഠഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം തരത്തിൽ കഥകൾക്കും കവിതകൾക്കും പുറമെ വിവരണപാഠങ്ങൾ, സംഭാഷണപാഠ ങ്ങൾ, ലഘു ശാസ്ത്രലേഖനങ്ങൾ എന്നിവയായി പാഠങ്ങളുടെ വളർച്ച സാധ്യമാക്കിയിട്ടുണ്ട്".*
>
> *Standard 1 H B - 2013*

- ഒന്ന്, രണ്ട് ക്ലാസ്സുകളിലെ അധ്യാപക സഹായിയിൽ നൽകിയിട്ടുള്ള ഈ വരികൾ എന്തെല്ലാം ആശയങ്ങളാണ് മുന്നോട്ടുവെക്കുന്നത്?

ഭാഷയുടെ സ്വാഭാവിക രൂപം വാമൊഴിയാണ്.ഫലപ്രദമായ ആശയസ്വീകരണം, ആശയ പ്രകടനം എന്നിവയ്ക്ക് ഭാഷ കൂടിയേ തീരൂ. മനുഷ്യൻ ഭാഷ ഉപയോഗിച്ചുതുടങ്ങിയശേഷം ആയിരക്കണക്കിനു വർഷങ്ങൾ കഴിഞ്ഞാണ് ലിപി രൂപമെടുക്കുന്നത്. ലോകത്ത് ഏറ്റവും കൂടുതലായി ആളുകൾ ഭാഷ ഉപയോഗപ്പെടുത്തി ആശയവിനിമയം നടത്തുന്നത് വാമൊഴിയിലൂടെയാണ്. പ്രാചീനകാലത്ത് വിദ്യാഭ്യാസം നൽകിയിരുന്നത് ഭാഷണരൂപത്തിലായിരുന്നു.

മനുഷ്യശിശു ഭാഷാശേഷി ആർജിക്കുന്നതിന്റെ രീതിയും ക്രമവും എന്താണ്? കുട്ടികൾ ഭാഷ പഠിക്കുന്നത് മറ്റുകാര്യങ്ങൾ പഠിക്കുന്നതിൽനിന്നും വ്യത്യസ്തമായാണോ? ഭാഷണ സമൂഹവുമായുള്ള

ഇടപഴകലിലൂടെ മുതിർന്നവർ പുറപ്പെടുവിക്കുന്ന അതേ ശബ്ദങ്ങളും വാക്കുകളും വ്യാകരണഘടനയുമെല്ലാം കുട്ടിയും പുറപ്പെടുവിക്കുന്നു എന്നതിൽ അത്ഭുതകരമായ ഒന്നുമില്ലെന്നാണ് തോന്നുക. എന്നാൽ ഭാഷകനും ശ്രോതാവിനും അനന്തമായ വാക്യങ്ങൾ സൃഷ്ടിക്കാനും മനസ്സിലാക്കാനും കഴിയുമല്ലോ? അനുകരണത്തിലൂടെയോ പരിശീലനത്തിലൂടെയോ ഇത് സാധ്യമാണോ?

ഭാഷാ പഠനത്തിൽ വ്യക്തമായ ചില നാഴികക്കല്ലുകളുണ്ട്. അവ വളർച്ചയുമായി ബന്ധപ്പെട്ടതാണ്. ഏതുകുട്ടിയും നിശ്ചിതമായ പടവുകൾ പിന്നിട്ടുകൊണ്ടുമാത്രമാണ് ഭാഷ സ്വായത്തമാക്കുന്നത്. ഓരോ പടവും പിന്നിടുമ്പോഴും കുട്ടികളുടെ ഭാഷാപഠനത്തിൽ ഏറ്റക്കുറച്ചിലുകൾ കണ്ടേക്കാം. എന്നാൽ പടവുകളുടെ ക്രമത്തിൽ മാറ്റമൊന്നും ഉണ്ടാവില്ല.

- ഭാഷാ പഠനത്തിലെ ഈ നാഴികക്കല്ലുകൾ യൂണിറ്റ് 2ലെ പട്ടികയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക.
- സ്വന്തം വീട്ടിലോ, സമീപവീടുകളിലോ ഉള്ള വിവിധപ്രായക്കാരായ കുട്ടികളുടെ സംഭാഷണ രീതികൾ നിരീക്ഷിച്ച് ഈ ഘട്ടങ്ങളുടെ ഭാഷാ സവിശേഷതകൾ കണ്ടെത്താനാകുമോ? കരച്ചിലും കൂകലുമൊക്കെ ഭാഷാഘട്ടമായി കണക്കാക്കേണ്ടതുണ്ടോ? നിങ്ങളുടെ അഭിപ്രായമെന്താണ്? ക്ലാസ്സിൽ ചർച്ചചെയ്യുക.

> *കരച്ചിലിന്റെ സന്ദേശം സാർവലൗകികമാണ്. ഇംഗ്ലീഷുകാരായ രക്ഷിതാക്കൾ സ്വന്തം കുട്ടിയുടെ കരച്ചിലിന്റെ സന്ദേശങ്ങൾ തിരിച്ചറിഞ്ഞതുപോലെ അനായാസമായി വിദേശശിശുക്കളുടെ കരച്ചിലിലുള്ള സന്ദേശങ്ങളും തിരിച്ചറിയുന്നുണ്ടെന്ന് റിസ്ക് നിരീക്ഷിച്ചിട്ടുണ്ട്.*
>
> *കൂകൽ സ്വനപഥത്തെ നിയന്ത്രിക്കാൻ സഹായിക്കുന്നു. കാറുകയും കുമിളകളുണ്ടാക്കുകയും ചെയ്യുന്നത് ഭാഷണാവയവങ്ങളിലുള്ള പേശീ നിയന്ത്രണത്തിന് സഹായകമാകുന്നു.*
>
> *വിദ്യാഭ്യാസ പരിവർത്തനത്തിനൊരാമുഖം-കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്*

**ഭാഷണം എന്ന സിദ്ധി**

18 മാസങ്ങൾ പിന്നിട്ട കുട്ടി അസ്പഷ്ട ശബ്ദങ്ങളുടെ കൂടെ വ്യത്യസ്ത ഈണങ്ങളും പുറപ്പെടുവിക്കുന്നുണ്ട്. ഒരു വയസ്സിനും ഒന്നര വയസ്സിനും ഇടയ്ക്കാണ് കുട്ടികൾ ഒറ്റപ്പദങ്ങൾ ഉച്ചരിക്കുന്നത്. ഈ സമയം അസ്പഷ്ടശബ്ദങ്ങൾ സൃഷ്ടിക്കുന്നത് തുടരുകയും ചെയ്യും. ക്രമേണ അവരുടെ അസ്പഷ്ട ശബ്ദങ്ങൾ യഥാർഥ ഭാഷയായി വികാസം പ്രാപിക്കുന്നു. ഈ ഘട്ടത്തിൽ ഏകദേശം 15 ഒറ്റപ്പെട്ട പദങ്ങളെങ്കിലും അവർക്കറിയാം. ഇതിൽ ആളുകളുടെയും സാധനങ്ങളുടെയും പേരുകൾ അവരുടെ ശേഖരത്തിലുണ്ടാവും. (അമ്മ, അച്ച, മാമ, മേമ, പൂച്ച എന്നിങ്ങനെ)

രണ്ടു പദങ്ങൾ ചേർത്തുവച്ചുകൊണ്ടുള്ള ഭാഷാപ്രയോഗങ്ങളിലേക്ക് പ്രവേശിക്കുന്നത് രണ്ടു വയസ്സാവുമ്പോഴാണ്. വാക്കുകൾ കൂട്ടിച്ചേർത്തു പറയാൻ തുടങ്ങുന്നഘട്ടം മുതൽ ഭാഷാപരമായ തയാറെടുപ്പിലാണ് (Language readiness) അവർ. തുടർന്ന് നാടകീയമായ രീതിയിൽ അതിവേഗത്തിലാണ് കുട്ടികൾ പദസമ്പത്ത് വർധിപ്പിക്കുന്നത്. ഒന്നര വയസ്സാവുമ്പോഴേക്കും നൂറുകണക്കിനു പദങ്ങൾ കുട്ടികളുടെ നിഘണ്ടുവിൽ ഉണ്ടായിരിക്കും. അവയെ പല രീതിയിൽ കൂട്ടിച്ചേർക്കാനും അവർക്കു കഴിയും. അമ്മ സ്ഥിരമായി ജോലിക്കുപോകുന്ന വീട്ടിലെ കുട്ടി ഒന്നരവയസ്സാവുമ്പോഴേക്കും അമ്മ എവിടെ പോയി എന്ന ചോദ്യത്തിന്, "അമ്മ ജോലിക്ക് പോയി" എന്ന വാക്യരൂപത്തിലുള്ള മറുപടി തരുമല്ലോ? ഈ പോയി എന്ന ക്രിയാപദം വിവിധനാമപദങ്ങളോടു ചേർത്ത് തുടർവാക്യങ്ങൾ നിർമ്മിക്കാൻ കുട്ടിക്കു കഴിയും.

അമ്മ, അച്ച, മാമ, പൂച്ച, കാക്ക - പോയി

മൂന്നരവയസ്സാവുമ്പോഴേക്കും അവരുടെ ഭാഷണം അന്യർക്കുപോലും മനസ്സിലാക്കാൻ കഴിയുന്ന വിധത്തിലായിരിക്കും. വ്യാകരണബദ്ധമായ ഘടനകളായിരിക്കും കുട്ടികൾ സൃഷ്ടിക്കുന്നത്. ഇങ്ങനെ അഞ്ചുവയസ്സായ കുട്ടി മാതൃഭാഷ സ്വായത്തമാക്കിക്കഴിഞ്ഞിരിക്കും. എങ്കിലും ഭാഷാപഠനം അവിടെ അവസാനിക്കുന്നില്ല. 11, 12 വയസ്സുവരെ പഠനപ്രക്രിയ തുടരും. കൗമാരപ്രായത്തിലെത്തുന്നതോടെ കുട്ടിയുടെ ഭാഷാപഠനം ഏറെക്കുറെ പൂർണമാകും. എന്നാൽ പദാവലി സ്വായത്തമാക്കുന്ന പ്രക്രിയ ജീവിതകാലം മുഴുവൻ തുടരുകയും ചെയ്യും. (John William Atkinson-1987)

ഒരു വയസ്സുമുതൽ അഞ്ച് വയസ്സുവരെയുള്ള കുട്ടികളുടെ സംഭാഷണം നിരീക്ഷിച്ച് താഴെ പറയുന്ന പട്ടിക പൂർത്തിയാക്കി നോക്കൂ.

| പ്രായം | ഉച്ചരിക്കുന്ന ശബ്ദങ്ങൾ/പദങ്ങൾ/വാക്യങ്ങൾ |
|---|---|
| ഒരു വയസ്സ് | |
| രണ്ടു വയസ്സ് | |
| മൂന്നുവയസ്സ് | |
| പ്രീപ്രൈമറി കുട്ടി | |
| ഒന്നാം ക്ലാസ്സിലെ കുട്ടി | |
| നാലാം ക്ലാസ്സിലെ കുട്ടി | |

- ഇങ്ങനെ സ്വാഭാവികമായി കുട്ടി ഭാഷ സ്വായത്തമാക്കുകയും സ്വതന്ത്രഭാഷണം നടത്തുകയും ചെയ്യുന്നുണ്ടെങ്കിൽ പ്രൈമറി, അപ്പർപ്രൈമറി ക്ലാസ്സുകളിൽ ഭാഷണം പരിശീലിപ്പിക്കേണ്ടതുണ്ടോ?
- നിങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കു ...
- നിങ്ങളുടെ പ്രദേശത്തെ ഒരു കർഷകത്തൊഴിലാളി, ഏതെങ്കിലും പ്രത്യേക തരം തൊഴിലെടുക്കുന്നവർ, ഒരു കച്ചവടക്കാരൻ, ഒരു ഹയർസെക്കണ്ടറി വിദ്യാർഥി, വിവിധപ്രായക്കാർ, വിവിധസമുദായക്കാർ എന്നിവരോട് എല്ലാവർക്കും പറയാൻ കഴിയുന്ന ഒരു വിഷയത്തെക്കുറിച്ച് പറയാൻ ആവശ്യപ്പെടുക. അത് ശബ്ദലേഖനം ചെയ്യുക. തുടർന്ന് ഇവ വീണ്ടും കേട്ട് താഴെ പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് ഭാഷണത്തിലെ വൈവിധ്യങ്ങളും ഭാഷണത്തെ സ്വാധീനിക്കുന്ന ഘടകങ്ങളും കണ്ടെത്തി അവതരിപ്പിക്കുക.

**സൂചകങ്ങൾ**

- പ്രായവ്യത്യാസം ഭാഷണത്തെ സ്വാധീനിക്കുന്നുണ്ടോ?
- തൊഴിൽമേഖലയും ഭാഷണവും തമ്മിൽ ബന്ധമുണ്ടോ?
- വിദ്യാഭ്യാസം,സാമൂഹ്യാവസ്ഥ,സാംസ്കാരികപരിസരം, ഭൂമിശാസ്ത്രപരമായ അവസ്ഥ എന്നിവ ഭാഷണത്തെ എങ്ങനെയാണ് സ്വാധീനിക്കുന്നത്? നിഗമനങ്ങൾ ഗ്രൂപ്പുചർച്ച നടത്തി ക്രോഡീകരിച്ച് അവതരിപ്പിക്കുക.
- ഒരേ ക്ലാസ്സിലിരിക്കുന്ന കുട്ടികളാണെങ്കിലും അതിൽ ചില കുട്ടികൾക്ക് വാചികമായ ആശയ പ്രകടനങ്ങൾ (അനുഭവം പങ്കിടൽ, പ്രസംഗം, ചോദ്യങ്ങൾ, പ്രഭാഷണം) ഫലപ്രദമായി നടത്താനും മറ്റു ചിലർ ഇതിൽ വേണ്ടത്ര ശോഭിക്കാതിരിക്കാനും കാരണമെന്താണ്?

വീട്ടിലെ അന്തരീക്ഷം ചില കുട്ടികൾക്ക് സ്വതന്ത്രഭാഷണം നടത്താനും, നിർഭയമായി മറ്റുള്ളവരോട് ഇടപഴകാനും അവസരം നൽകുന്നുണ്ട്. ആശയസ്വീകരണത്തിനും, പ്രകടനത്തിനും വേണ്ടത്ര അവസരം ലഭിക്കുന്നവരിലാണോ ഭാഷണശേഷി കൂടുതലായി കണ്ടുവരുന്നത്? ഇത്തരത്തിൽ വൈവിധ്യമുള്ള അനുഭവസമ്പത്തിനുടമകളാണ് ക്ലാസ്സിലെ കുട്ടികൾ. അവർക്ക് പൊതുവായ അനുഭവങ്ങൾ നൽകലും

അവരെ മികച്ച ഭാഷണനൈപുണിയുള്ളവരാക്കി മാറ്റലുമാണ് ഭാഷണപരിശീലനത്തിന്റെ പ്രധാന ലക്ഷ്യം.

### ഭാഷണത്തിന്റെ പ്രാധാന്യം

- പ്രൈമറി ക്ലാസ്സുകളിൽ ഭാഷാപഠനത്തിനായി കൂടുതൽ സമയം നീക്കിവയ്ക്കുന്നതെന്തുകൊണ്ട്?

സ്കൂളിലെത്തുന്നതിനു മുമ്പുതന്നെ കുട്ടിക്ക് ഭാഷ അറിയാം. പ്രാഥമിക വിദ്യാലയത്തിലെത്തുമ്പോൾ കുട്ടി ഭാഷ പഠിച്ചു തുടങ്ങുകയല്ല തുടരുകയാണ് ചെയ്യുന്നത്. ഭാഷാ ശാസ്ത്രജ്ഞനായ കെയ്സ്ഡെന്നിന്റെ അഭിപ്രായത്തിൽ പരിസ്ഥിതിപരമായ കാരണങ്ങളാൽ കുട്ടികളുടെ ഭാഷാവികാസത്തിൽ വ്യക്തി വ്യത്യാസം പ്രകടമാകുന്നു. ജീവിത സാഹചര്യങ്ങളും കുടുംബസാഹചര്യങ്ങളും ഈ വ്യത്യാസത്തിനു കാരണമാകുന്നുണ്ട്. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളിലും ഭാഷാവികാസത്തിൽ വ്യത്യാസം കാണാം. 5 – 6 വയസ്സാകുമ്പോഴേക്കും സന്ദർഭത്തിന് യോജിച്ച പദങ്ങൾ ഉപയോഗിക്കാൻ കുട്ടിക്ക് കഴിയുന്നു. ഇതാണ് കുട്ടിക്ക് ലഭിക്കുന്ന ആദ്യത്തെ ഭാഷാസിദ്ധിയും. ഭാഷാദക്ഷതയുണ്ടായാൽ മാത്രം പോരാ ഭാഷ ശരിയായ രീതിയിൽ പ്രയോഗിക്കാനും കഴിയണം. ഇതിന് നിർവഹണം എന്നു പറയാം. കുട്ടികൾക്ക് സമപ്രായക്കാരുടെ ഇടയിൽ ഭാഷാനിർവഹണത്തിന് ബുദ്ധിമുട്ടില്ല. എന്നാൽ അപരിചിതരായ ആളുകളുടെയടുത്തും, സന്ദർഭങ്ങളിലും ഭാഷാനിർവഹണം പ്രയാസമാകുന്നുണ്ട്. ഭാഷാദക്ഷതയോടെയാണ് കുട്ടികൾ സ്കൂളിൽ വരുന്നതെങ്കിലും അവയുടെ യഥാർഥ നിർവഹണങ്ങളിലൂടെ പല സന്ദർഭങ്ങളിലും തങ്ങളുടെ ഭാഷാദക്ഷത പ്രകടമാക്കിയിട്ടുണ്ടെങ്കിലും ഭാഷ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന ബോധപൂർവമായ മനസ്സിലാക്കൽ ഈ പ്രായത്തിൽ അവർക്ക് അതീതമാണ്. അത് നേടിയെടുക്കലാണ് സ്കൂളിലെ ഭാഷാധ്യയനത്തിന്റെ ഉദ്ദേശ്യം.

### ഭാഷണം അഭ്യസിക്കുന്നതിന്റെ ലക്ഷ്യങ്ങൾ

- വിവിധ രൂപത്തിലുള്ള ഭാഷണാഭ്യസനങ്ങൾവഴി ആശയങ്ങൾക്ക് വ്യക്തത നൽകി ശരിയായ രീതിയിൽ അവ സമർഥമായി പ്രകടിപ്പിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക
- ഭാഷാ പ്രയോഗങ്ങളിൽ വരുന്ന പോരായ്മകൾ പരിഹരിക്കുക.
- സംവാദരൂപത്തിൽ ആശയസ്വീകരണവും, ആശയപ്രകടനവും സുഗമമാക്കുക.
- അടിസ്ഥാനശേഷികളുടെ പാരസ്പര്യം ബോധ്യപ്പെടുത്തുക.
- കുട്ടികളുടെ ഭാഷാപ്രയോഗങ്ങളിലെ ദുശ്ശീലങ്ങളെ അകറ്റി ഉത്തമ ശീലങ്ങൾ ഉറപ്പാക്കുക.
- ഭാഷാപ്രയോഗദക്ഷത നേടുക.

*കേൾവിയും പറച്ചിലും തമ്മിൽ ബന്ധമുണ്ട്. പറയുന്നതാണ് വായനയുടെ ആദ്യപടി. വായിച്ചു പരിചയപ്പെട്ടവ എഴുതുമ്പോൾ സ്വാഭാവികതയോടെ ലിപി വ്യവസ്ഥ സ്വാംശീകരിക്കുന്നു.*

*ദ്രുത ഭാഷണം, മന്ദഭാഷണം, ആവർത്തനം ആവശ്യമില്ലാതെയുള്ള നീട്ടലുകൾ, കുറുക്കലുകൾ, മുക്കിയും മൂളിയുമുള്ള സംഭാഷണം ഇവയൊന്നും ഭാഷണത്തിനു ചേർന്നതല്ല.*

*കുടുംബാംഗങ്ങളോടും കൂട്ടുകാരോടും, വീട്ടിലെത്തുന്ന മറ്റുള്ളവരോടും പല സന്ദർഭങ്ങളിൽ ഇടപഴകുന്നതിന്റെ ഭാഗമായി അവരുമായി സംസാരിച്ച് പല ഭാഷണ നൈപുണികളും നേടിയ പഠിതാവാണ് വിദ്യാലയത്തിലെത്തുന്നത്. ഈ ഭാഷണ നൈപുണിയെ വ്യത്യസ്ത സന്ദർഭങ്ങൾക്കും (ഔപചാരികം, അനൗപചാരികം) പ്രത്യേക ലക്ഷ്യങ്ങൾക്കും അനുഗുണമായ രീതിയിൽ വികസിപ്പിക്കുക എന്നതാണ് പ്രൈമറിതലത്തിലെ ഭാഷണ ബോധനത്തിന്റെ ലക്ഷ്യം. ഭാഷാഭേദം, പ്രാദേശികവ്യത്യാസം എന്നിവയുടെ സ്വാധീനത്താൽ ഉണ്ടാവാൻ ഇടയുള്ള ഉച്ചാരണപ്രശ്നങ്ങൾ ആത്മവിശ്വാസം തകർക്കാതെ തിരുത്തുകയും വേണം. ഇതിനായി പലതരത്തിലുള്ള ഭാഷണാവസരങ്ങൾ പഠിതാവിന് ക്ലാസ്സ് മുറിയിൽ ലഭിക്കണം.*

**കുട്ടിക്ക് ലഭിക്കേണ്ട ഭാഷണാവസരങ്ങൾ**

- അനുഭവങ്ങൾ പങ്കിടൽ (കളി, യാത്ര, ആഘോഷം, വായന...)
- ഭാഷണസാധ്യതയുള്ള കളികളിൽ ഏർപ്പെടൽ
- കഥപറയൽ
- അഭിപ്രായ പ്രകടനങ്ങൾ
- ചോദ്യങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ പറയാനും സാധ്യതയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ
- ഒരു വിഷയത്തെ അധികരിച്ച് സംസാരിക്കൽ
- ഇഷ്ടമുള്ളതും, ഇഷ്ടമില്ലാത്തതും അതിന്റെ കാരണങ്ങളും പറയൽ
- *ഒന്നാം യൂണിറ്റിൽ പരിചയപ്പെട്ട നാടോടി വാങ്മയങ്ങൾ പറഞ്ഞുള്ള കളികൾ, കടങ്കഥാപയറ്റ്, ശ്രദ്ധ മൊഡ്യൂളിൽ ഉൾപ്പെടുത്തിയ കഥയിൽ കൂടാമെന്ന പ്രവർത്തനം (ഉണ്ണിയും കൊതുകും എന്നകഥ), എന്നിങ്ങനെ ഭാഷണത്തിന് പ്രാധാന്യമുള്ള പ്രവർത്തനങ്ങളുടെ ഒരു ശേഖരം തയാറാക്കുക. അത്തരം പ്രവർത്തനങ്ങൾ സ്കൂൾ ക്ലാസ്സുകളിൽ ട്രൈഔട്ട് ചെയ്ത് അനുഭവങ്ങൾ പങ്കുവയ്ക്കുക.*

**ഭാഷണാഭ്യസനത്തിനുള്ള മാർഗങ്ങൾ**

ഓരോ അധ്യയനഘട്ടത്തിലും വ്യത്യസ്ത രീതികളാണ് ഭാഷണത്തിന്റെ അഭ്യസനത്തിന് സ്വീകരിക്കേണ്ടത്. കുട്ടികളുടെ പ്രായത്തിനും താൽപര്യത്തിനും അനുസരിച്ചുള്ള മാർഗങ്ങളാണ് പ്രധാനമായും സ്വീകരിക്കേണ്ടത്. പ്രാഥമിക വിദ്യാലയത്തിലെത്തിച്ചേരുന്ന എല്ലാ കുട്ടികളുടെയും ഭാഷാപരമായ കഴിവ് ഒരേ തരത്തിലായിരിക്കുകയില്ല. വ്യക്തിവ്യത്യാസങ്ങൾക്കനുസരിച്ച് ഭാഷാപരമായ അറിവിലും വ്യത്യാസമുണ്ടാകും. കുട്ടികളുടെ ഭാഷാപരിചയത്തെ സൂക്ഷ്മമായി പരിശോധിക്കുകയാണ് അധ്യാപകർ ആദ്യം ചെയ്യേണ്ടത്. അതിനായി ഓരോ കുട്ടിയോടും സംസാരിക്കണം. തികച്ചും അനൗപചാരിക സംഭാഷണമാണ് നടത്തേണ്ടത്. അപരിചിതത്വം കാരണം ചിലപ്പോൾ കുട്ടി സംസാരിക്കാൻ ആദ്യം മടി കാണിക്കാം. സ്നേഹപൂർണമായ പെരുമാറ്റത്തിലൂടെ അവരുമായി അടുപ്പമുണ്ടാക്കിയതിനുശേഷം സംസാരിപ്പിക്കുക. കുട്ടികൾക്ക് പരിചയവും ഇഷ്ടവുമുള്ള വിഷയങ്ങളെക്കുറിച്ചോ എന്തെങ്കിലും വസ്തുക്കൾ കാണിച്ചുകൊണ്ടോ സംസാരിക്കാനാവശ്യപ്പെടാം. കുട്ടികളുടെ അനുഭവമണ്ഡലത്തിന്റെ വ്യാപ്തി, താൽപ്പര്യങ്ങൾ, ആശയക്രമീകരണപാടവം, ഗാർഹികാന്തരീക്ഷം, സ്വഭാവം ഇവയെല്ലാം കുട്ടികളുടെ സംഭാഷണത്തിൽ നിന്ന് അധ്യാപകന് മനസ്സിലാക്കാം. ഭാഷാപരമായ വൈകല്യങ്ങളും കണ്ടെത്താൻ കഴിയും. എന്നാൽ പരസ്യമായി കുറ്റപ്പെടുത്തുകയോ വിമർശിക്കുകയോ ചെയ്യരുത്. അവർ വരുത്തുന്ന വ്യാകരണത്തെറ്റുകളോ അപൂർണ വാക്യങ്ങളോ ശ്രദ്ധിക്കേണ്ടതില്ല. ഉച്ചാരണം, സംഭാഷണത്തിന്റെ ഒഴുക്ക്, വാക്കുകൾ പ്രയോഗിക്കുന്നതിലെ ചാതുരി ഇവയിലായിരിക്കണം അധ്യാപികയുടെ ശ്രദ്ധ. കുട്ടി സ്കൂളിലെത്തുന്ന ആദ്യത്തെ കുറെ ദിവസങ്ങൾ ഇങ്ങനെ സംഭാഷണ പരിശീലനത്തിനായി വിനിയോഗിക്കണം. അധ്യാപിക കുട്ടികൾക്ക് കേൾക്കാനും അനുകരിക്കാനും ഉതകുന്ന വിധത്തിൽ വേണം സംസാരിക്കേണ്ടത്. അധ്യാപികയുടെ ഭാഷ ശുദ്ധവും വ്യക്തവും സ്വാഭാവികവുമായിരിക്കണം. പ്രൈമറി ക്ലാസ്സുകളിലെ ഭാഷണാഭ്യസനത്തിന് ഏറെ അനുയോജ്യമായ ഒന്നാണ് കഥാവതരണം. കഥ അവതരിപ്പിക്കുന്നതിന് വിവിധ രീതികൾ ഉപയോഗിക്കാം. ചിത്രങ്ങളുപയോഗിച്ച് കഥ, സംഭാഷണം, ലഘുവിവരണം, പാട്ട് എന്നിവ ഭാവനാപൂർവം ചെയ്യിക്കാം. ചോദ്യങ്ങളിലൂടെയും സൂചനകളിലൂടെയും ചിത്രങ്ങൾ വിശകലനം ചെയ്യാനുള്ള കഴിവ് വളർത്തിയെടുക്കാൻ കഴിയും. കഥാവായനയിലേക്ക് നയിക്കുന്ന തരത്തിൽ ചിത്രവായന നടത്താൻ സാധിക്കും. കുട്ടികൾ നേടിയ ആശയങ്ങൾ, ശേഷികൾ, മനോഭാവങ്ങൾ എന്നിവ വിലയിരുത്തുന്നതിനായും ഇവ ഉപയോഗപ്പെടുത്താം. വർണപ്പകിട്ടാർന്ന ചിത്രങ്ങളുപയോഗിക്കുന്നതാണ് ഏറെ ഉത്തമം. കൊച്ചു കുട്ടികൾക്കു വേണ്ടിയുള്ള കഥകൾക്ക് ഏറെ പ്രത്യേകതകളുണ്ട്.

*നന്ദു മൂന്നാം ക്ലാസ്സിൽ പഠിക്കുന്നു. ഓണാവധിക്കുശേഷം ക്ലാസ്സിലെത്തിയ കുട്ടികളോട് ടീച്ചർ നിങ്ങളുടെ ഓണം എങ്ങനെയുണ്ടായിരുന്നു എന്ന് ഓരോരുത്തരായി പറയാൻ ആവശ്യപ്പെട്ടു. നന്ദുവാകട്ടെ ഒന്നും മിണ്ടാതെ എഴുന്നേറ്റ് നിന്നതേയുള്ളു. ടീച്ചർ അവന്റെ ഓണത്തെക്കുറിച്ചുള്ള കാര്യങ്ങൾ ഓരോന്നായി ചോദിച്ചപ്പോൾ അവൻ ഉത്തരം നൽകി. എന്നാൽ ഇന്റർവെൽ സമയത്ത് അവൻ തന്റെ കൂട്ടുകാരനായ ഗോപുവിനോട് അവന്റെ ഓണക്കാല വിശേഷങ്ങൾ പങ്കുവയ്ക്കുന്നത് ടീച്ചർ കേൾക്കാനിടയായി. കൂട്ടുകാരനുമായി അനുഭവം പങ്കുവയ്ക്കുമ്പോൾ ആശയപ്രകടനത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. കുട്ടികൾ ഏർപ്പെട്ടിരിക്കുന്ന ജ്ഞാനനിർമ്മാണ പ്രക്രിയയിൽ അധ്യാപകർ കൂടുതൽ സജീവമായ പങ്കുവഹിക്കുകയാണെങ്കിൽ, അത് കുട്ടികളുടെ അറിവിനെ ശക്തിപ്പെടുത്തുന്നതായിരിക്കും. പഠനത്തിൽ വ്യാപൃതരായിരിക്കുന്ന കുട്ടികൾ സ്വന്തം അറിവ് നിർമ്മിക്കുകയാണ് ചെയ്യുന്നത്. തങ്ങൾ സ്കൂളിൽ പഠിക്കുന്ന വസ്തുതകളെ സ്കൂളിനു പുറത്തു നടക്കുന്ന കാര്യങ്ങളുമായി ബന്ധിപ്പിക്കുവാൻ കുട്ടികളെ അനുവദിക്കുക, കാണാപ്പാഠം പഠിച്ച് ഒരു ശരിയുത്തരം നൽകുന്നതിനു പകരം സ്വന്തം അനുഭവങ്ങളിൽ നിന്ന് സ്വന്തം വാക്കുകളിൽ ഉത്തരം പറയുവാൻ പ്രോത്സാഹിപ്പിക്കുക. ഇതെല്ലാം തങ്ങളുടെ അറിവ് വികസിപ്പിക്കുവാൻ കുട്ടികളെ സഹായിക്കുന്ന ചെറുതെങ്കിലും പ്രധാനമായ ചുവടുകളാണ്. ബുദ്ധിപൂർവമായ ഊഹിക്കൽ അർഥവത്തായ ഒരു ബോധനോപാധിയാണ്. അത് പ്രോത്സാഹിപ്പിക്കണം. പലപ്പോഴും തങ്ങളുടെ ദൈനംദിനാനുഭവങ്ങളിൽ നിന്നോ മാധ്യമസമ്പർക്കത്തിൽ നിന്നോ കുട്ടികളുടെ മനസ്സിൽ ചില ആശയങ്ങൾ രൂപപ്പെട്ടിട്ടുണ്ടാവാം. പക്ഷേ, ടീച്ചർ പ്രതീക്ഷിക്കുന്ന വാക്കുകളിൽ അവ പ്രകടിപ്പിക്കാൻ അവർക്കു പറ്റിയെന്നു വരില്ല. അറിഞ്ഞതിന്റെയും കഷ്ടിച്ച് അറിയുന്നതിന്റെയും ഇടയ്ക്കുള്ള ഇടത്തിൽ ആണ് പുതിയ അറിവ് സൃഷ്ടിക്കപ്പെടുന്നത്. സ്കൂളിന് പുറത്ത് വീട്ടിലോ സമൂഹത്തിലോ വളർത്തിക്കൊണ്ടുവരുന്ന കരവിരുതുകളുടെ രൂപത്തിലായിരിക്കും പലപ്പോഴും അറിവുകളും. അറിവും സംവേദനക്ഷമതയുമുള്ള അധ്യാപിക ഇതിനെപ്പറ്റി ബോധവതിയായിരിക്കും. കുട്ടികളുടെ വികാസസാധ്യതകൾ സാക്ഷാത്കരിക്കാൻ സഹായിക്കുന്നവിധം പ്രവർത്തനങ്ങൾ നൽകിയും ചോദ്യങ്ങൾ ചോദിച്ചും അവരെ നയിക്കാൻ ടീച്ചർക്കു കഴിയും.*

*അന്വേഷണം, പര്യവേഷണം, ചോദ്യം ചോദിക്കൽ ഡിബേറ്റുകൾ, സിദ്ധാന്ത രൂപീകരണത്തിലേക്കും ആശയങ്ങളുടെയും നിലപാടുകളുടെയും സൃഷ്ടിയിലേക്കും നയിക്കുന്ന പ്രയോഗവും ചിന്തയും - ഇവയൊക്കെ സജീവമായ ഇടപെടലിന്റെ ഭാഗമാണ്. സ്കൂളുകളിൽ, ചോദ്യങ്ങൾ ചോദിക്കാനും അന്വേഷിക്കാനും തർക്കിക്കാനും സങ്കല്പനങ്ങളിൽ എത്തിച്ചേരാനും പുതിയ ആശയങ്ങൾ ഉണ്ടാക്കാനും ഒക്കെ അവസരം ഒരുക്കണം.*

*(എൻ.സി.എഫ് 2005, 41–42)*

### സംസാരഭാഷയുടെ പ്രത്യേകതകൾ

സംസാരഭാഷയ്ക്ക് ഒരു പ്രത്യേക സന്ദർഭമുണ്ട്. അതിൽ പങ്കെടുക്കുന്നവർ തമ്മിലുള്ള ബന്ധവും ഭാഷയെ സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഈ രണ്ട് ഘടകങ്ങൾ ലിഖിത ഭാഷയെ സ്വാധീനിക്കുന്നില്ല. സംസാരഭാഷയിൽ വാക്യങ്ങളും വാക്കുകളും ചുരുക്കുകയും കേൾവിക്കാരന്റെ താൽപ്പര്യം, മുന്നറിവ് ഇവ കണക്കിലെടുത്ത് ചില കാര്യങ്ങൾ പ്രകടിപ്പിക്കാതെ വിടുകയും ചെയ്യുന്നുണ്ട്. കൂട്ടുകാരോടും വീട്ടുകാരോടും സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന പദങ്ങളും വാക്യഘടനയുമല്ല ഔപചാരിക സംഭാഷണത്തിൽ ഉപയോഗിക്കുന്നത്. ഔപചാരിക ഭാഷണത്തിന്റെ രീതികൾ ക്രമേണ ആർജിക്കുക എന്നത് ഭാഷണ പരിശീലനത്തിന്റെ ഒരു മുഖ്യലക്ഷ്യമാണ്. സംസാരഭാഷ വ്യാകരണപരമായ ചില പ്രത്യേകതകളും പ്രകടിപ്പിക്കുന്നുണ്ട്. പല ഉപവാക്യങ്ങൾ ഒരു സങ്കീർണവാക്യത്തിനകത്ത് അടങ്ങിയിരിക്കുക, പലവാക്യങ്ങൾ ശ്രേണിയായി ബന്ധിപ്പിച്ചിരിക്കുക, വാക്യങ്ങൾക്കിടയ്ക്ക്

ബന്ധപദങ്ങൾ ഉപയോഗിക്കുക, ഒരുകാര്യം പറയാൻ ആരംഭിച്ച് മുഴുമിപ്പിക്കാതെ മറ്റൊന്നിലേക്ക് പോകുക തുടങ്ങിയവയെല്ലാം സംസാര ഭാഷയിൽ പ്രകടമാണ്. ഭാഷാ ഭേദങ്ങളാണ് ലിഖിതഭാഷയിൽ നിന്ന് സംസാര ഭാഷയെ വ്യത്യസ്തമാക്കുന്ന മറ്റൊരുഘടകം. ഭാഷേതര സവിശേഷതകൾ ആംഗ്യങ്ങൾ, മുഖത്ത് പ്രകടിപ്പിക്കുന്ന വികാരങ്ങൾ, ഈണം, ഊന്നൽ, താളം, തുടങ്ങിയവയും സംസാരഭാഷയ്ക്ക് പ്രത്യേക അസ്തിത്വം നൽകുന്നു.

**കുട്ടികളെ നല്ല ഭാഷണത്തിലേക്കു നയിക്കാൻ**

- കുട്ടിയോട് ധാരാളം സംസാരിക്കുക.
- കുട്ടിക്ക് സംസാരിക്കാൻ ധാരാളം അവസരം ഒരുക്കുക.
- കുട്ടിയെ വീട്ടിലെ മുതിർന്നവരോടൊപ്പം ആശയവിനിമയത്തിൽ പങ്കെടുപ്പിക്കുക.
- കഥകൾ കേൾപ്പിക്കുക. കേട്ടകഥകളും പാട്ടുകളും, പറയാനും പാടാനും ആവശ്യപ്പെടുക.

**പ്രവർത്തനങ്ങൾ**

? വിദ്യാലയത്തിലെ 'കുട്ടികളുടെ ആകാശവാണി' പ്രവർത്തനം ഭാഷണശേഷിയെ വളർത്തുമോ? എങ്ങനെ?

? "ഡി.എൽ.എഡ്. കുട്ടികളുടെ ആകാശവാണി"-നിലയത്തിലേക്കുള്ള പരിപാടികൾ തയാറാക്കി അവതരിപ്പിച്ച് ശബ്ദലേഖനം നടത്തുക.

? പ്രൈമറിതലത്തിലെ പാഠ്യപദ്ധതി അധ്യാപകസഹായി, പാഠപുസ്തകത്തിലെ പഠനപ്രവർത്തനങ്ങൾ എന്നിവ പരിശോധിച്ച് ഭാഷാബോധനത്തിൽ ഭാഷണ പരിശീലനത്തിന് എത്രത്തോളം പ്രാധാന്യം നൽകിയിട്ടുണ്ടെന്ന് വിശകലനം ചെയ്യുക. (സംഭാഷണങ്ങളുടെ ശേഖരണം, അവതരണം, പ്രത്യേകത കണ്ടെത്തൽ)

? ഒന്നു മുതൽ ഏഴു വരെയുള്ള ഭാഷാ പാഠപുസ്തകങ്ങളും, അധ്യാപക സഹായിയും പരിശോധിച്ച് ഭാഷണസാധ്യതയുള്ള പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.

? യഥാർഥ സന്ദർഭങ്ങളിൽ പ്രയോഗിക്കുക വഴിയാണ് സംസാരഭാഷ വികസിക്കുന്നതെങ്കിൽ സംസാരഭാഷാ വികാസത്തിന് ക്ലാസിൽ നടത്താവുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച സംഘടിപ്പിക്കുക.

**വായന**

- എന്താണ് വായന?

അക്ഷരങ്ങൾ ചേർത്ത് പറയലാണോ? വായിക്കുമ്പോൾ യഥാർഥത്തിൽ എന്താണ് സംഭവിക്കേണ്ടത്. പ്രതീകങ്ങളെ (കോഡുരൂപത്തിലുള്ള രേഖപ്പെടുത്തൽ) വ്യാഖ്യാനിക്കലാണ് (ഡീകോഡ് ചെയ്യൽ) വായനയിലൂടെ നടക്കുന്നത്. അച്ചടിച്ചോ എഴുതിയോ ഉള്ള രേഖപ്പെടുത്തൽ അത് തിരിച്ചറിയാൻ കഴിയാത്ത ആളുകളെ സംബന്ധിച്ചടത്തോളം ചിത്രരൂപം മാത്രമാണ്. അച്ചടിയിലോ, എഴുത്തിലോ അടങ്ങിയിരിക്കുന്ന ആശയം ഗ്രഹിക്കലാണ് വായനയുടെ ലക്ഷ്യം. കുട്ടി വായിക്കുന്നത് അതിലെ ആശയത്തെയാണ്. കേവലം അക്ഷരങ്ങളെയോ, പദങ്ങളെയോ അല്ല. വായന മിക്കവാറും പ്രവചനമാണ്.പദങ്ങളിലോ, വാക്യങ്ങളിലോ അടങ്ങിയ ആശയം ഇന്നതായിരിക്കുമെന്ന് ഊഹിച്ചുകൊണ്ടാണ് കുട്ടി വായിക്കുന്നത്. ഇതു ഫലപ്രദമായി നടക്കണമെങ്കിൽ ആശയത്തെ വേർതിരിച്ചെടുക്കുന്ന (decoding) പ്രവർത്തനത്തിൽ കുട്ടികൾക്ക് ധാരാളം അനുഭവങ്ങൾ കിട്ടണം.

ശ്രവണം, ഭാഷണം വായന, ലേഖനം എന്നിങ്ങനെയാണ് ഭാഷാഭ്യസനത്തിന്റെ അനുപാതക്രമം. കേട്ടുമനസ്സിലാക്കുക, പറഞ്ഞ് പ്രകടിപ്പിക്കുക എന്നിവ സ്വാഭാവിക പ്രവർത്തനങ്ങളാണ്. ഒരു മനുഷ്യന്

അത് നേടിയെടുക്കാൻ ബോധപൂർവമായ പ്രത്യേക പരിശീലനങ്ങൾ വേണമെന്നില്ല. എന്നാൽ ഒരു ഭാഷാസമൂഹത്തിൽ പരക്കെ അംഗീകരിക്കപ്പെട്ടതും കൃത്രിമമായി നിർമ്മിച്ചതുമായ അക്ഷരമെന്ന ചിത്രീകരണ പരിശീലനവും (എഴുത്ത്), അതിന്റെ വേർതിരിവ് മനസ്സിലാക്കി ആശയം തിരിച്ചറിയുന്ന വായന എന്ന പ്രക്രിയയും പരിശീലനത്തിലൂടെ മാത്രമേ ഒരാൾക്ക് സ്വായത്തമാക്കാൻ കഴിയുകയുള്ളൂ. ഓരോ അക്ഷരവും, ചിഹ്നവ്യവസ്ഥയും ചിരപരിചയത്തിലൂടെ മാത്രമേ തിരിച്ചറിയാൻ കഴിയൂ. അങ്ങനെ വരുമ്പോൾ അതിന് ഒരു ക്രമം ഉണ്ടാവുമല്ലോ? മുഖാമുഖം കാണുമ്പോൾ ആശയങ്ങൾ പരസ്പരം കൈമാറിയിരുന്ന മനുഷ്യർ മുഖാമുഖം കാണാത്ത സന്ദർഭങ്ങളിലും ആശയം കൈമാറേണ്ടി വന്നപ്പോഴായിരിക്കാം പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ചിരിക്കുക. ആശയം കൈമാറുന്ന ആളും സ്വീകരിക്കുന്ന ആളും തമ്മിലുള്ള ഒരു പൊതുകരാറാണ് യഥാർഥത്തിൽ ഭാഷ. എഴുത്തിനും ഇതുബാധകമാണ്. രേഖപ്പെടുത്തലിന്റെ അർഥം ഇങ്ങനെയായിരിക്കുമെന്ന് ഒരുഭാഷാസമൂഹം ഉണ്ടാക്കിയ കരാറാണ് ലിപി.

കാണുന്നതും കാണാത്തതുമായ അനുഭവങ്ങളുടെ സംയോജനമാണ് വായന. വായന ഒരേ സമയം ക്രിയാത്മക നൈപുണിയും സ്വീകരണ നൈപുണിയുമാണ്. വായിക്കുമ്പോൾ പുതിയ ആശയങ്ങളാണ് നാം സ്വീകരിക്കുന്നത്. വായന എന്നത് ഒരു ഏക നൈപുണിയല്ല. ഒരുപാട് ഉപനൈപുണികൾ കൂടി ച്ചേരുമ്പോഴാണ് വായന എന്ന നൈപുണി പൂർണമാവുന്നത്.ഭാഷാപരമായ കഴിവുകളുടെ പ്രായോഗികവശങ്ങളിൽ മുഖ്യസ്ഥാനമാണ് വായനയ്ക്കുള്ളത്.

**വായനയുടെ മനശ്ശാസ്ത്രപരമായ പ്രത്യേകതകൾ**

വായന എന്ന പ്രക്രിയയ്ക്ക് നാലുഘട്ടങ്ങളുണ്ട്. ഒന്നാമത്തെ ഘട്ടം പദങ്ങളുടെ ലിഖിത രൂപം മനസ്സിലാക്കുക എന്നതാണ്. മനസ്സിലാക്കിയ ലിഖിത രൂപങ്ങളെ ശബ്ദമാക്കി മാറ്റുകയാണ് രണ്ടാമതായി ചെയ്യുന്നത്. ഓരോ ശബ്ദവും സൂചിപ്പിക്കുന്ന ആശയങ്ങൾ പ്രത്യേകമായി മനസ്സിൽ കടന്ന ആശയങ്ങളെ ഏതെങ്കിലും അടിസ്ഥാനത്തിൽ ഏകീകരിക്കുകയാണ് മൂന്നാമതായി ചെയ്യുക. അവസാന ഘട്ടത്തോടുകൂടി, വായിച്ച വാക്യത്തിന്റെ വ്യക്തമായ ആശയബോധം ഉണ്ടാകും. വായന, മാനസിക പ്രവർത്തനമാണെങ്കിലും ഒരു ശാരീരിക പ്രവർത്തനം കൂടിയാണ്. വായനയെ സഹായിക്കുന്ന പ്രധാന ഘടകം കണ്ണുകളാണ്. സൂക്ഷ്മമായ നിരീക്ഷണത്തിലൂടെയേ വായിക്കാനാകൂ. ഒരു വാക്കിൽ നിന്ന് മറ്റൊരു വാക്കിലേക്ക് കണ്ണുകൾ അതിവേഗം നീങ്ങുന്നു. ഒരു സെക്കന്റിന്റെ പത്തിലൊന്നുസമയം മാത്രമേ ഒരു വാക്ക് തിരിച്ചറിയുന്നതിനുപയോഗിക്കുന്നുള്ളൂ. കണ്ണുകൾ ഒരു തവണ തരണം ചെയ്യുന്ന ദൈർഘ്യത്തിന് നയനവിസ്തൃതി (Eyes pan) എന്നു പറയുന്നു. ഒരു വാക്കിൽ നിന്ന് അടുത്ത വാക്കിലേക്ക് നീങ്ങുന്നതിനിടയിൽ കണ്ണുകൾ ആവാക്കുകൾ തിരിച്ചറിയാൻ അല്പനേരം നിർത്തുന്നു. ഇതിന് നയനകേന്ദ്രീകരണം (Eye fixation) എന്നും ചിലവാക്കുകൾ വിട്ടുപോവുകയോ വായിച്ചത് മനസ്സിലാവാതെ വരികയോ ചെയ്യുമ്പോൾ മുന്നേ കടന്നുപോയ ഭാഗത്തുകൂടി വീണ്ടും കടന്നു പോകുന്നതിനെ അധോഗമനം (Regression) എന്നും പറയുന്നു. നയനവിസ്തൃതി ദീർഘിപ്പിക്കുകയും നയനകേന്ദ്രീകരണവും അധോഗമനവും കുറയ്ക്കുകയും ചെയ്താൽ വായനയിൽ വേഗത ലഭിക്കും.

**വായനയുടെ ലക്ഷ്യങ്ങൾ**

- ആശയഗ്രഹണം
- വിജ്ഞാന സമ്പാദനം
- ചിന്തയുടെ വികാസം
- സാംസ്കാരിക പുരോഗതി
- സാഹിത്യാസ്വാദനം
- ഭാഷാഭിവൃദ്ധി

തന്റെ ചുറ്റുപാടുകളെ സമഗ്രമായും സൂക്ഷ്മമായും നോക്കിക്കാണുന്നതിനും സാമൂഹ്യബോധത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനും അടിത്തറയൊരുക്കുന്ന സാംസ്കാരിക ഇടപെടലാണ് വായന എന്നുകാണാം. വിജ്ഞാന വിസ്ഫോടനത്തിന്റെ കാലഘട്ടമാണിത്. വായന ഒരു ദേശത്തിന്റെ പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും ശക്തമായ ആയുധമാണ്. അക്ഷരജ്വാലയിൽ വായനയുടെ സംസ്കാരം ഊതിക്കാച്ചിയെടുത്താൽ മാത്രമേ സൂര്യശോഭയും,കരുത്തുമുള്ള ഒരു തലമുറ വിദ്യാലയത്തിൽ നിന്ന് രൂപപ്പെടുകയുള്ളു. വായനയ്ക്കു പകരം വായനയല്ലാതെ മറ്റ് പ്രവർത്തനങ്ങളില്ല.

**വായനയുടെ അഭ്യസനം – വ്യത്യസ്ത രീതികളും സമീപനങ്ങളും**

ലളിതഘടകങ്ങളിൽ നിന്ന് സമഗ്രഘടകങ്ങളിലേക്ക് (Bottom-to-top approach), സമഗ്രഘടകങ്ങളിൽ നിന്ന് ലളിതഘടകങ്ങളിലേക്ക് (Top-to-bottom approach). അക്ഷരം-വാക്ക്-വാക്യം എന്ന ക്രമത്തിലുള്ള വായനാ പരിശീലനം ആദ്യത്തെ സമീപനത്തിനും, വാക്യം-വാക്ക്-അക്ഷരം എന്ന ക്രമം രണ്ടാമത്തെ രീതിക്കും ഉദാഹരണമാണ്. ആശയാവതരണരീതിയും ഇതേ തത്ത്വം തന്നെയാണ് പിന്തുടരുന്നത്. ഭാഷയുടെ ലേഖനവ്യവസ്ഥയുടെയും അക്ഷരസങ്കലനങ്ങളുടെയും രീതിയും യുക്തിയും വ്യക്തമായി മനസ്സിലാക്കിക്കൊണ്ട് മുന്നോട്ടു പോകാം എന്നതാണ് ആദ്യത്തെ സമീപനത്തിന്റെ ഗുണം. അതേ സമയം അർഥത്തിൽ നിന്ന് വേറിട്ടു നിൽക്കുന്ന ഒരു തലം ഇതിനുണ്ടെന്നുള്ളതും, തികച്ചും യാന്ത്രികമാകാനുള്ള സാധ്യതയുമാണ് ഈ സമീപനത്തിന്റെ പോരായ്മകൾ. അർഥപൂർത്തിയുള്ള ഘടകങ്ങളിൽ നിന്ന് ആരംഭിക്കാൻ കഴിയുന്നു എന്നതും അതിനാൽ തന്നെ പഠിതാവിന്റെ താൽപ്പര്യം നിലനിർത്താൻ കഴിയുന്നു എന്നതും രണ്ടാമത്തെ സമീപനത്തിന്റെ മേന്മകളാണ്.

എന്നാൽ ഈ രീതിയിൽ വായനാപരിശീലനം നൽകാൻ വളരെ സൂക്ഷ്മമായി ആസൂത്രണം ചെയ്ത വായനാ സാമഗ്രികൾ ആവശ്യമാണ്. അവയുടെ അഭാവത്തിൽ ബോധനം ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടുപോകാൻ കഴിയാതെ വരാം. അതിനാൽ, ഈ സമീപനം അനുവർത്തിക്കുമ്പോൾ, വേണ്ടത്ര പുരോഗതി ഉണ്ടാകാത്ത വിദ്യാർഥികളെ സഹായിക്കാൻ അക്ഷരതലത്തിലെ ബോധനം നൽകുക എന്ന സമീപനമാണ് ഈ മേഖലയിലെ വിദഗ്ധർ നിർദേശിക്കുന്നത്.

അക്ഷരമാലാക്രമത്തിലുള്ള അവതരണം (ലളിതഘടകങ്ങളിൽ നിന്ന് സമഗ്രഘടകങ്ങളിലേക്ക് പോകുന്ന രീതിയാണിത്. അക്ഷരമാല പഠിപ്പിക്കാനുള്ള നമ്മുടെ പരമ്പരാഗത രീതി, സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നിവ വേറിട്ടും, വ്യഞ്ജനങ്ങൾക്കുള്ളിൽ തന്നെ ശബ്ദപരമായി സമാനമായവ ഒരുമിച്ചും മനസ്സിലാക്കുന്നതിന് ഇത് സഹായകമാണ്. പ്രൈമറി തലത്തിൽ ഈ അറിവ് പ്രസക്തമല്ലെങ്കിലും, സ്വനപരമായ ഗുണങ്ങളെ ആസ്പദമാക്കിയാണ് അക്ഷരമാല ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ, ഉച്ചാരണം വിശദീകരിക്കാൻ എളുപ്പമുണ്ട്. അക്ഷരങ്ങളും ശബ്ദവുമായുള്ള ബന്ധം ഉറച്ചുകിട്ടുന്നതിനും ഇത് സഹായകമാണ്. അതേ സമയം, ഈ രീതി അത്യധികം യാന്ത്രികവും വിരസവുമായിത്തീരാൻ സാധ്യതയുള്ളതാണ്). അക്ഷരമാലയ്ക്കുള്ളിൽ തന്നെ ലളിതമായതിൽ നിന്ന് സങ്കീർണമായതിലേക്ക് എന്ന ക്രമത്തിൽ അക്ഷരങ്ങളെ അവതരിപ്പിക്കുക എന്നതാണ് മറ്റൊരു രീതി. ഉദാ: റ ര ത ന എന്ന ക്രമം.

**ആശയാവതരണ രീതി**

മനശ്ശാസ്ത്രപരമായ രീതിയിൽ വായന അഭ്യസിപ്പിക്കുന്നതിന് ആശയാവതരണരീതി അനുയോജ്യമാണ്. ആശയാവതരണരീതിയിൽ ആദ്യം കുട്ടികൾ കാര്യങ്ങൾ മുഴുവനായോ വിപുലമായ തരത്തിലോ സ്വീകരിക്കുകയാണ് ചെയ്യുന്നത്. അതിനുശേഷം സൂക്ഷ്മമായ അംശങ്ങളിലേക്ക് കടക്കുന്നു. സ്ഥൂലത്തിൽ നിന്ന് സൂക്ഷ്മത്തിലേക്കാണ് പഠിതാവ് നയിക്കപ്പെടുന്നത്. ഒരു വസ്തുവിനെ സമഗ്രമായി കാണാനും മനസ്സിലാക്കാനുമുള്ള വ്യക്തിയുടെ കഴിവാണ് ഈ രീതിയിൽ പരിഗണിക്കപ്പെടുന്നത്. വാക്യസമൂഹം, വാക്യം, പദം എന്നീ ക്രമത്തിൽ അപഗ്രഥിച്ച് അക്ഷരങ്ങളിലേക്ക് എത്തുകയാണ് ചെയ്യുന്നത്. അപഗ്രഥനരീതി (Analytical Method) യുടെ തലമാണ് ആശയാവതരണരീതിക്ക് അടിസ്ഥാനം. ആധുനിക വിദ്യാഭ്യാസ ചിന്തകർക്കും വിദ്യാഭ്യാസ മനശ്ശാസ്ത്രജ്ഞർക്കും ഈ രീതിയാണ് സ്വീകാര്യമായി കാണുന്നത്.

**ശ്രാവ്യവായനയും മൗനവായനയും :**

**ശ്രാവ്യവായന:** അക്ഷരസ്ഫുടതയോടെ അർഥം ഗ്രഹിച്ച് വായിക്കുന്നതിന് ശ്രാവ്യവായന ഉപകരിക്കും. വാക്കുകളും വാക്യങ്ങളും സ്വാഭാവികമായി ഉച്ചരിക്കുക, അനുയോജ്യമായ ഊണവും ഊന്നലും നൽകുക എന്നിവയൊക്കെ പരിശീലിപ്പിക്കാൻ ശ്രാവ്യവായന ഏറെ സഹായിക്കുന്നു. പ്രസംഗകലയിലേക്ക് കുട്ടിയെ നയിക്കുന്നതിനും ഭാവാത്മകമായ ശ്രാവ്യവായന സഹായിക്കുന്നു. ഏറെ സമയം ഉറക്കെ വായിക്കാൻ കഴിയില്ല എന്നത് ഈ രീതിയുടെ പ്രധാന പോരായ്മയാണ്.

**മൗനവായന:** ആശയഗ്രഹണത്തിനുള്ള ഏറ്റവും നല്ല ഉപാധിയാണ് മൗനവായന. ആശയവും ചിന്തയും ഇവിടെ ഒന്നുചേരുന്നു. വായിച്ച ഭാഗങ്ങളുടെ അർഥം നേരിട്ട് മനസ്സിലെത്തുന്നു എന്നതാണ് പ്രധാന മേന്മ. മുതിർന്ന ക്ലാസുകളിലെത്തുമ്പോൾ മൗനവായനയിൽ കുട്ടി നിപുണനാകണം. അതിനുതകും വിധം താഴ്ന്ന ക്ലാസുകളിൽ പരിശീലനം ലഭിക്കണം.

**ജൈവവായന**

*പലപ്പോഴും മുതിർന്നവർ അവരുടെ താൽപ്പര്യത്തിനനുസരിച്ചാണ്. വായന പരിശീലിപ്പിക്കുന്നത്. ഇത് കുട്ടിയിൽ വായനയോട് സ്വാഭാവികമായ ആഭിമുഖ്യം ഉണ്ടാക്കിക്കൊള്ളണമെന്നില്ല. കുട്ടിക്ക് സ്വന്തം ആവശ്യങ്ങൾക്കനുസരിച്ച് വായിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കണം. അപ്പോൾ വായനയോടുള്ള കുട്ടിയുടെ താല്പര്യം സ്വാഭാവികമായി വളർന്നു വികസിക്കുന്നതുകാണാം. തുറന്ന വായനയ്ക്ക് അവസരം നൽകുന്ന ജൈവപാഠങ്ങളാണ് ഇതിനായി ഒരുക്കേണ്ടത്. അറിയുന്നതിൽനിന്ന് അറിയാത്തതിലേക്കും സ്വന്തം സംസ്കാരത്തിൽനിന്നും പുതിയ സംസ്കാരത്തിലേക്കും യാത്രചെയ്യാനുള്ള ഒരു പാലംപോലെ ജൈവവായന ഉപയോഗപ്പെടുത്താം.*

**വായനാ പരിശീലനം – പ്രായോഗിക പ്രവർത്തനങ്ങൾ**

**അടിസ്ഥാനതലം:** കുട്ടിക്ക് വായനയിൽ താൽപ്പര്യം ഉണർത്തുന്നതിനായി വിവിധതരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കുട്ടിയുടെ പ്രായം, മാനസികനില, താൽര്യമുള്ള മേഖലകൾ എന്നിവ പരിഗണിച്ചുകൊണ്ടായിരിക്കണം പ്രവർത്തനങ്ങൾ ഒരുക്കേണ്ടത്.

**പ്രീപ്രൈമറി തലം:** ആറുവയസ്സുവരെയുള്ള കുട്ടികളാണ് ഈ ഘട്ടത്തിൽ വരുന്നത്. നേരിട്ടുള്ള അക്ഷരവായന അവരെ സംബന്ധിച്ച് ആശാസ്യമല്ല. ധാരാളം പ്രാഗ്വായനാ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ അനുയോജ്യമായത്.

- ചിത്രവായന
- ക്രമീകരിച്ച ചിത്രങ്ങളെ കഥാരൂപത്തിലാക്കുക.
- ചിത്രങ്ങളായി പ്രദർശിപ്പിച്ചിരിക്കുന്ന കഥകൾ പറഞ്ഞു കേൾപ്പിക്കൽ.
- കഥകേൾക്കുന്നതിൽ നിന്ന് കഥാവായനയിലേക്ക് കുട്ടിയെ നയിക്കൽ
- അക്ഷരചിത്രങ്ങൾ
- അക്ഷരങ്ങളുടെ കട്ടൗട്ടുകൾ
- വാക്കുകളും ചിത്രങ്ങളും ചേർന്നുള്ള കഥകൾ

**പ്രാഥമികതലം:** കേൾവിയിൽ നിന്നാണ് കുട്ടിക്ക് വായിക്കാനുള്ള താൽപ്പര്യം ജനിക്കുന്നത്. കുട്ടി കേൾക്കാനിഷ്ടപ്പെടുന്ന കഥകൾ – പഞ്ചതന്ത്ര കഥകൾ, വിക്രമാദിത്യ കഥകൾ, ഹിതോപദേശ കഥകൾ, ബാലകഥകൾ, കേൾക്കാനിഷ്ടപ്പെടുന്ന കവിതകൾ തുടങ്ങിയവ – അധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും കേൾക്കാനുള്ള ധാരാളം അവസരങ്ങൾ ഒരുക്കണം.

പ്രാഥമിക ഘട്ടം തീരുമ്പോൾ കുട്ടിക്ക് സ്വതന്ത്ര വായനയ്ക്ക് കഴിയണം. വർത്തമാനപ്പത്രങ്ങൾ, ബാല മാസികകൾ, ബാലപംക്തികൾ തുടങ്ങിയവ സ്വതന്ത്രമായി വായിച്ച് ആസ്വദിക്കാൻ കഴിയണം. കഥാ മത്സരങ്ങൾ, യാത്രാവിവരണങ്ങൾ, ആസ്വാദനക്കുറിപ്പുകൾ, ലഘുപ്രസംഗങ്ങൾ, ആലാപനം, കാവ്യ രചന തുടങ്ങിയവയെല്ലാം വായനയുമായി ബന്ധപ്പെടുത്തി നടത്താനും അങ്ങനെ വായനയിലേക്ക് കുട്ടിയെ നയിക്കാനും കഴിയും.

കഥാപൂരണം, ആശയവിപുലനം, വരികൾ കൂട്ടിച്ചേർക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും പഠിതാക്ക ളുടെ വായനാശേഷി വളർത്താനുള്ള പ്രവർത്തനങ്ങളായി ഉപയോഗിക്കാം. ഭാഷാപ്രവർത്തനങ്ങൾ സ്കൂളിൽ ഒതുങ്ങുന്നവയല്ല. സ്വാഭാവികമായും ക്ലാസ്തല പ്രവർത്തനങ്ങൾ വീട്ടിലേക്കും വ്യാപിപ്പി ക്കേണ്ടതുണ്ട്. കുട്ടികൾക്ക് ഇണങ്ങുന്ന പുസ്തകങ്ങളുടെ ശേഖരം വീട്ടിൽ ഒരുക്കേണ്ടതും അവ പ്രയോജനപ്പെടുത്താനുള്ള അവസരം ഉണ്ടാകേണ്ടതുമാണ്.

എലിമെന്ററി ക്ലാസ്സുകളിൽ ഇത്തരം ചില വായനാ പരിശീലന രീതികൾ ഉൾപ്പെടുത്താം.

- സംയുക്തവായന
- 'അയ്യോ തെറ്റി' വായന
- 'ഛെ ഛെ' വായന
- ഗ്രൂപ്പ് വായന
- ഒറ്റയ്ക്കുള്ള വായന
- പൂരിപ്പിച്ചു വായന
- ഒളിച്ചിരിക്കുന്നതിനെ കണ്ടെത്തൽ
- എത്രവട്ടം ആവർത്തിച്ചു എന്ന് കണ്ടെത്തൽ
- കഥാപാത്രങ്ങളെ മാറ്റി വായിക്കൽ
- അന്യോന്യം പൂരിപ്പിച്ചു വായിക്കൽ

**ഗ്രാഫിക് റീഡിങ്**

*നടിച്ചു വായിക്കുക എന്നത് ചെറിയ കുട്ടികളുടെ പ്രത്യേകതയാണ്. അമ്മയുടെ ചിത്രം കണ്ട് അമ്മ എന്നു പറയുന്നതും, കഥാചിത്രങ്ങളിലൂടെ കഥ പറയുന്നതും വീട്ടിലെ പത്രം മാറുമ്പോൾ തിരിച്ചറിയുന്നതും ഗ്രാഫിക് വായനയുടെ ആദ്യ പടിയാണ്. കുറെ പേരിൽ നിന്നും സ്വന്തം പേരു കണ്ടെത്തുന്നതും, കുട്ടി പറയുന്ന പദം അധ്യാപിക എഴുതുമ്പോൾ പ്രത്യേകം ശ്രദ്ധിക്കു ന്നതും പിന്നീട് അത് കണ്ടെത്തി കാണിക്കുന്നതും വായനയുടെ ആദ്യപ്രവർത്തനങ്ങളാണ്. വാക്യങ്ങളിലെ ശബ്ദയൂണിറ്റും അതിന്റെ ലിഖിത രൂപവും പൊരുത്തപ്പെടുത്താനുള്ള പ്രവർത്ത നങ്ങളും വായനാ പരിശീലനത്തിന്റെ തുടക്കത്തിൽ കുട്ടിക്ക് ലഭിക്കണം.*

ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുമുമ്പ് പുസ്തകത്തിലെ ചിത്രങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ചിത്രവായന നടത്തുന്നത് കുട്ടിയെ വായനയിലേക്കു നയിക്കുന്നതിന് സഹായകമാകും.

**വായനയിൽ ആശയഗ്രഹണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ**

വായനയെ പ്രോത്സാഹിപ്പിക്കാനും അതിലൂടെ ആശയഗ്രഹണം നടക്കുന്നുവെന്ന് ഉറപ്പു വരുത്താനും വായിച്ച ഭാഗത്തെ ആസ്പദമാക്കി ആശയപ്രകടനത്തിനുള്ള നിരവധി അവസരങ്ങൾ ഒരുക്കണം

- നാടകാവിഷ്കാരം
- മൈമിങ്
- റോൾപ്ലേ
- ചിത്രംവര

- ചോദ്യോത്തരപ്പയറ്റ്
- ആശയം പരത്തിപ്പറയൽ
- കഥ മാറ്റംവരുത്തിപ്പറയൽ
- കവിതാപൂരണം
- ആശയം ചുരുക്കിപ്പറയൽ
- കഥാപാത്രമായി സങ്കൽപ്പിച്ച് പറയൽ
- കഥാപൂരണം
- കഥാവിപുലനം (എന്നിട്ടെന്തുണ്ടായി?)

**പ്രവർത്തനങ്ങൾ**

? ഗ്രാഫിക് വായനയുടെ സാധ്യതകൾ ഒന്നാം ക്ലാസ്സിൽ പരീക്ഷിച്ചുനോക്കുക. കണ്ടെത്തലുകൾ ക്ലാസ്സിൽ പങ്കുവയ്ക്കുക.

? വിദ്യാലയത്തിൽ വായനയ്ക്ക് പ്രാധാന്യം നൽകി നടത്തുന്ന പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവയുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ചോദിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുക.

? വ്യത്യസ്ത വായനാരീതികളായ വാർത്താവായന, കഥാവായന എന്നിവ ഉൾപ്പെടുത്തി വായനക്കളരികൾ സംഘടിപ്പിക്കുക.

? ശ്രാവ്യവായനയുടെ നല്ല മാതൃകകൾ (ഓഡിയോ) ശേഖരിക്കുക.

### ലേഖനം

ഭാഷാനൈപുണികളിൽ ഏറ്റവും അവസാനത്തേതും സങ്കീർണമായതുമായ നൈപുണിയാണ് എഴുത്ത് അഥവാ ലേഖനം. പദങ്ങളെ പ്രത്യേക ക്രമത്തിൽ പരസ്പരം ബന്ധപ്പെടുത്തി ഒരു വാക്യമുണ്ടാക്കുന്നതിനുള്ള കഴിവാണ് എഴുത്ത്. അഭ്യസനത്തിലൂടെ മാത്രം ലഭിക്കുന്ന ഒരു ഭാഷാനൈപുണിയാണ് എഴുത്ത്. ഭാഷ ഒരു വ്യവസ്ഥയാണ്. ആ വ്യവസ്ഥയിലെ അവിഭാജ്യഘടകങ്ങളാണ് ശബ്ദവും അത് രേഖപ്പെടുത്താനുള്ള ലിപി സമ്പ്രദായവും. ശബ്ദത്തെ സംബന്ധിച്ചിടത്തോളം സമാനസ്വഭാവമുള്ളവയാണ് ലോകത്തിലെ എല്ലാ ഭാഷകളും. എന്നാൽ ലിപിയിൽ വലിയ വ്യത്യാസം ഉണ്ടുതാനും. ലേഖനവിദ്യ കണ്ടുപിടിച്ചതോടെയാണ് വിദ്യാഭ്യാസപരമായി മനുഷ്യൻ പുരോഗമിച്ചു തുടങ്ങിയത്. ഇതുമൂലം, നേടിയ അറിവ് പിൻതലമുറകൾക്ക് വേണ്ടി രേഖപ്പെടുത്തിവയ്ക്കാൻ സാധിച്ചു.

### ആവശ്യഗുണങ്ങൾ

- ഭംഗി, വേഗത, വ്യക്തത, അനുപാതക്രമം ഇവയാണ് എഴുത്തിനുണ്ടായിരിക്കേണ്ട പ്രത്യേകതകൾ.

ഭംഗിയായി എഴുതിയാൽ പോരാ, വേഗതയും ആവശ്യമുണ്ട്. പരിശീലനം കൊണ്ടാണ് ഇതു നേടേണ്ടത്. വേഗം എഴുതുന്നതിന് കൈയിലെ പേശികൾ വളരെ വേഗം ചലിക്കണം. വ്യക്തതയാണ് എഴുത്തിനുണ്ടായിരിക്കേണ്ട മൂന്നാമത്തെ ഗുണം. നാം എഴുതുന്നത് അന്യർക്ക് മനസ്സിലാകുന്ന തരത്തിലായിരിക്കണം. നാലാമത്തേത് അനുപാതക്രമമാണ്. അക്ഷരങ്ങളെല്ലാം ഒരേ വലുപ്പത്തിൽ എഴുതണം. അക്ഷരങ്ങളുടെ സ്വാഭാവികമായ രൂപങ്ങൾ വികൃതപ്പെടുത്താൻ പാടില്ല. വരികൾ തമ്മിലുള്ള അകലം പാലിക്കണം.

### ലേഖനത്തിൽ കരചലനത്തിന്റെ പ്രാധാന്യം

ഭാഷയിലെ മറ്റു മൂന്നു നൈപുണികളും നേടിയതിനു ശേഷമേ എഴുത്തിലേക്കു കടക്കാവൂ. വിരലുകളുടെ വ്യത്യസ്തമായ ചലനങ്ങൾ ഉറപ്പിക്കുകയാണ് ആദ്യം വേണ്ടത്. എഴുത്തിന് സഹായകമാകുന്ന കൈയിലെ സൂക്ഷ്മപേശികളെയും സ്ഥൂലപേശികളെയും ചലിപ്പിക്കാൻ പ്രാപ്തമാക്കുന്ന വിധത്തിൽ തലങ്ങനെയും വിലങ്ങനെയും ഉള്ള വരകൾ കുട്ടികൾക്ക് ഇഷ്ടമുള്ള രീതിയിൽ വരയ്ക്കാൻ അവസരം കൊടുക്കുകയാണ് എഴുത്തിന്റെ ആദ്യ ഘട്ടത്തിൽ ചെയ്യേണ്ടത്. അതിനുശേഷം നിശ്ചിത ആകൃതികളും (വൃത്തം, ചതുരം, ത്രികോണം) കുട്ടികൾക്ക് എളുപ്പത്തിൽ വരയ്ക്കാവുന്ന ചിത്രങ്ങളും

വരപ്പിക്കുക. ലഘുവായ അക്ഷരങ്ങൾ വേണം ആദ്യം എഴുതിക്കാൻ. ഒരക്ഷരത്തെ മറ്റൊരക്ഷരമായി മാറ്റാൻ കഴിയുന്ന വിധത്തിലുള്ള അക്ഷരങ്ങൾ ആദ്യം പഠിപ്പിക്കുന്നത് കുട്ടികൾക്ക് രസകരവും, എളുപ്പവും ആയിരിക്കും. ഉദാഹരണത്തിന് 'റ' പോലുള്ള അക്ഷരത്തെ പ, വ, ത, ന, ര എന്നീ അക്ഷരങ്ങളാക്കി മാറ്റാം.

**ലേഖന പരിശീലനത്തിനുള്ള വിവിധ രീതികൾ**

അക്ഷരങ്ങളുടെ ശരിയായ ആലേഖനക്രമം ലേഖന പരിശീലനത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മലയാള അക്ഷരങ്ങൾ പ്രദക്ഷിണരൂപ (Clockwise) ത്തിലാണ് മിക്കതും എഴുതുന്നത്. തെറ്റായ ആലേഖനക്രമം പിന്നീട് ശരിയാക്കി എടുക്കാൻ വളരെ ബുദ്ധിമുട്ടാണ്. ആദ്യഘട്ടങ്ങളിൽ അക്ഷരങ്ങളുടെ വടിവിലും വലുപ്പത്തിലും കൃത്യതതയും കണിശതയും കാണിക്കണമെന്നില്ലെങ്കിലും വലുപ്പം, അകലം എന്നിവ ശരിയാക്കി എടുക്കേണ്ടതുണ്ട്. ശരിയായ ആലേഖനക്രമം പാലിക്കുന്നതുകൊണ്ട് എഴുത്തിന് വേഗതയും ഭംഗിയും വർധിപ്പിക്കാൻ കഴിയും.

- ആലേഖന മാതൃകകൾ കണ്ടെത്തി അവയുടെ ശരിയായ പ്രയോഗങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യുക.

**1. മണലിലെഴുത്ത്**

പരുത്ത പ്രതലത്തിലാണ് ആദ്യം അക്ഷരാഭ്യാസം തുടങ്ങേണ്ടത്. വിരൽ കൊണ്ട് മണലിൽ എഴുതുമ്പോഴുണ്ടാകുന്ന സ്പർശസംവേദനം അക്ഷരരൂപത്തെയും അതിനുപയോഗിച്ച കരചലനത്തെയും മനസ്സിൽ ഉറപ്പിക്കുമ്പോൾ സഹായകമാകുമെന്നാണ് മനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

**2. ബോർഡിലെഴുത്ത്**

മണലിലെ അഭ്യസനത്തോടൊപ്പം ദൃഢമായ വസ്തുവിലും എഴുതി പഠിക്കണം. അതിനായി ബോർഡ് ഉപയോഗിക്കാം. ദൃഢമായ വസ്തുവിൽ എഴുതുമ്പോൾ വിരലുകൾക്കും കൈകൾക്കും അധികം ശക്തി ആവശ്യമായിവരുന്നു. കൈ മൊത്തത്തിൽ ചലിപ്പിച്ചു വേണം ബോർഡിൽ എഴുതാൻ. അങ്ങനെയാകുമ്പോൾ കൈയിലെ സ്ഥൂല പേശികൾക്കൊപ്പം സൂക്ഷ്മ പേശികളും കൂടി ചലിപ്പിക്കാൻ ബോർഡിലെഴുത്ത് സഹായിക്കുന്നു.

**3. സ്ലേറ്റിലെഴുത്ത്**

ദൃഢമായ പ്രതലത്തിൽ നിന്ന് മിനുസമായ പ്രതലത്തിൽ എഴുതാനുള്ള തുടക്കം കുറിക്കുന്നത് സ്ലേറ്റിലെഴുത്തിലൂടെയാണ്. അക്ഷരങ്ങൾ വലുപ്പത്തിൽ എഴുതാനാവശ്യപ്പെടാം.

**4. കടലാസ്സിലെഴുത്ത്**

സ്ലേറ്റിൽ എഴുതി പരിശീലിച്ചതിന് ശേഷം മാർദവമുള്ള കടലാസ്സിലെഴുതിക്കാം. വേഗത്തിൽ ഭംഗിയായി എഴുതാനുള്ള കഴിവാണ് ലേഖനാഭ്യസനത്തിന്റെ ലക്ഷ്യം.

**എഴുത്തുശേഷി വികസിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ഒന്നാം ക്ലാസ്സിന്റെ ചുമരുകൾ മനോഹരമായ എഴുത്തുരൂപങ്ങളാൽ ആകർഷകമാക്കണം. വൈവിധ്യമാർന്ന സന്ദർഭങ്ങൾ എഴുത്തിനായി നൽകേണ്ടതുണ്ട്. ഇവ അർഥപൂർണമായ അനുഭവമാക്കിത്തീർക്കാൻ ശ്രദ്ധിക്കണം.

**നൽകാവുന്ന പ്രവർത്തനങ്ങൾ**

- ചിത്രങ്ങളിൽ നിന്ന് ആശയം കണ്ടെത്തി പദങ്ങൾ, വാക്യങ്ങൾ എന്നിവ എഴുതാനവസരം നൽകൽ.

- മനസ്സിലാക്കിയ കാര്യങ്ങൾ നിശ്ചിതവാക്കുകളിൽ ചിത്രീകരണസഹിതം അവതരിപ്പിക്കൽ.
- ശരിയായ ആലേഖനക്രമം പാലിച്ച് അധ്യാപിക എഴുതുന്നത് കാണാൻ അവസരവും മാതൃക നോക്കി എഴുതാനുള്ള അവസരവും നൽകൽ.
- പാഠഭാഗത്തെ രചനാ പ്രവർത്തനങ്ങൾ പൂർത്തിയാക്കൽ.
- ചിത്രങ്ങൾ, സ്വന്തം അനുഭവങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി സ്വതന്ത്രമായി എഴുത്തിനുള്ള അവസരം നൽകൽ.
- സ്വതന്ത്രമായി സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള അവസരം നൽകൽ.
- തുടക്കത്തിൽ എഴുത്തിന്റെ വടിവിനും പൂർണതയ്ക്കും അമിതമായ ഊന്നൽ നൽകരുത്. അതവരുടെ ആത്മവിശ്വാസത്തെ പ്രതികൂലമായി ബാധിക്കും.

**ലേഖനം – ബോധന സമീപനങ്ങൾ**

ക്ലാസിൽ ലേഖനാഭ്യാസം നടത്തുന്നത്, പഠനത്തിനും ബോധനത്തിനുമുള്ള ഒരു ഉപകരണമായിട്ടായിരിക്കാം, അല്ലെങ്കിൽ ലേഖനശേഷി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയായിരിക്കാം. എല്ലാ ലേഖന പ്രവർത്തനങ്ങളിലും മറ്റു ശേഷികൾ ഉൾപ്പെടുന്നു. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പഠിതാവ് വിവരം ശേഖരിക്കുക, താരതമ്യം ചെയ്യുക, വാദഗതികൾ പരിശോധിക്കുക, ആശയങ്ങൾ ചിട്ടപ്പെടുത്തുക തുടങ്ങിയ നിരവധി ശേഷികളിലൂടെ കടന്നുപോവുകയാണ്. ലേഖനശേഷി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ലേഖനമാണ് മറ്റൊന്ന്. ഇവ രണ്ടും അനുയോജ്യമായി ഏകോപിപ്പിക്കാം.

**ഉള്ളടക്കവും അവതരണ രീതിയും**

ആശയപരമായ ഉള്ളടക്കവും അവതരണരീതിയും തമ്മിലുള്ള തുലനം എന്തായിരിക്കണം എന്ന പ്രശ്നം എല്ലാ ലേഖനപ്രവർത്തനങ്ങളും ഉയർത്തുന്നുണ്ട്. ലേഖനത്തിന്റെ ലക്ഷ്യം ആശയവിനിമയമാണല്ലോ. അതിനാൽ ഒരു ലേഖനത്തിന്റെ ഏറ്റവും പ്രധാനമായ വശം അതിൽ അടങ്ങിയിട്ടുള്ള ആശയങ്ങളാണ് എന്ന് പറയാം. അതേ സമയം ഫലപ്രദമായ വിധത്തിൽ അവതരിപ്പിച്ചില്ലെങ്കിൽ ആശയവിനിമയത്തിന് തടസ്സമുണ്ടാകാം. അതിനാൽ ആശയങ്ങൾ ഏതു രീതിയിൽ അവതരിപ്പിക്കുന്നു എന്നതും പ്രധാനമാണ്. ലേഖനപ്രവർത്തനങ്ങളിൽ ഇതിൽ ഏതു ഘടകത്തിന് പ്രാധാന്യം നൽകണമെന്ന് മുൻകൂട്ടി തീരുമാനിക്കാൻ കഴിയുകയില്ല. ഓരോ ലേഖനദൗത്യത്തിന്റെയും സ്വഭാവമനുസരിച്ച് തീരുമാനിക്കേണ്ട ഒന്നാണ് ഇത്.

പ്രാരംഭഘട്ടത്തിന് അനുയോജ്യമായ ലേഖനപ്രവർത്തനങ്ങൾ.

- ഒരു പ്രത്യേക കാര്യം ചെയ്യാനുള്ള നിർദേശങ്ങൾ എഴുതുക (ഉദാ: പാചകക്കുറിപ്പ്, ഒറിഗാമി രൂപങ്ങൾ ഉണ്ടാക്കുക).
- വ്യക്തിഗതമായ അനുഭവങ്ങൾ
- പ്രകൃതി ദൃശ്യങ്ങളുടെ വിവരണം
- വ്യക്തികളെക്കുറിച്ചുള്ള വിവരണം
- കത്തുകൾക്ക് മറുപടി തയാറാക്കൽ
- ജോലിക്കുള്ള അപേക്ഷ തയാറാക്കൽ
- മാറ്റങ്ങൾ നിർദേശിക്കൽ (ഉദാ: സ്കൂൾ നടത്തിപ്പിൽ, ട്രാഫിക് നിയന്ത്രണത്തിൽ...)
- വാർത്ത തയാറാക്കുക
-

**പ്രവർത്തനം**

- ? പ്രാഗ്ലേഖന പരിശീലനത്തന് (സ്ഥൂലപേശി, സൂക്ഷ്മപേശി ഉപയോഗം) നിർദ്ദേശിക്കാവുന്ന ചില പ്രവർത്തനങ്ങൾ (ഉദാ. തത്തയെ കൂട്ടിലെത്തിക്കൽ, വഴികണ്ടു പിടിക്കൽ) കണ്ടെത്തി ചെറിയ ക്ലാസ്സിൽ ട്രൈഔട്ട് ചെയ്യുക.
- ? മലയാളത്തിലെ ചില പ്രാചീനലിഖിതങ്ങൾ പരിശോധിച്ച് (താളിയോലകൾ, ആധാരങ്ങൾ, പഴയകാല പുസ്തകങ്ങൾ, ...) ലിപി പരിണാമം കാണിക്കുന്ന ചാർട്ട് തയാറാക്കുക.
- ? ലേഖനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ (ഉച്ചാരണപ്രശ്നങ്ങൾ, ഡിസ്ഗ്രാഫിയ, കേൾവിക്കുറവ് പോലുള്ളവ) കണ്ടെത്തി അവ ലഘൂകരിക്കാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.
- ? പ്രഗൽഭരായ വ്യക്തികൾ, കവികൾ എന്നിവരുടെ കൈയെഴുത്തുമാതൃകകൾ ശേഖരിച്ച് താരതമ്യം ചെയ്ത് അവയുടെ സവിശേഷതകൾ കണ്ടെത്തി എഴുത്തിന്റെ വൈവിധ്യം ചർച്ചചെയ്യുക.
- ? ഉച്ചാരണത്തിൽ നിന്ന് ഭിന്നമായ എഴുത്തുരീതികളും മലയാളത്തിലുണ്ട്. വ്യത്യസ്ത മാതൃകകൾ പട്ടികപ്പെടുത്തുക.

**റഫറൻസ്**


1. വിദ്യാഭ്യാസ പരിവർത്തനത്തിനൊരാമുഖം - കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
2. ആധുനിക ഭാഷാശാസ്ത്രം - ഡോ. കെ.എം. പ്രഭാകരവാര്യർ
3. ഭാഷാശാസ്ത്ര പ്രവേശിക - ഡോ. ഇ.വി.എൻ. നമ്പൂതിരി
4. വായനയുടെ ലോകത്തേക്ക് സ്നേഹപൂർവം - മലപ്പുറം ഡയറ്റ് പ്രസിദ്ധീകരണം
5. വിവിധ അധ്യാപക സഹായികൾ -

# യൂണിറ്റ് -4
# കുട്ടികളുടെ സാഹിത്യം

**ആമുഖം**

എലിമെന്ററി ക്ലാസുകളിൽ മാതൃഭാഷ പഠിക്കുന്ന ആറ് മുതൽ പതിനാല് വയസ് വരെയുള്ള വിദ്യാർഥികൾക്ക് ഏറ്റവും പ്രിയങ്കരമായ സാഹിത്യശാഖയാണ് ബാലസാഹിത്യം. ഒന്നാം തരം മുതൽ എട്ടാം തരം വരെ ഈ വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ ബാലസാഹിത്യത്തിന്റെ വിവിധ മേഖലകളും ശാഖകളും കാലഘട്ടങ്ങളും പ്രസിദ്ധീകരണങ്ങളും ഒക്കെ അറിഞ്ഞിരിക്കേണ്ടതുണ്ട്. കുട്ടികളുടെ സാഹിത്യം എന്ന ഈ യൂണിറ്റിലൂടെ കടന്നുപോകുമ്പോൾ മലയാളത്തിലെ ബാലസാഹിത്യത്തിന്റെ സവിശേഷതകൾ, ബാലസാഹിത്യകൃതികളുടെയും പ്രസിദ്ധീകരണങ്ങളുടെയും ക്ലാസ്റൂം സാധ്യതകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നേടാൻ ഓരോ അധ്യാപകവിദ്യാർഥിക്കും കഴിയണം. മലയാളത്തിൽ വൈവിധ്യമാർന്ന ബാലസാഹിത്യമുണ്ടെന്നും അവയിൽ കുട്ടികൾക്ക് യോജിച്ച ഭാഷയും പ്രമേയവുമാണ് കൈകാര്യം ചെയ്യുന്നതെന്നും ഇതിലൂടെ കുട്ടികളുടെ ജിജ്ഞാസ, വായന, സർഗാത്മകത എന്നിവ വളർത്താൻ സാധിക്കുമെന്നും മനസ്സിലാക്കണം. കുട്ടികൾക്ക് വേണ്ടി മുതിർന്നവർ എഴുതുന്നവയും കുട്ടികൾ തന്നെ എഴുതുന്നവയും ബാലസാഹിത്യമേഖലയെ സമ്പന്നമാക്കുന്നു. ഇത്തരം ബാലസാഹിത്യകൃതികളെയും പ്രസിദ്ധീകരണങ്ങളെയും ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഭാഷാപഠന ക്ലാസ് തീർച്ചയായും ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുക തന്നെ ചെയ്യും.

**എന്താണ് ബാലസാഹിത്യം?**

ബാലമനസ്സിൽ ചിന്തയും ഭാവനയും പകർന്ന് കൊടുക്കുന്നത് മഹത്തായ ഒരു കർമ്മമാണ്. മൂർത്തവും ചലനാത്മകവുമായ ഒന്നിലേക്ക് മാത്രമേ കുട്ടികളുടെ മനസ്സ് സഞ്ചരിക്കുകയുള്ളൂ. എന്ത് കണ്ടാലും കേട്ടാലും അതിന്റെ വിശദാംശങ്ങളിലേക്ക് ബാലമനസ്സ് കുതിക്കും. കുട്ടികളുടെ ജിജ്ഞാസ വളരണം. അവരുടെ മനസ്സ് കണ്ണാടി പോലെയാണ്. സ്വഭാവരൂപീകരണത്തിനു പോലും പ്രഥമസ്ഥാനമുള്ള ബാല്യകാലത്ത് അവർക്കായി ലഭിക്കുന്ന സാഹിത്യരചനകൾ ഇത്തരം നിരവധി ഘടകങ്ങൾ ഉൾച്ചേർന്നവ ആയിരിക്കണം. ബാലസാഹിത്യം അവയുടെ സമസ്തഘടകങ്ങളിലും പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും-സമഗ്രത പുലർത്തുന്നവയായിരിക്കണം എന്നർഥം. കുട്ടികളുടെ സാഹിത്യത്തിലെ ഭാഷ, ശൈലി, അവതരണം എന്നിവ മാത്രമല്ല സകല ഘടകങ്ങളും അവരുടെ അഭിരുചികൾക്ക് അനുയോജ്യമായിരിക്കണം. കുട്ടികളുടെ മനശ്ശാസ്ത്രം മനസ്സിലാക്കി അവരുടെ വികാരവിചാരങ്ങളുമായി അലിഞ്ഞുചേരാൻ കഴിയുന്ന രചനകളാണ് നല്ല ബാലസാഹിത്യത്തിൽ ഉൾപ്പെടുന്നത്. മുതിർന്നവരുടെ ലോകത്ത് നിന്നും തികച്ചും വിഭിന്നമായ ഒരു ലോകം-കുട്ടികളുടേത് മാത്രമായ ഒരു മായാപ്രപഞ്ചം സൃഷ്ടിച്ചെടുക്കുക എന്ന അതിമഹത്തായ ഒരു കൃത്യമാണ് നല്ല ബാലസാഹിത്യരചയിതാക്കൾ ചെയ്യുന്നത്.

ബാലസാഹിത്യം രസിക്കാൻ മാത്രമുള്ളതാവരുത്. സ്നേഹം, ദയ, സത്യം, അനുസരണ, അച്ചടക്കം, സാഹോദര്യം, സഹകരണം, ഗുരുഭക്തി, രാജ്യസ്നേഹം, പ്രകൃതിസ്നേഹം, മാതാപിതാക്കളോടുള്ള സ്നേഹം, സ്വാതന്ത്ര്യത്തിന്റെ വില തുടങ്ങിയ മഹനീയാശയങ്ങളുടെ ആദ്യകിരണങ്ങൾ കൊളുത്തിവയ്ക്കാൻ ബാലസാഹിത്യത്തിന് കഴിയണം. തങ്ങൾ ജീവിക്കുന്ന സാമൂഹ്യപരിതസ്ഥിതികളാണ് കുട്ടികളുടെ ഭാവിജീവിതം നിയന്ത്രിക്കുന്നത്. ഒരു കുട്ടി, അവന്റെ വളർച്ചയിൽ വിവിധ ഘട്ടങ്ങൾ തരണം ചെയ്യേണ്ടിയിരിക്കുന്നു. ഓരോ ഘട്ടത്തിലും കുട്ടിയുടെ മാനസികവും വൈജ്ഞാനികവും വൈകാരികവുമായ ആവശ്യങ്ങൾ നിറവേറ്റാൻ ഔപചാരിക വിദ്യാഭ്യാസം മതിയാകാതെ വരും. സ്വയം വായിക്കാൻ ആവശ്യമായ പുസ്തകങ്ങൾ വേണ്ടിവരും. ഇവിടെയാണ് ബാലസാഹിത്യത്തിന്റെ പ്രസ

ക്തി. ഈ അവസരത്തിൽ വായനയ്ക്കായി അവർക്ക് ലഭിക്കുന്ന കൃതികൾ രസപ്രദായകത്വത്തിൽ കൂടുതൽ സമ്പന്നവും, സ്വാഭാവികതയിൽ കൂടുതൽ സത്യസന്ധവും, കലാത്മകതയിൽ കൂടുതൽ രമണീയവും, ശൈശവത്തിന്റെ സസൂക്ഷ്മവും നിത്യനൂതനവുമായ സംവേദനത്തോട് പ്രതികരിക്കുന്ന എല്ലാ ഗുണങ്ങളിലും കൂടുതൽ സമൃദ്ധവുമായിരിക്കണം.

## ബാലസാഹിത്യത്തെക്കുറിച്ച് സാഹിത്യകാരന്മാരുടെ അഭിപ്രായങ്ങൾ

ഡി. സുജാതാദേവി

"മുതിർന്നവരെ ഉദ്ദേശിച്ചുകൊണ്ടുള്ള സാഹിത്യത്തിന്റെ ഒരു ഹ്രസ്വവത്കരണമല്ല ബാലസാഹിത്യം. അതു് ഒരു പ്രത്യേകസത്തയാണു്. അതിനു് അതിന്റേതായ ഒരു സ്വത്വമുണ്ടു്. മിക്കരൂപങ്ങളിലും തെരഞ്ഞെടുപ്പു ദൃഷ്ടാന്തങ്ങളിലും അതിനു് സ്വകീയസഹജമായ ഒരാകാരവും ശാസ്ത്രീയമായ ഒരു അടിസ്ഥാനവുമുണ്ടു്; ഒരു സാമൂഹികലക്ഷ്യമുണ്ടു്. പ്രായപൂർത്തിയായവർക്കുവേണ്ടിയുള്ള സാഹിത്യത്തെക്കാൾ, പാഠാന്തരം പറഞ്ഞാൽ, കുട്ടികളുടേതു്, സമൂഹത്തെ മെച്ചപ്പെടുത്താൻ കൂടുതൽ സംഭാവനകൾ നൽകുന്നു."

ശാന്താ രാമേശ്വർ റാവു

കുട്ടികളുടെ കണ്ണുകളിലൂടെ ലോകം കാണുക എന്നുവച്ചാൽ വ്യക്തമായും ലളിതമായും കാണുക എന്നാണർത്ഥം. എല്ലാ ബാല്യകാലാനുഭൂതികളും പ്രഥമാനുഭൂതികളാണു്; അതിനാൽത്തന്നെ മഹോത്സവങ്ങളും. ഒരു കുട്ടിയുടെ തിമിരം ബാധിക്കാത്ത, തെളിമയുള്ള കണ്ണുകളിലൂടെ കാണുന്ന നിലയിൽ സാർവ്വലൗകിക സത്യങ്ങളെ 'പ്രതിബിംബിപ്പിക്കുന്നവെങ്കിൽ മാത്രമേ കുട്ടികൾക്കുവേണ്ടി എഴുതുന്നതു് സാഹിത്യമായിത്തീരുകയുള്ളൂ.

കൽവി ഗോപാലകൃഷ്ണൻ

"ശിശുവിനെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനുപുറമേ ഒരു ബാലസാഹിത്യകാരൻ ആ കുട്ടിയുടെ ചുറ്റും എന്തൊക്കെ—അവ പ്രധാനമോ നിസ്സാരമോ ആകട്ടെ — നടക്കുന്നുവെന്നതിനെക്കുറിച്ചു് അതീവ ശ്രദ്ധാലുവായിരിക്കണം. നിരവധി കഥാപാത്രങ്ങളും സംഭവങ്ങളുംകൊണ്ടു് നിറഞ്ഞതും തനിക്കു് പ്രചോദനപ്രദമായിരിക്കുന്നതുമായ ഏറ്റവും വലിയ കഥാഗ്രന്ഥമാണു് ലോകം. സാധാരണജനങ്ങൾക്കു് അത്യന്തനിസ്സാരമെന്നു് തോന്നുന്ന ഒരു പദാർത്ഥമോ ഒരു സംഭവമോ ഒരു സംഭാഷണമോ ബാലസാഹിത്യത്തിനു് അതിമനോഹരമായ ഒരു കലാസൃഷ്ടി നടത്താനുള്ള മാന്ത്രികോപാദാനമായിത്തീരുന്നു."



സുഗതകുമാരി

"മഴവില്ലിനോടൊപ്പം, കളിച്ചുവന്ന ബാലമനസ്സു് യഥാർത്ഥകവിതയുടെ എല്ലാവികാരങ്ങളും പങ്കിട്ടു. വായനക്കാരിൽവെച്ചേറ്റവും പെട്ടെന്നു് വികാരഭരിതരാകുന്നതും കുട്ടികളാണു്."

നിരങ്കാർ ദേവ് സേവക്



ഒരു ബാലസാഹിത്യകൃതിക്കു് പൂർണ്ണതയോടെ ശിശുലോകത്തിൽ കടക്കുകയും അവിടെത്തന്നെ നില ഉറപ്പിക്കുകയും ചെയ്യേണ്ടതുണ്ടു്. ശിശുവിനു് അവന്റെ സ്വന്തം ലോകത്തിലുള്ള പരമാധികാരത്തെ എഴുത്തുകാരൻ അംഗീകരിക്കുകയും അവിടത്തെ ചട്ടവട്ടങ്ങൾ അനുസരിക്കുകയും വേണം— അന്യരാജ്യത്തിൽ പൗരത്വം നേടുന്ന വിദേശിയെന്നപോലെ തന്നെ.

എം. വെങ്കടറാവു

ബാലസാഹിത്യരചനയിൽ സ്വീകരിക്കപ്പെടുന്ന രൂപം എന്തായിരുന്നാലും, പ്രഥമവും പ്രധാനവുമായ കാര്യം ഭാഷയാണു്. ഋജുവായരീതിയിൽ അയഞ്ഞ ലളിതമായ ഭാഷയായിരിക്കണം ഇക്കാര്യത്തിൽ ഉപയോഗിക്കേണ്ടതു്.

ഉത്പൽ ഹോം റോയ്

''ഭാഷാശൈലി ശിശുവിനെ ആകർഷിക്കുന്നതായിരിക്കണം. വിഷയം അത്ര സുഗ്രഹമല്ലാതിരിക്കുമ്പോഴും അവൻ അത് വീണ്ടും വീണ്ടും വായിക്കുന്നു. എഴുതിയിരിക്കുന്ന രീതി അവന് ആകർഷകമായി തോന്നുന്നുണ്ടെങ്കിൽ വീണ്ടും വായിക്കുന്നതിൽ അവന് മുഷിച്ചിൽ തോന്നുകയില്ല. ബാലസാഹിത്യകൃതികളിലെ ഭാഷാരീതി കുട്ടികളിൽ വായനയോട് സ്നേഹം വളർത്തുന്നതാകണം; ബാലസാഹിത്യത്തിന്റെ പ്രാഥമിക ലക്ഷ്യവും അതുതന്നെയാണല്ലോ.''

രാജലക്ഷ്മി മുരളീധരൻ

''ശിശുക്കൾക്കുള്ള ഉത്തമ സാഹിത്യം കുട്ടിയുടെ ഭാവനാശക്തിയെ ഉദ്ദീപിപ്പിക്കുകയും സർഗ്ഗാത്മകമായ ആശയപ്രകാശനത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു — എല്ലാം അവന്റെ സംവേദനത്തിന്റെയും അനുഭൂതികളുടെയും തലങ്ങളിൽ.''

ഡോ. എ. സുകുമാരൻനായർ

''നിലവിലുള്ള വിജ്ഞാനത്തിന്റെ എല്ലാ പ്രധാനമേഖലകളെയുംകുറിച്ച് വിശ്വാസ്യമായ വിവരങ്ങൾ ലഭ്യമാക്കണമെന്നുള്ള പ്രകടമായ ലക്ഷ്യത്തോടുകൂടിയും കുട്ടികളുടെ സർവ്വതോമുഖമായ മാനസികവികാസത്തെ ഉദ്ദീപിപ്പിക്കണമെന്നുള്ള പ്രത്യക്ഷോദ്ദേശത്തിലും, അവരുടെ ഉപയോഗത്തിനുവേണ്ടി രചിക്കപ്പെടുന്ന പ്രത്യേക സാഹിത്യത്തെയോ വിഷയത്തെയോ പരാമർശിക്കുന്നതാണ്, വിജ്ഞാനവിനിമയമേഖലകളിലുള്ള ബാലസാഹിത്യം.''

ഡോ. പുഷ്പിതാജോൺ

''വായനയ്ക്ക് തെരഞ്ഞെടുക്കുന്നവ രണ്ട് മാനദണ്ഡങ്ങളെ ഉൾപ്പെടുത്തണം — ഒന്നാമത്ത് തങ്ങൾ വായിക്കുന്നതെന്താണെന്ന് കുട്ടികൾക്ക് മനസ്സിലാകണം; അത് അവർക്ക് രസകരംകൂടിയാകണമെന്നുള്ളതാണ് രണ്ടാമത്തെക്കാര്യം. ഉള്ളടക്കം വളരെ ലളിതമോ വളരെ കഠിനമോ ആകരുത്.''

വി. പി. മുഹമ്മദ്

''കുട്ടികൾക്ക് ഇതുമൊക്കെമതി'' എന്ന തോന്നൽ നമുക്ക് ഒരിക്കലുമുണ്ടാകരുത്. ബാലസാഹിത്യകൃതികൾ, അവയുടെ സമസ്തവശങ്ങളിലും—പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും—സമഗ്രതപുലർത്തുന്നവയായിരിക്കണം. മനോ[illegible]ത്തിലും കിട്ടിയ നേട്ടംകൊണ്ട് നമുക്ക് തൃപ്തിപ്പെടാം. എന്നാൽ ബാലസാഹിത്യ രംഗത്ത് പാരമ്യത്തിലുള്ള കൃതികളും എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

**ബാലസാഹിത്യം – ആദ്യചുവടുകൾ**

ഒരു പ്രത്യേക സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ് ബാലസാഹിത്യം കടന്നുവന്നത്. പ്രാചീനഭാരതത്തിലും മധ്യകാലയൂറോപ്പിലും ബാലസാഹിത്യത്തിന്റെ ആദ്യകാലരചനകൾ ഇതിനു മുന്നേ കണ്ടെത്താൻ കഴിയും. വിഷ്ണുശർമ്മ രചിച്ച പഞ്ചതന്ത്രം, ബുദ്ധമതകാലത്തെ ജാതക കഥകൾ എന്നിവ ഭാരതത്തിലെയും ഈസോപ്പു കഥകൾ, കാസ്റ്റൺ എഴുതിയ മര്യാദയുടെ പുസ്തകം, ഗളിവറുടെ സഞ്ചാര കഥകൾ, ആലീസ് കണ്ട അത്ഭുത ലോകം, ഗ്രിമ്മിന്റെയും ആന്റേഴ്സിന്റെയും കഥകൾ എന്നിവ മധ്യകാല യൂറോപ്പിലെയും ആദ്യകാല ബാലസാഹിത്യ കൃതികളായി പരിഗണിക്കാം. ബാലസാഹിത്യരംഗത്ത് പരിവർത്തനത്തിന് വഴിതെളിച്ചത് 1657-ൽ കൊമിനീയസ് എന്ന വിദ്യാഭ്യാസ ചിന്തകൻ രചിച്ച ഓർബിസ് പിക്ചസ് എന്ന കൃതിയാണ്. ചിത്രങ്ങളോടു കൂടി ലോകബാലസാഹിത്യത്തിൽ ആദ്യമുണ്ടായ പുസ്തകവും ഇതുതന്നെ. പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ പാശ്ചാത്യസാഹിത്യങ്ങളിൽ ബാലസാഹിത്യത്തിന് ക്രമാനുഗതമായ വളർച്ചയുണ്ടായി. ഒപ്പം മലയാളത്തിലും അതൊരു സാഹിത്യപ്രസ്ഥാനമായി വികസിച്ചു.

**ബാലസാഹിത്യം മലയാളത്തിൽ**

മലയാളത്തിൽ ബാലസാഹിത്യം ഒരു പ്രത്യേക ശാഖയായി വളരാൻ തുടങ്ങിയിട്ട് കാലം അധികമായിട്ടില്ല. 1824-ൽ ബഞ്ചമിൻ ബെയ്‌ലി കോട്ടയത്തുനിന്ന് പ്രസിദ്ധീകരിച്ച 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ,' വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിലുള്ള ചില ഗദ്യപാഠങ്ങൾ ഉൾപ്പെടുത്തി 1860-ൽ ഡോ. ഗുണ്ടർട്ട് പ്രസിദ്ധീകരിച്ച 'പാഠശാല'എന്നിവയാണ് മലയാളത്തിൽ ഇതിന് തുടക്കം കുറിച്ചവ. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തെത്തുടർന്ന് മലയാളസാഹിത്യത്തിലുണ്ടായ ഉണർവിന്റെ ഭാഗമായി വേണം ഈ രംഗത്തുണ്ടായ ആദ്യകാലയത്നങ്ങളെ കണക്കാക്കാൻ. 1867-ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അധ്യക്ഷനായി സംഘടിപ്പിച്ച പാഠപുസ്തക കമ്മറ്റി പ്രൈമറി തലം മുതൽ പാഠഭാഗങ്ങൾ തയാറാക്കി. ഇവയിലെ രചനകൾ മുതൽ ബാലസാഹിത്യം മലയാളത്തിൽ സമ്പുഷ്ടമായ ഒരു സാഹിത്യശാഖയായി മാറുന്നത് കാണാം.

മലയാളത്തിൽ ബാലസാഹിത്യത്തിലെ വൈവിധ്യമാർന്ന ചില പടവുകളിലൂടെ കടന്നുപോകാം.

**ഇതിഹാസങ്ങളും ബാലസാഹിത്യവും**

*ബാലസാഹിത്യകാരന്മാർക്ക് അവലംബിക്കാവുന്ന ഏറ്റവും വിശിഷ്ടങ്ങളായ ഖനികളാണ് ഇതിഹാസങ്ങൾ. കഥാസരിത്സാഗരം, പഞ്ചതന്ത്രം, കുട്ടികളുടെ രാമായണം, കുട്ടികളുടെ ഭാഗവതം, കുട്ടികളുടെ ഭാരതം ഇങ്ങനെ നിരവധി കൃതികൾ ഈ വിഭാഗത്തിലുണ്ട്.*

*ആത്മാവിന് ആനന്ദം പകരുകമാത്രമല്ല സംസാരമാർഗത്തിൽ വഴിതെറ്റി അലയുന്നവർക്ക് നേർവഴി ചൂണ്ടിക്കാണിക്കാനൊക്കെ ഇവ സഹായിക്കും.*

## ബാലസാഹിത്യം പരിഭാഷയിലൂടെ

മലയാള ബാലസാഹിത്യരംഗത്ത് വിവർത്തനം വഴി ധാരാളം കൃതികൾ എത്തിയിട്ടുണ്ട്. റഷ്യൻ ഭാഷയിൽ നിന്ന്, ചൈനീസ് ഭാഷയിൽ നിന്ന്, ഇംഗ്ലീഷ് ഭാഷയിൽ നിന്ന്, ബംഗാളി, ഹിന്ദി, തമിഴ്, ഭാഷകളിൽ നിന്ന് അങ്ങനെ....

## നഴ്സറി ഗാനങ്ങൾ പരിഭാഷയിലൂടെ

കുട്ടികളെ സന്തോഷിപ്പിക്കാനും സാന്ത്വനിപ്പിക്കാനും കഴിയുന്ന മനോഹരമായ ഒരു സങ്കല്പത്തിന്റെ സാക്ഷാത്ക്കാരമാണ് നഴ്സറി ഗാനങ്ങൾ, പരിസരഗീതങ്ങൾ, അക്ഷരഗീതങ്ങൾ, സംഖ്യാഗീതങ്ങൾ, അഭിനയഗീതങ്ങൾ, കടങ്കഥാഗീതങ്ങൾ, നിരർഥകഗീതങ്ങൾ ഇങ്ങനെ നിരവധിയുണ്ട് ഈ ഗണത്തിൽ.

## ബാലകവിത

ആശാൻ, ജി.ശങ്കരക്കുറുപ്പ്, ഇടശ്ശേരി, അക്കിത്തം, ഉള്ളൂർ എന്നിവരും ബാലകവിതകൾ രചിച്ചിട്ടുണ്ട്. ബാലരാമായണം, ഓലപ്പീപ്പി, ഇളംചുണ്ടുകൾ, പൂതപ്പാട്ട്, കാക്കേകാക്കേ, അക്കിത്തത്തിന്റെ കുട്ടിക്കവിതകൾ ഇങ്ങനെ ബാലകവിതകളുടെ നിര നീളുന്നു.

## ചിത്ര കഥകളും കുട്ടികളും

കഥകൾ ചിത്രരൂപത്തിൽ വരിക എന്നു പറഞ്ഞാൽ ഒരു ചിത്രം അഥവാ ചിത്ര പരമ്പരകൾ കണ്ട് ആ ചിത്രങ്ങൾക്ക് ആസ്പദമായ കഥകൾ ആസ്വദിക്കാൻ കഴിയുന്നു എന്നർഥം. ചിത്രങ്ങളിലൂടെ കഥകളിലെത്താനും കഥകളിലൂടെ ചിത്രങ്ങളിലെത്താനും കഴിയുന്ന രചനാവിശേഷത്തെ ചിത്രകഥകൾ എന്നുവിളിക്കാം. 1970 കൾക്കു ശേഷം ചിത്രകഥകൾ പൂത്തുലഞ്ഞു. എല്ലാ മേഖലയിലെയും ഒട്ടുമിക്ക കഥകളും ചിത്രകഥകളായി ബാലമനസ്സിൽ ഇടംപിടിച്ചു.

## ഹാസ്യം ബാലസാഹിത്യത്തിൽ

ഹാസ്യം ബാലസാഹിത്യത്തിൽ പ്രയോഗിക്കുമ്പോൾ പ്രത്യേകം ഓർക്കേണ്ടത് ഫലിതാംശം തിരിച്ചറിഞ്ഞ് രസിക്കാൻ കുട്ടികൾക്ക് സാധിക്കണം എന്നതാണ്. ഇങ്ങനെ കുട്ടികളെ കുടുകുടാ ചിരിപ്പിക്കുന്ന ഒരു ഹാസ്യമേഖല ബാലസാഹിത്യത്തിലുണ്ട്.

### മനോവിജ്ഞാനീയവും ബാലസാഹിത്യവും

*ശാരീരിക വളർച്ചയ്ക്ക് ആഹാരവും വ്യായാമവും അവശ്യമായിരിക്കുന്നതുപോലെ മാനസിക വളർച്ചയ്ക്കും വ്യക്തിത്വ വികാസത്തിനും അനുഗുണമായ സാഹചര്യങ്ങൾ വേണം. അവയിൽ പ്രമുഖമായ സ്ഥാനം കുട്ടികളുടെ പാഠപുസ്തകങ്ങൾക്കും അവർ വായിക്കുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുമുണ്ട്. ഈ രംഗത്താണ് ബാലസാഹിത്യത്തിന്റെ പ്രസക്തി ഏറ്റവും കൂടുതലായി അനുഭവപ്പെടുന്നത്. ഈ മേഖലയിൽ സാഹിത്യാഭിരുചിയും അറിവും പകർന്നുകൊടുക്കുന്നതിലുപരി ബുദ്ധിവികാസത്തിന് പ്രാധാന്യം നൽകുന്നുണ്ട്. ഒപ്പം കുട്ടികളിൽ മാതൃകാപരമായ വ്യക്തിവികാസത്തിനു കൂടി ബാലസാഹിത്യം കളമൊരുക്കണം.*

### കുട്ടികളും പൊതുവിജ്ഞാനവും

*പൊതുവിജ്ഞാനം എന്താണ്? എന്തിനാണ്? ഒരു വ്യക്തിയെ തന്റെ ചുറ്റുമുള്ള പ്രപഞ്ചവുമായി ബന്ധിപ്പിക്കുന്ന ഘടകങ്ങളുടെ കൂട്ടമാണ് പൊതുവിജ്ഞാനം. പൗരബോധം, പ്രകൃതിസ്നേഹം, മാനവികത, നീതിന്യായ ബോധം എന്നിവ കുട്ടികളിൽ വളർന്നുവരണം. അറിവിന്റെ ചിതറിയ നുറുങ്ങുകൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതാണ് ജ്ഞാനത്തിന്റെ ഉദയം. അത്തരം ഒരു ഉദയത്തിലേക്ക് കുരുന്നു മനസ്സുകളെ നയിക്കുന്ന പുസ്തകങ്ങളും ദൃശ്യ-ശ്രാവ്യ സഞ്ചികകളും ശിബിരങ്ങളും അടങ്ങുന്നതാണ് ഈ മേഖലയിലെ ബാലസാഹിത്യം.*


### കുട്ടികളുടെ സിനിമയും നാടകവും

*കുട്ടികൾക്ക് വേണ്ടി നിർമ്മിക്കുന്ന നാടകങ്ങൾക്കും ചലച്ചിത്രങ്ങൾക്കും വിദ്യാഭ്യാസപരമായ പ്രാധാന്യം കൂടിയുണ്ട്. കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കപ്പെടുന്ന നാടകങ്ങൾ, സിനിമ എന്നിവ പ്രത്യേക കരുതലോടെയാണ് തയാറാക്കുന്നത്. അതിലേക്ക് വേണ്ടി സ്ക്രിപ്റ്റ് എഴുതുന്ന സാഹിത്യകാരൻ കുട്ടികളുമായി ഉരുമ്മി ജീവിച്ച് അവരുടെ രസാനുഭൂതികൾ ഏതേതെല്ലാം മേഖലകളിലാണ് തളിരിട്ടുനിൽക്കുന്നത് എന്ന് മനസ്സിലാക്കിയാണ് രചന നിർവഹിക്കുന്നത്. എങ്കിലേ വിജയിക്കൂ. കുട്ടികളുടെ കലാവാസന വളർത്തുന്നതോടൊപ്പം കലാപരമായ വിവിധകാര്യങ്ങളിൽ സാങ്കേതിക വൈദഗ്ധ്യം നേടുന്നതിനും ഇത്തരം ബാലസാഹിത്യ ഇടപെടലുകളിലൂടെ സാധ്യമാകുന്നു.*

- കഥ, കവിത, ജീവചരിത്രം, ശാസ്ത്രം തുടങ്ങി സാധാരണ ഗണത്തിൽപ്പെടുന്ന ബാലസാഹിത്യങ്ങളുമുണ്ട്. ബാലസാഹിത്യത്തെ സമ്പന്നമാക്കിയ പ്രമുഖ സാഹിത്യകാരനായ കുഞ്ഞുണ്ണിയെയും സ്മരിക്കണം. ബാലസാഹിത്യത്തെ സംബന്ധിച്ചിടത്തോളം 'കുഞ്ഞുണ്ണിശൈലിയും' 'കുഞ്ഞുണ്ണിയുഗവും' ഉണ്ട്. ബാലമനസ്സുകളുടെ മുഴുവൻ ആത്മചൈതന്യവും ആവാഹിച്ചെടുത്ത പവിത്രവും ചലനാത്മകവുമായ മനസ്സിനുടമയാണദ്ദേഹം.

#### ബാലസാഹിത്യം ആശ്ലേഷിക്കുന്ന വ്യത്യസ്ത മേഖലകൾ

താഴെപ്പറയുന്ന രൂപരേഖയിൽ ഇത് അവതരിപ്പിക്കാം.




(ഇതുസമഗ്രമല്ല)

#### ബാലസാഹിത്യത്തിലെ ഭാഷ

വ്യത്യസ്ത പ്രായത്തിലുള്ള കുട്ടികൾക്ക്, അല്ലെങ്കിൽ വിവിധ ക്ലാസിൽ എത്തിയ കുട്ടികൾക്ക് ഭാഷാപരമായി ഏത് നിലവാരമുണ്ടാകും എന്നതിനെപ്പറ്റി വസ്തുനിഷ്ഠമായ ധാരണ ഉണ്ടാകണം. ഭാഷയിലെ എല്ലാ തലങ്ങളെയും ആഴത്തിലും പരപ്പിലും സ്പർശിച്ചുകൊണ്ടാവണം ഈ നിലവാരത്തെ കണ്ടെത്താൻ. അക്ഷരങ്ങൾ, ലിപി, സംയുക്ത വ്യഞ്ജനങ്ങൾ, പദസംഹിത, വാക്യഘടന, ശൈലികൾ എന്നിവ ഭാഷയുടെ വിവിധ തട്ടുകളിൽ ഏതൊക്കെ ഗ്രഹിച്ചുകഴിഞ്ഞു എന്നും ഇനി ഏതൊക്കെ ഗ്രഹിക്കാനുണ്ട് എന്നും മനസ്സിലാക്കണം.

ബാലസാഹിത്യത്തിലെ ഭാഷ 'സംസാരഭാഷ'യോട് അടുത്തിരിക്കണം. അത് എളുപ്പം താദാത്മ്യം പ്രാപിക്കാൻ ഉപകരിക്കും. കുട്ടികളുടെ ഭാഷയിൽ വേണം കുട്ടികളോട് സംസാരിക്കാൻ. ബാലസാഹിത്യത്തിൽ അതത് നിലവാരത്തിലെ ഭാഷകളിലേക്ക് ഇറങ്ങിച്ചെല്ലണം. കുട്ടികളുടെ ഭാഷ 'നേരേവാ നേരേപോ' രീതിയിലുള്ളതല്ല; ബിംബസമൃദ്ധവും ചടുലവും ആയിരിക്കും ആ ഭാഷ. ചെറിയ കുട്ടികളുടെ കഥയിൽ പദങ്ങൾ ആവർത്തിക്കും. " പണ്ട് പണ്ട് കർണാടകം കർണാടകം എന്നൊരു രാജ്യത്ത് ജീരകം ജീരകം എന്നൊരു വിത്ത് നട്ടു" എന്നിങ്ങനെ. ബാലസാഹിത്യത്തിലെ ഭാഷയ്ക്ക് പൊതുവേ കൃത്യത വേണമെന്നില്ല. കഥപറയുമ്പോൾ കുട്ടിയെ കഥയുടെ ഭാഗമാക്കിപ്പറയുന്നത് അവർക്ക് താൽപ്പര്യം വർധിപ്പിക്കും. അതുപോലെ സംഭാഷണത്തിന് കൂടുതൽ പ്രാധാന്യം നൽകാം.

ലളിതമായ ആഖ്യാനരീതി ആയിരിക്കണം കുട്ടികളുടെ സാഹിത്യത്തിൽ ഉപയോഗിക്കേണ്ടത്. അധികം പ്രയാസമില്ലാത്തതും നല്ലൊരു ശതമാനം വരെ ലഘുവായ വിവരണങ്ങൾ ഉള്ളതും കഠിനമല്ലാത്ത പദങ്ങൾ നിറഞ്ഞതുമായ ശൈലിയാണ് അവർ ഇഷ്ടപ്പെടുക. 'ബർർ', 'ഠിം', ബ്ലും എന്നിങ്ങനെയുള്ള ശബ്ദബിംബങ്ങളും ഇഷ്ടപ്പെടുന്നു. കഥാപാത്രങ്ങളുടെ പേരുകൾ നാമവിശേഷണത്തോടു കൂടിയതായിരിക്കും (ഉദാ:കുഞ്ഞിക്കൂനൻ, മാണിക്യക്കല്ല്, മന്ദാരക്കുരുവി......) മുതിർന്നവരുടെ ഭാഷയിൽ ഉപയോഗിക്കും പോലെ സർവനാമങ്ങൾ കുട്ടികൾ ഇഷ്ടപ്പെടുന്നില്ല. അതിനാൽ "ഉണ്ണീടച്ഛൻ ഉണ്ണിക്കെന്താ കൊണ്ടുവന്നത്", "കണ്ണൻ കണ്ണന്റമ്മയോട് പിണക്കമാ", ഇങ്ങനെയുള്ള പ്രയോഗങ്ങളാണ് അവർക്കിഷ്ടം.

പൊടിപ്പും തൊങ്ങലും വച്ച ഭാഷയാണ് കുട്ടികളുടെ സാഹിത്യത്തിൽ വേണ്ടത്. രാജഭാഷ, രാക്ഷസ ഭാഷ, മന്ത്രവാദിഭാഷ, കാട്ടാളഭാഷ എന്നിങ്ങനെ വ്യത്യസ്ത കൃത്രിമഭാഷകൾ ബാലസാഹിത്യത്തിൽ ആവശ്യമാണ്. 'ഹായ്!', 'ങ്ഹേ'?, 'അമ്പടാ!', 'ന്റമ്മോ.......' ഇങ്ങനെ ചിഹ്നങ്ങളോടെയുള്ള ഭാഷയും 'പളപള മിന്നുന്ന പട്ടുകുപ്പായം', 'തെളുതെളെ തെളിഞ്ഞ പുഴവെള്ളം' എന്നിങ്ങനെ ആവർത്തിക്കുന്ന ഭാഷയും 'മലയോളം ഉയരമുള്ള രാക്ഷസൻ', 'ഉരുളിപോലുള്ള കുടവയറ്' എന്നിങ്ങനെ അതിശയോക്തിഭാഷയും ബാലസാഹിത്യത്തെ കുട്ടികളുടെ ഇഷ്ടമേഖലയാക്കിത്തീർക്കുമെന്നതിൽ സംശയമില്ല.

**ബാലസാഹിത്യത്തിലെ കഥാപാത്രങ്ങൾ**

ചെറിയ കുട്ടികൾക്ക് മൃഗങ്ങളും പരിചിതവസ്തുക്കളും ജീവികളും കഥാപാത്രങ്ങളാകുന്നതാണ് ഇഷ്ടം. ഇവരെല്ലാം സംസാരിക്കുന്നവയും ആകണം. മൃഗങ്ങൾക്കുതന്നെ അസാധാരണത്വമുണ്ടായാൽ കുട്ടികൾക്ക് ഏറെ ഇഷ്ടമാകും. കണ്ണിൽ നിന്ന് തീ പാറുന്ന കുതിര, പറക്കാൻ കഴിയുന്ന ആന, വാലു നീളുന്ന കുരങ്ങൻ തുടങ്ങിയ വിശേഷസ്വഭാവമുള്ള കഥാപാത്രങ്ങൾ ബാലസാഹിത്യകൃതികളിൽ സാധാരണമാകുന്നു. പക്ഷികൾ, മൃഗങ്ങൾ, കുട്ടികൾ, അലൗകികരായ ദേവന്മാർ, രാജാക്കന്മാർ, അരൂപികൾ, അദൃശ്യർ, ഒരംഗുലം മാത്രമുള്ള മനുഷ്യർ ഇങ്ങനെ നീളുന്നു ബാലസാഹിത്യകഥാപാത്രങ്ങൾ. അതുപോലെ പാവക്കുട്ടിക്കും പ്ലാവിലക്കാളയ്ക്കും തൊട്ടിലിലെ കൊച്ചനുജനും ഓരേ പരിഗണനയാണ് കുട്ടികൾ നൽകുന്നത്. പ്രധാന കഥാപാത്രമായി മാറിയോ കഥാപാത്രത്തിന്റെ കൂടെ സഞ്ചരിച്ചോ ആണ് അവർ രചന ആസ്വദിക്കുന്നത്.

പഴയകാലത്തെയും അതിന്റെ പ്രൗഢിയെയും കഥകളിൽ കാണുന്നത് കുട്ടികൾക്ക് ഇഷ്ടമാണ്. രാജാവ്, പ്രഭു, കൊട്ടാരം, രഥം, മണിമാളിക ഇവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. കൊച്ചുമനുഷ്യർ ബാലസാഹിത്യത്തിലെ പ്രധാന കഥാപാത്രങ്ങളാണ്. നരേന്ദ്രനാഥിന്റെ ഇത്തിരിക്കുഞ്ഞന് എത്ര ആരാധകരാണ്. സുജാതയും കാട്ടാനയും, ഉണ്ണിക്കുട്ടനും കഥകളിയും, നമ്പൂര്യച്ചനും മന്ത്രവും തുടങ്ങി എത്ര കൃതികളെയും കഥാപാത്രങ്ങളെയുമാണ് കൊച്ചുകുട്ടികൾ നെഞ്ചേറ്റി ലാളിക്കുന്നത്. ഇതുപോലെ നിരവധി കഥാപാത്രങ്ങളാണ് ബാലസാഹിത്യത്തിലുള്ളത്. അത്തരം കഥാപാത്രങ്ങളെയും അവയുടെ സ്രഷ്ടാക്കളെയും രചനകളെയും കണ്ടെത്തുന്നത് രസകരമായ ഒരു പ്രവൃത്തി ആയിരിക്കും.

**കേരളസംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

*ബാലസാഹിത്യമേഖലയ്ക്ക് ഉണർവും കരുത്തും പകരാൻ 1981-ൽ നിലവിൽ വന്ന സ്ഥാപനമാണ് കേരളസംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. ഇവിടെ നിന്നാണ് മലയാളത്തിലെ പ്രസിദ്ധ ബാലസാഹിത്യമാസികയായ 'തളിര്' പ്രസിദ്ധീകരിക്കുന്നത്. കുട്ടികൾക്കായി നിരവധി പുസ്തകങ്ങളും ആനുകാലികങ്ങളും കേരളസർക്കാരിന്റെ സാംസ്കാരികവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം പ്രസിദ്ധീകരിക്കുന്നുണ്ട്. എട്ട് വാല്യമായി പ്രസിദ്ധീകരിച്ച ബാലകൈരളി വിജ്ഞാനകോശമാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യസംരംഭം. പാഠപുസ്തകങ്ങൾക്ക് അനുബന്ധമായി ഉപരിവായനയ്ക്കുള്ള രചനകളും പ്രസിദ്ധീകരിക്കുന്നുണ്ട്. അക്ഷരകൈരളി, ദർശനകൈരളി, ചരിത്രകൈരളി, ശാസ്ത്രകൈരളി, വിജ്ഞാനകൈരളി എന്നിങ്ങനെ ഭിന്നപരമ്പരകളിൽ വളരെയധികം കൃതികൾ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച് കഴിഞ്ഞു. ലോകക്ലാസിക്കുകളുടെ പുനരാഖ്യാനങ്ങളായ വിശ്വകൈരളി പരമ്പര ഏറെ പ്രസിദ്ധമാണ്.*

*മലയാളത്തിലെ ബാലസാഹിത്യ രചനയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ബാലസാഹിത്യ പുരസ്ക്കാരങ്ങളും കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി തളിര് വായന മത്സരവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്നു. സംസ്ഥാന സാംസ്ക്കാരിക വകുപ്പ് മന്ത്രിയാണ് ഇതിന്റെ ചെയർമാൻ.*

**പ്രവർത്തനങ്ങൾ**

- തിരഞ്ഞെടുത്ത ബാലസാഹിത്യ കൃതികൾ വായിച്ച് വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ സ്വാഭിപ്രായത്തോടെ രേഖപ്പെടുത്തൽ.
- ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിലെ ബാലസാഹിത്യത്തിൽ വരുന്ന പാഠഭാഗങ്ങളുടെ വായന, അവതരണം, വിലയിരുത്തൽ.
- വായിച്ച ബാലസാഹിത്യ കൃതികൾ, ബാലസാഹിത്യത്തിൽ വരുന്ന പാഠഭാഗങ്ങൾ,റഫറൻസ് കൃതികൾ എന്നിവ വായിച്ച് അവയിൽ ഭാഷ, പ്രമേയം എന്നിവ ബാലസാഹിത്യത്തിന് എത്രത്തോളം അനുയോജ്യമാണെന്നതിനെ ആസ്പദമാക്കി ചർച്ച.
- സംഘടിപ്പിക്കുന്ന പൊതുചർച്ചയുടെ അടിസ്ഥാനത്തിൽ ചർച്ചാക്കുറിപ്പ് തയാറാക്കണം.
- ബാലസാഹിത്യ കൃതികൾ പരിശോധിച്ച് അവ കുട്ടികളിൽ എങ്ങനെയാണ് ജിജ്ഞാസ വായന, സർഗാത്മകത എന്നിവ വളർത്തുന്നതെന്ന് കണ്ടെത്തണം (പഞ്ചതന്ത്രം കഥകൾ മുതലായവ ഉദാഹരണമായി എടുക്കാം.)
- ബാലസാഹിത്യവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ചിത്രകഥ, സിനിമ, നാടകം, കുട്ടികൾക്കു വേണ്ടി നിർമ്മിക്കുന്ന വീഡിയോകൾ എന്നിവയുടെ ശേഖരണം -ICT സാധ്യതകൾ ഉപയോഗിച്ച് പ്രദർശനം-വിലയിരുത്തൽ.
- നഴ്സറിഗാനം, ബാലകവിത, ഗുണപാഠകഥകൾ, ബാലശാസ്ത്രകൃതികൾ, കുഞ്ഞുണ്ണി മാഷിന്റെ രചനകൾ, ഇതിഹാസങ്ങളും ബാലസാഹിത്യവും, ബാലസാഹിത്യത്തിൽ പ്രശസ്തരായ ബാലസാഹിത്യകാരന്മാരും രചനകളും എന്നിവയുടെ ശേഖരണം (ഗ്രൂപ്പ് പ്രവർത്തനമായി ഏറ്റെടുത്ത് ഓരോ ഗ്രൂപ്പും ഓരോ മേഖല ശേഖരിക്കുകയും ഗ്രൂപ്പുകൾ പരസ്പരം പങ്കുവയ്ക്കുകയും ചെയ്യുന്നത് ഈ പ്രവർത്തനം അയത്നലളിതമായി ചെയ്യാൻ സഹായിക്കും)

  ഇത് സെമിനാറായി സംഘടിപ്പിക്കാം.

### ബാലസാഹിത്യകൃതികളുടെയും പ്രസിദ്ധീകരണങ്ങളുടെയും ക്ലാസ് റൂം സാധ്യതകൾ

**കുട്ടികൾക്കായുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ**

പത്തൊൻപതാം നൂറ്റാണ്ടിന്റെ വരദാനമാണ് മലയാളത്തിലെ ആനുകാലികങ്ങൾ. ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരണം ലക്ഷ്യമാക്കി നിരവധി വിദ്യാഭ്യാസ മാസികകളും ഇവിടെ ഉദയം ചെയ്തു. കുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ വ്യക്തിത്വവികാസത്തിന് അടിത്തറ പാകുന്ന കാലമാണ് ബാല്യകൗമാരങ്ങൾ. അവരെ സ്വാധീനിക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ സുഹൃത്തുക്കളും അവർ വായിക്കുന്ന കൃതികളുമാണ്. വളരുന്ന ഈ കാലഘട്ടത്തിൽ അവർക്ക് ഓരോ പ്രായത്തിനും അനുസരിച്ചുള്ള രചന

*ബാലസാഹിത്യത്തെ കുട്ടികളുടെ വളർച്ചാഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ ശിശുസാഹിത്യം, ബാലസാഹിത്യം, കിശോരസാഹിത്യം, കൗമാരസാഹിത്യം എന്നിങ്ങനെ വിഭജിക്കാം. ഒന്നു മുതൽ ആറ് വയസ്സുവരെ പ്രായമുള്ളവർക്ക് വേണ്ടിയുള്ളതാണ് ശിശുസാഹിത്യം. നഴ്സറിഗാനങ്ങൾ, അർത്ഥത്തിന് പ്രാധാന്യമില്ലാത്ത പ്രാസനിഷ്ഠ കവിത (നോൺസെൻസ് റൈംസ്) തുടങ്ങിയവ ഈ പ്രായത്തിലുള്ള കുട്ടികൾക്ക് ഇഷ്ടപ്പെടും. ആറു വയസ്സുമുതൽ പത്ത് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് വേണ്ടിയുള്ള ബാലസാഹിത്യത്തിൽ ലഘു കവിതകൾ, യക്ഷിക്കഥകൾ, പ്രകൃതികഥകൾ, ചരിത്രകഥകൾ, വിനോദ കഥകൾ, പുരാണ കഥകൾ തുടങ്ങിയവ ഉൾപ്പെടുന്നു. പത്ത് മുതൽ പന്ത്രണ്ടു വയസുവരെയുള്ളവർക്ക് വേണ്ടിയുള്ള കിശോര സാഹിത്യത്തിൽ ലഘുജീവചരിത്രങ്ങൾ, വീരാപദാനകഥകൾ, ബാലകഥകൾ, ബാലകവിതകൾ എന്നിവ ഉൾപ്പെടുന്നു. പന്ത്രണ്ടിനും പതിനാറിനും ഇടയിലുള്ളവർക്കുള്ള കൗമാരസാഹിത്യത്തിൽ സാഹസികകഥകൾ, വിജ്ഞാനപ്രദാനമായ ചെറിയ ലേഖനങ്ങൾ, ജീവചരിത്രം, നോവൽ, കഥ, കവിത എന്നിവ ഉൾപ്പെടുന്നു. ഈ വിഭജനം ഉണ്ടെങ്കിലും ഇവയെല്ലാം ബാലസാഹിത്യം എന്ന് പൊതുവേ അറിയപ്പെടുന്നു*

*മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ*

*-എരുമേലി പരമേശ്വരൻപിള്ള*

കളാണ് വായനയ്ക്ക് ലഭിക്കേണ്ടത്. അത് തിരഞ്ഞെടുത്ത് കുട്ടികൾക്ക് ലഭ്യമാക്കുന്നവർ അവരുടെ പ്രായത്തെ ഏറെ പരിഗണിക്കേണ്ടതുണ്ട്. ഇങ്ങനെ വിവിധ പ്രായക്കാർക്കുള്ള ആനുകാലികങ്ങൾ ഇന്ന് മലയാളത്തിൽ ധാരാളമുണ്ട്.

ആസൂത്രിതമായ ശാസ്ത്രവിജ്ഞാനവിതരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രസ്ഥാനമായ ശാസ്ത്ര സാഹിത്യപരിഷത്ത് കുട്ടികൾക്ക് വേണ്ടി പ്രസിദ്ധീകരിക്കുന്ന മാസികകളാണ് യൂറീക്ക, ശാസ്ത്രകേരളം, എന്നിവ. കുട്ടികളിൽ ശാസ്ത്രതാൽപ്പര്യവും വിജ്ഞാനവും വളർത്താനും വിനോദം പകരാനും പ്രസ്തുത മാസികകൾക്ക് കഴിയുന്നുണ്ട്.

കളിക്കുടുക്ക, മിന്നാമിന്നി, തളിര്, വിദ്യാരംഗം, കുട്ടികളുടെ ദീപിക, തത്തമ്മ, ബാലയുഗം, ചങ്ങാതി, ബാലരമ ഡൈജസ്റ്റ് തുടങ്ങി ഒട്ടനവധി ആനുകാലികങ്ങൾ കുട്ടികളെ ലക്ഷ്യമാക്കി പ്രസിദ്ധീകരിക്കുന്നുണ്ട്. കുറ്റാന്വേഷണ കഥകളും മന്ത്രവാദകഥകളും, ജന്തുകഥകളും ഒക്കെ മിക്കവാറും എല്ലാ ബാലമാസികകളിലും ദ്വൈവാരികകളിലും കാണാം. സ്കൂൾ പാഠപുസ്തകങ്ങളിലൂടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും നിരവധി ജീവിതമൂല്യങ്ങൾ കുട്ടികൾ സ്വായത്തമാക്കണമെങ്കിൽ അവയിൽ രചന നിർവഹിക്കുന്നവരും അവർക്ക് അത് തിരഞ്ഞെടുത്ത് നൽകുന്നവരും ഏറെ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

*ആനുകാലികങ്ങളെ അവയുടെ ഒരു ലക്കം പ്രസിദ്ധീകരിച്ച് അടുത്തലക്കം പ്രസിദ്ധീകരിക്കുന്ന തിനിടയിലുള്ള കാലദൈർഘ്യം മുൻനിർത്തി വാരിക, ദ്വൈവാരിക, മാസിക, ദ്വൈമാസിക, ത്രൈമാസിക, അർധവാർഷികം, വാർഷികം എന്നിങ്ങനെ വർഗീകരിക്കാവുന്നതാണ്.*

മലയാളത്തിലെ പ്രമുഖ ദിനപ്പത്രങ്ങൾ ബാലസാഹിത്യത്തിനായി പ്രത്യേകം പേജുകൾ തന്നെ മാറ്റി വച്ചിട്ടുണ്ട്. പഠനപ്രവർത്തനങ്ങളെ സഹായിക്കുന്നവയും, ദിനാചരണങ്ങൾക്കായി കുട്ടികളെ തയാറാക്കുന്നവയും അധികവായനയ്ക്കായുള്ളവയും തുടങ്ങി ബാലസാഹിത്യത്തിന്റെ വിവിധ മേഖലകളിലൂടെ കടന്നുപോകുന്നവയാണ് ആനുകാലികങ്ങളിലെയും ദിനപ്പത്രങ്ങളിലെയും ബാലപംക്തികൾ.

**അവയുടെ ഏതാനും മാതൃകകൾ**




*(പൂർണമല്ല. ഇതുപോലെ അനേകം ദിനപ്പത്രങ്ങളിൽ ധാരാളം ബാലപംക്തികൾ ഉണ്ട്. അവ കണ്ടെത്തുക)*

**പ്രവർത്തനങ്ങൾ**

- സവിശേഷ പ്രാധാന്യമുള്ള, എലിമെന്ററി ക്ലാസുകളിൽ ഭാഷാബോധനത്തിന് സഹായിക്കുന്ന ആനുകാലികങ്ങളിലെ ബാലപംക്തികളുടെ ശേഖരണം.
- ശേഖരിച്ചവ തരംതിരിക്കൽ.
- മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ വിവിധ പ്രായക്കാർക്കായി അവർക്ക് അനുയോജ്യമായവ ഉൾപ്പെടുത്തി പതിപ്പു തയാറാക്കൽ.
- ഇവ എങ്ങനെ ക്ലാസ് റൂമിൽ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച് ചർച്ച.
- ചർച്ചാക്കുറിപ്പ് രേഖപ്പെടുത്തൽ.
- പരിചയപ്പെട്ട ബാലസാഹിത്യ കൃതികളെയും അവയുടെ പ്രത്യേകതകളെയും മനസ്സിലാക്കി സർഗാത്മകമായ ബാലസാഹിത്യ രചനയിലേർപ്പെട്ട് നല്ല സൃഷ്ടികൾ നിർമ്മിക്കണം.
- ഒരു അധ്യാപക വിദ്യാർഥി തന്നെ നിരവധി രചനകൾ നിർവഹിച്ചിട്ടുണ്ടെങ്കിൽ അവ ഒരു പതിപ്പ് ആക്കാം.
- ക്ലാസിന് മൊത്തമായി ബാലസാഹിത്യ രചനകളുടെ പതിപ്പ് നിർമ്മാണം.

എലിമെന്ററി ക്ലാസുകളിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ബാലസാഹിത്യകൃതികളെ പ്രയോജനപ്പെടുത്താം. ഇങ്ങനെ ആസൂത്രണം ചെയ്യുന്നതിന് മുമ്പ് ലോവർ പ്രൈമറി തലത്തിലും അപ്പർ പ്രൈമറി തലത്തിലും ഉള്ള കുട്ടികൾക്ക് എപ്രകാരമുള്ള രചനകളാണ് സ്വീകാര്യമാവുക എന്ന സാമാന്യധാരണ നേടേണ്ടതുണ്ട്.

### ലോവർ പ്രൈമറി

- പ്രീപ്രൈമറി തലം കഴിഞ്ഞ് എത്തുന്ന ആറ് മുതൽ പത്ത് വയസ്സുവരെ പ്രായമുള്ളവർ.
- ഏറെ കണ്ടറിയാനും കേട്ടറിയാനും അവസരം ലഭിച്ചവരാണിവർ (പണ്ടത്തെപ്പോലെ അല്ല)
- കുട്ടിക്കാല ജീവിതാനുഭവങ്ങളും നിർണായക സന്ദർഭങ്ങളും കഥാവസ്തുവായി വരുന്നവ സ്വീകരിക്കാൻ കഴിയും.
- ഇത്തരം കഥകളിൽ കഥ മുന്നോട്ടു നീങ്ങുന്നതിനുതകുന്ന സംഭാഷണവും ആകാം.
- വളച്ചുകെട്ടില്ലാത്തതും വ്യക്തതയും ലാളിത്യവും ഉള്ള രചനകൾ ഉൾക്കൊള്ളുന്നവരാണ് പ്രൈമറി തലം.
- പഠനം രസകരമാവുന്നതിന് അനുയോജ്യമായ സന്ദർഭങ്ങൾ സ്വീകരിക്കാം.

### അപ്പർ പ്രൈമറി

- പത്ത് മുതൽ പതിമൂന്ന് വയസ്സുവരെ പ്രായമുള്ളവർ
- സ്വന്തമായ ഒരു മാർഗത്തിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങുന്നു.
- സങ്കല്പിക്കാനുള്ള കഴിവു കൈവരുന്നത്കൊണ്ട് സാങ്കല്പികകഥകൾ ഉൾക്കൊള്ളാൻ കഴിയും.
- സാഹസിക കഥകളിലും പുരാണ കഥകളിലും ജീവചരിത്രകഥകളിലും ആകൃഷ്ടർ.
- ചുറുചുറുക്കുള്ള വാക്കുകളിൽ വളച്ചുകെട്ടില്ലാതെ കൊച്ചുകൊച്ചുവാക്യങ്ങളിൽ പറയുന്നതാണ് ഈ പ്രായക്കാർക്ക് ഇഷ്ടം.

### പ്രവർത്തനങ്ങൾ

- ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ അധ്യാപക സഹായികൾ പരിശോധിച്ച് അതിൽ ബാലസാഹിത്യരചനകളെ ഉപയോഗപ്പെടുത്തിയിരിക്കുന്നതിന്റെ സാംഗത്യം കണ്ടെത്തുക.
- പരിചയപ്പെട്ടതും സ്വയം തയാറാക്കിയതുമായ രചനകൾ ഏതൊക്കെ പാഠഭാഗങ്ങളിൽ പഠന പ്രവർത്തനങ്ങളായി ഉൾപ്പെടുത്താൻ കഴിയുമെന്ന് ചർച്ചചെയ്ത് കണ്ടെത്താം.
- ബാലസാഹിത്യരചനകളെ പ്രവേശക പ്രവർത്തനമായോ അല്ലാതെയോ ഉൾപ്പെടുത്തി ഒരു ദൈനംദിനാസൂത്രണം തയാറാക്കാം.

### റഫറൻസ്


1. എന്താണ് കുട്ടികളുടെ സാഹിത്യം? എഡിറ്റർ- എബ്രഹാം ജോസഫ്
   സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നവംബർ - 1983.
2. ബാലസാഹിത്യം തത്ത്വവും ചരിത്രവും എഡിറ്റർ- ഡോ:കുര്യാസ് കുമ്പളക്കുഴി
   സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 1995
3. ബാലവിജ്ഞാന സാഹിത്യരചന - പാല.കെ.എം.മാത്യു
   സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 2004
4. കുട്ടികളുടെ മനസ്സും ബാലസാഹിത്യവും - ഡോ:പ്രഭാകരൻ പഴശ്ശി
   സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 2018
5. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ബാലസാഹിത്യ കൃതി - ചീഫ് എഡിറ്റർ- സി.ജി.ശാന്തകുമാർ
   സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
6. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ- പ്രൊഫ.എരുമേലി പരമേശ്വരൻപിള്ള
   കറന്റ് ബുക്സ് 2006
7. സമ്പൂർണ മലയാള സാഹിത്യചരിത്രം- എഡിറ്റർ പ്രൊഫ.പന്മന രാമചന്ദ്രൻനായർ
   കറന്റ് ബുക്സ് 2008


***********